ANRIA's

# ക്യാൻവാസ്

**Angamaly NRI Association U.A.E.**



Angamaly Ayyampuzha Kalady Kanjoor
Karukutty Koratty Malayattoor-Neeleeswaram Manjapra
Mookkannoor Nedumbassery Parakkadavu Sreemoolanagaram Thuravoor

* Private circulation only

# Kool Benefits. Titanium Offers.




*Get the best of all worlds. In family clubbing, fine dining and holidaying.*

*The Country Club, India opens a whole new world of dining and clubbing while also bringing the favourite holiday experience of South Asia closer to you. With 55 owned properties, 158 franchisee resorts and 170 affiliations across India and around the world, The Country Club Group of Hotels & Clubs are a network of great holiday destinations. What's more, when you become a Country Club Kool Global and Global Titanium Member, you can enjoy great deals and discounts* at The Country Club Hotel, Dubai.*

**For further information/registration,**

sms club to 6057
Toll Free: 8005582
www.countryclubdubai.com

**In case of credit card payments for membership, you can avail of interest free, easy installments with select banks only.***

# തുടക്കം...



Roy Xavier


## Editorial Board

### Chief Editor

Roy Xavier
Karukutty

### Advisor

Biju Abel Jacob
Neeleeswaram

### Board Members

Robin Augustin
Neeleeswaram

O. P. Thomas
Kottamam

Jestine Thomas
Kodussery

T. D. Reji
Nedumbassery


മരുഭൂമിയിൽ മഴ പെയ്തിറങ്ങുമ്പോൾ നമ്മുടെ മനം കുളിർക്കാറുണ്ട്. അങ്കമാലി പരിസര പ്രവാസികളുടെ ഗൾഫ് മണ്ണിലെ മനസ്സിന്റെയൊരു സുഖകരമായ തണുപ്പാണ് നമ്മുടെ ഈ മഹത്തായ കൂട്ടായ്മ. പ്രയാണം വർഷങ്ങൾ പിന്നിടുമ്പോൾ കൂടുതൽ തേച്ചുമിനുക്കപ്പെടുകയും പ്രശോഭിതമാവുകയും ചെയ്യുന്ന ഒരൊന്നിക്കൽ. കുറ്റപ്പെടുത്താനാവാത്ത വാണിജ്യതൽപരത ഗൾഫ് ജീവിതത്തിന്റെ ഒരു യഥാർത്ഥ മുഖമാണ്. യാന്ത്രികത അധിനിവേശം നടത്തുന്ന വ്യക്തി ജീവിതങ്ങൾ, ഓടിയോടി തളർന്നു വീഴുന്നവർ, ഭാഗ്യം തുണച്ച് ബാങ്ക് അക്കൗണ്ട് കനക്കുന്നവർ, ഇരുന്നു വന്നവരുടെ ശീതീകരിച്ച പെട്ടിയിലെ തിരിച്ചുപോക്ക്. പ്രവാസത്തിന്റെ അർത്ഥവും അർത്ഥരാഹിത്യങ്ങളും. ഇവിടെ ബാക്കിയാവുന്നതെന്ത്?

നാട്ടിൽ തീർത്ത കോൺക്രീറ്റ് സൗധമോ?
ബാങ്ക് വായ്പയുടെ പിൻബലത്തിൽ പ്രദർശിപ്പിക്കുന്ന പളപളപ്പോ?
ധരിക്കുന്ന മുന്തിയ വസ്ത്രങ്ങളോ?
ഉതപ്പുണ്ടാക്കുന്ന കെട്ടു കാഴ്ചകളോ?

ആയുസ്സിന്റെ, ജീവിതോർജ്ജത്തിന്റെ മികച്ചൊരു പങ്ക് എരിച്ചു കളയുന്ന ഈ പ്രവാസ മണ്ണിന്റെ സ്മൃതിപഥത്തിൽ ബാക്കിയാവുക  ഈ ചങ്ങാത്തതീരം മാത്രമാകാം.

ആൻറിയ (അങ്കമാലി NRI അസോസിയേഷൻ) യുടെ മറ്റൊരു ഓർമ്മ കുറിപ്പിന്റെ അക്ഷര കൂട്ടത്തിലേക്കു സ്വാഗതം.

*ചീഫ് എഡിറ്റർ*

# ഇതിലുള്ളത്...

- കഥ
- കവിത
- ലേഖനം
- ചിത്രരചന
- വാർത്തകൾ
- നിരൂപണം
- കായികം
- ആക്ഷേപ ഹാസ്യം
- ഓർമ്മക്കുറിപ്പുകൾ
- സന്ദേശങ്ങൾ
- ഗ്രാമവിശേഷങ്ങൾ
- വാർഷിക റിപ്പോർട്ട്

like us on facebook

**www.angamalynri.com**





സണ്ണി ജോസഫ്, കാലടി
പ്രസിഡന്റ്

# മുന്നോട്ട്.....

അങ്കമാലി NRI അസോസിയേഷൻ 6ാം വർഷികം ആഘോഷിക്കുന്ന ഈ അവസരത്തിൽ തികഞ്ഞ ചാരിതാർത്ഥ്യത്തോടെയാണ് ഞാൻ ഈ കുറിപ്പെഴുതുന്നത്. പ്രവർത്തനനിരതമായ ഒരു വർഷം കൂടി നാം പിന്നിട്ടിരിക്കുന്നു. "ANRIA' യുടെ പ്രവർത്തനങ്ങൾ പുതിയ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നാം നടത്തിയ ബോധപൂർവ്വമായ ശ്രമങ്ങൾ വലിയ ഒരളവുവരെ വിജയം കണ്ടിരിക്കുന്നു. U.A.E.യിലെ പ്രവാസ സമൂഹത്തിനിടയിൽ ഏറെ അറിയപ്പെടുന്ന കൂട്ടായ്മയായി നാം മാറിക്കഴിഞ്ഞു. സംഘടനയ്ക്ക് കൃത്യമായ ദിശാബോധം കൈവരിക്കുന്നതിന് ഈ കാലയളവിൽ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

അബുദാബി ശാഖയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചതോടുകൂടി അസേസിയേഷൻ വളച്ചയുടെ ഒരു പുതിയ ഘട്ടത്തിലേക്ക് കടന്നിരിക്കുന്നു. ഈ വർഷം തുടങ്ങിയ 'ANRIA CARE' എന്ന ചാരിറ്റി ഫണ്ട് ജീവകാരുണ്യ പ്രവർത്തനരംഗത്തെ നിർണ്ണായകമായ ഒരു കാൽവെയ്പ്പാണ്. എല്ലാ അർത്ഥത്തിലും U.A.E യിലുള്ള അങ്കമാലി മേഖല യിലെ പ്രവാസി സമൂഹത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്കായി നിലകൊള്ളുക എന്ന 'ANRIA' യുടെ സ്ഥാപിത ലക്ഷ്യത്തിലേക്ക് ഒരു പടികൂടി നാം അടുത്തിരിക്കുന്നു. വിവരസാങ്കേതിക വിദ്യയുടെയും സോഷ്യൽ നെറ്റ് വർക്കിന്റെയും കുതിച്ചുചാട്ടത്തോടൊപ്പം നിന്ന് സംഘടനയുടെ പ്രവർത്തനങ്ങളോട് അതിന്റെ സാധ്യതകളെ സംയോജിപ്പിക്കാൻ വേണ്ടി സംഘടനയുടെ വെബ് സൈറ്റ് നവീകരിക്കുകയും, ഗ്രൂപ്പ് ഇമെയിൽ സംവിധാനം വ്യാപകമായി ഉപയോഗ പ്പെടുത്തുകയും ചെയ്ത് സംഘടനയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ കൃത്യമായി നേരിട്ട് അംഗങ്ങളി ലേക്കെ ത്തി ക്കുന്നതിനായി നാം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സംഘടനയുടെ പേരിൽ Face book പേജ് ആരംഭിച്ചതും ഈ ലക്ഷ്യം മുൻനിറുത്തിയാണ്. ഇ-സാങ്കേതികവിദ്യയുടെ സാധ്യതകൾ സംഘടനാ പ്രവർത്തനങ്ങളിൽ ഇനിയും ഉപയോഗപ്പെ ടുത്താൻ നമുക്കാകും.

ഇനിയും ഏറെക്കാര്യങ്ങൾ നമുക്ക് ചെയ്യാനുണ്ട്. സംഘടനയുടെ ശാഖകൾ U.A.E യിലെ എല്ലാ എമിറേറ്റുകളിലും ആരംഭിച്ച് അങ്കമാലി മേഖലയിലെ മുഴുവൻ പ്രവാസിസമൂഹത്തേയും ഉൾക്കൊള്ളുന്ന ഒരു മഹാപ്രസ്ഥാനമായി മാറാൻ നമ്മുടെ ഭാവി പ്രവർത്തനങ്ങളിലൂടെ നമുക്ക് കഴിയും എന്ന് എനിക്കുറപ്പുണ്ട്. അടിസ്ഥാന മേഖലകളിൽ ജോലി ചെയ്യുന്ന ആളുകൾക്ക് സഹായമെത്തിക്കുക എന്ന ലക്ഷ്യത്തിന് ഊന്നൽ നൽകിക്കൊണ്ട് ജീവകാരുണ്യ പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കേണ്ടതുണ്ട്. ഉത്തരവാദിത്വമുള്ള പ്രവാസിസമൂഹമെന്ന നിലയിൽ നാട്ടിലെ സാമൂഹ്യരംഗത്ത് ശ്രദ്ധേയമായ ഇടപെടലുകൾ നടത്താൻ നമുക്കു കഴിയണം. ചുരുങ്ങിയപക്ഷം അങ്കമാലി മേഖലയിൽ നടക്കുന്ന വികസനക്ഷേമ പ്രവർത്തനങ്ങളിലും സാമൂഹ്യ പ്രവർത്തനങ്ങളിലും നമ്മുടെ പങ്ക് നിർവ്വഹിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്നത് നാം വിസ്മരിച്ചുകൂടാ.

'ANRIA' യുടെ കെട്ടുറപ്പ് കൂടുതൽ ശക്തമാക്കിയും പ്രവർത്തനങ്ങൾ പൂർവ്വാധികം ഊർജ്ജസ്വലമാ ക്കിയും പ്രവാസ ഭൂമിയിലെ ഈ സൗഹൃദക്കൂട്ടായ്മക്ക് കൂടുതൽ അർത്ഥങ്ങൾ നൽകാൻ ഇനിയുള്ള പ്രവർ ത്തനങ്ങളിലൂടെ നമുക്ക് കഴിയും എന്ന ഉറച്ച ശുഭാപ്തി വിശ്വാസത്തോടെ നിറുത്തട്ടെ.

*With Best Compliments From*

# *Stable Marine Pvt.Ltd.*

'AMRITHA ' PlotNo.129 HB,Panampilly Nagar,
Kochi-682 036.INDIA
Ph: Off: 0484 4011947
E-mail: stablemaraine@gmail.com




**Stable Marine Pvt.Ltd** is an Engineering Enterprise based at Cochi in the southern Indian state of Kerala Our line of activity include Marine Project evaluation. consultancy execution of turnkey contracts and manpower assistance to the ship building, ship repair, oil rig maintanance and process industry sectors.

**On going projects:**
Fabrication of block assembly for ships various outfitting jobs at Cochin shipyad Ltd. and M/s Dubai drydocks,Dubai as oversease contractor.

**Ship Building , Ship Maintenance,Engineering, Steel Fabrication**
**Human Resource and Consultancy**

Registerd Office: DD Milestone Building,Room no. 110,2nd Floor,Kadavanthara ,Kochi-682 020
Ph: 0484-4024254, 4024397, Fax-4011978, 4024739

# ആൻറിയ പ്രവർത്തന വർഷ റിപ്പോർട്ട്



**വിനോദ്കുമാർ** അങ്കമാലി, ജനറൽസെക്രട്ടറി

അത്യധികം ചാരിതാർത്ഥ്യത്തോടും അഭിമാനത്തോടും കൂടി അങ്കമാലി NRI അസോസിയേഷന്റെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ ഒരു അവലോകനം ഇവിടെ അവതരിപ്പിക്കുന്നു.

ഈ ഭരണസമിതി 3.06.2011 ന് അധികാരമേൽക്കുമ്പോൾ വ്യക്തമായ ചില ഉദ്ദേശലക്ഷ്യങ്ങൾ ഉണ്ടായിരുന്നു. കഴിയാവുന്നത്ര ആളുകളെ നമ്മുടെ സംഘടനയുമായി അടുപ്പിക്കുക. പ്രവാസ സമൂഹത്തിൽ സാംസ്ക്കാരികമായും സാമൂഹികവുമായ ഇടപെടലുകൾ നടത്തുക, സംഘടനയ്ക്ക് ഒരു 'വിഷൻ സ്റ്റേറ്റ്മെന്റ്' പ്രഖ്യാപിക്കുക. ചാരിറ്റി പ്രവർത്തനങ്ങൾ ശക്തമാക്കുക, അബുദാബി ചാപ്റ്റർ ആരംഭിക്കുക എന്നിവ അവയിൽ ചിലതായിരുന്നു. മുകളിൽ പറഞ്ഞവയോട് ഏറെക്കുറെ നീതി പുലർത്താൻ സാധിച്ചു എന്നു വിശ്വസിച്ചുകൊണ്ട് തുടരുന്നു.

**വാർഷികാഘോഷം 2011**

29.04.2011ന് കരാമ സെന്ററിൽവച്ച് വാർഷികദിനം വിവിധ കലാപരിപാടികളോടുകൂടി ആഘോഷിച്ചു. ANRIA അംഗങ്ങളും, കുടുംബാംഗങ്ങളും എല്ലാം അടങ്ങുന്ന നിറഞ്ഞ സദസ്സിൽ അവതരിപ്പിക്കപ്പെട്ട പരിപാടികൾ ഏറെ ആസ്വാദ്യമായിരുന്നു.

**സിംപോസിയം : മാറുന്ന മലയാളി**



അസോസിയേഷന്റെ സാംസ്ക്കാരിക ഇടപെടലുകളുടെ ഭാഗമായി 2011 മെയ് 20ന് കരാമ സെന്ററിൽ വച്ച് നടത്തപ്പെട്ട 'മാറുന്ന മലയാളി' (Changing Outlook of Malayalee) എന്ന സിംപോസിയം പ്രവാസ സമൂഹത്തിന്റെ സവിശേഷ ശ്രദ്ധ ആകർഷിച്ചു. ശ്രീ. ഏ.പി. ഷംസുദ്ദീൻ ബിൻ മൊഹദീൻ ഉദ്ഘാടനം ചെയ്ത സെമിനാറിൽ യശഃശ്ശരീരനായ ഡോ. മുരളീകൃഷ്ണ മുഖ്യപ്രഭാഷകനായിരുന്നു. ദുബായിലെ സാഹിത്യസാംസ്ക്കാരിക മേഖലകളിലെ പ്രമുഖർ പങ്കെടുത്ത ചർച്ചയിൽ ശ്രീ. ബിജു ആബേൽ ജേക്കബ് മോഡറേറ്ററായിരുന്നു. ശ്രീ. വി.എം. സതീഷ്, ശ്രീ. ബഷീർ തിക്കൊടി, ശ്രീ. റാംമോഹൻ പാലിയത്ത് എന്നിവർ തങ്ങളുടെ കാഴ്ചപ്പാടുകൾ പങ്കുവച്ചു.

**മെഡിക്കൽ ക്യാമ്പ്**



അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഈ വർഷം രണ്ടു മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാൻ സാധിച്ചു 2011 ജൂലായ് ഒന്നിന് ആസ്റ്റർ മെഡിക്കൽ സെന്ററുമായി സഹകരിച്ച് ജബൽ അലി ഇൻഡസ്ട്രിയൽ ഏരിയായിൽ നടത്തിയ ക്യാമ്പിൽ മുന്നൂറോളം പേർ പങ്കെടുത്തു. അവർക്ക് സൗജന്യമായി ഔഷധങ്ങളും വിതരണം ചെയ്തു.



2011 ഒക്ടോബർ 21ന് അൽഖൂസിലെ അൽ – അഖിലി ക്യാമ്പിൽ, ബദർ, അൽസമ മെഡിക്കൽ സെന്ററുമായി ചേർന്ന് സംഘടിപ്പിച്ച രണ്ടാമത്തെ ക്യാമ്പിലും നല്ല ജനപങ്കാളിത്തം ഉണ്ടായിരുന്നു.

**ടോക്ക് ഷോ – "ഒരു നല്ല നാളേക്കു വേണ്ടി"**



വർഷങ്ങൾ നീണ്ട പ്രവാസജീവിതത്തിനൊടുവിൽ തന്റേയും കുടുംബത്തിന്റെയും ഭാവി ജീവിതത്തിനു വേണ്ട സമ്പാദ്യമൊന്നുമില്ലാതെ സാധാരണ പ്രവാസി കഷ്ടപ്പെടുന്ന അവസ്ഥയാണ് ഇന്നുള്ളത്. സമ്പാദ്യശീലങ്ങളെക്കുറിച്ചും, സുരക്ഷിതവും, ലാഭകരവുമായ നിക്ഷേപങ്ങളെക്കുറിച്ചുമുള്ള അറിവില്ലായ്മയാണ് ഇതിനു കാരണം.

പ്രവാസി ഇന്ത്യക്കാർക്കിടയിൽ ബോധവൽക്കരണം ലക്ഷ്യമിട്ടുകൊണ്ട് ANRIA 'ഒരു നല്ല നാളേക്കു വേണ്ടി' എന്ന ഒരു സെമിനാർ 2011 ജൂലൈ 29ന് കരാമ സെന്ററിൽ വച്ച് നടത്തുകയുണ്ടായി. പ്രശസ്ത സാമ്പത്തിക ഉപദേശകൻ ശ്രീ. കെ. വി. ഷംസുദ്ദീൻ നയിച്ച സെമിനാർ വളരെ വിജ്ഞാനപ്രദമായിരുന്നു.

**ഇഫ്താർ – 2011**



പുണ്യമാസത്തിന്റെ വിശുദ്ധിയിലും നൻമയിലും പങ്കുചേർന്നുകൊണ്ട് സോനാപൂർ അൽ അബ്ബാർ ലേബർ ക്യാമ്പിൽ നാം നടത്തിയ ഇഫ്താർ വിരുന്നിൽ 600 ൽപ്പരം ഭക്ഷണകിറ്റുകൾ വിതരണം ചെയ്തു.

**NRI മീറ്റ്**

ഓഗസ്റ്റ് 21ന് എസ്.ബി.ടി. അങ്കമാലി നടത്തിയ NRI മീറ്റിൽ ANRIA പ്രസിഡന്റും മറ്റു ചില അംഗങ്ങളും പങ്കെടുത്തു.

**ഓണോത്സവം 2011**




പ്രവാസ ജീവിതത്തിനിടയിൽ നമുക്ക് നഷ്ടപ്പെട്ടു എന്നു നാം കരുതുന്ന എന്തൊക്കെയോ ചിലത് വീണ്ടെടുക്കുക എന്ന ലക്ഷ്യത്തോടെ "ഓണോത്സവം 2011 സെപ്തംബർ 23ന് ഫിലഡൽഫിയ സ്കൂളിൽ വച്ച് വർണ്ണാഭമായി കൊണ്ടാടി. അങ്കമാലി എം.എൽ.എ. ശ്രീ. ജോസ് തെറ്റയിൽ മുഖ്യാതിഥി ആയിരുന്നു. സെലിബ്രിറ്റി ഗസ്റ്റായി ശ്രീമതി ഷാലു ഫൈസൽ പങ്കെടുത്തു. അംഗങ്ങൾ മത്സര ബുദ്ധിയോടെ ഒരുക്കിയ പൂക്കളങ്ങളുടെ വർണ്ണഭംഗിയിൽ കാണികളുടെ മനം നിറഞ്ഞു. ചെണ്ടമേളം, തെയ്യം, കാവടി, പുലികളി, താലപ്പൊലി എന്നിവയുടെ അകമ്പടിയോടെ മഹാബലിയെ വരവേറ്റു നടത്തിയ സാംസ്ക്കാരിക ഘോഷയാത്ര ഏറെ ശ്രദ്ധയാകർഷിച്ചു. തിരുവാതിര, കേരള നടനം, ഓട്ടംതുള്ളൽ, ഒപ്പന, കോൽകളി, സിനിമാറ്റിക് ഡാൻസ്, മിമിക്രി, മോണോ ആക്ട്, ഓണപ്പാട്ടുകൾ തുടങ്ങി വൈവിധ്യങ്ങളായ കലാപരിപാടികൾ നിറഞ്ഞ സദസ്സിനു മുൻപിൽ അരങ്ങേറി. സമൃദ്ധമായ ഓണസദ്യയും ഉണ്ടായിരുന്നു.

**വെബ്സൈറ്റ്**

പുതിയ രൂപത്തിലും ഭാവത്തിലും ഉള്ള ANRIA Website, അസോസിയേഷന്റെ പൂർണ്ണനിയന്ത്രണത്തിൽ ആക്കിക്കൊണ്ട് പ്രകാശനം ചെയ്തു.

**തളിര് – 2011**



2011 നവംബർ 26ന് ഖിസൈസ് റോയൽ പാലസ് ഹോട്ടലിൽ വച്ച് വിപുലമായ ഒരു ചിൽഡ്രൻസ് ക്യാമ്പ് നടത്തപ്പെട്ടു. ANRIA കുടുംബാംഗങ്ങളും അല്ലാത്തവരുമായ എഴുപതോളം കുട്ടികൾ പങ്കെടുത്ത ഈ ക്യാമ്പ് വളരെയേറെ പ്രശംസ പിടിച്ചു പറ്റുകയും പ്രവാസ സമൂഹത്തിന്റെ ശ്രദ്ധയാകർഷിക്കുകയും ചെയ്തു. പ്രസിദ്ധ കോർപ്പറേറ്റ് ട്രയിനറും, കവിയുമായ അഡ്വ. ഷബീർ ഉമ്മർ ആണ് വിനോദവും വിജ്ഞാനവും ഇടകലർന്ന ഈ ക്യാമ്പിന് നേതൃത്വം നല്കിയത്.



കുട്ടികളിൽ മാതൃഭാഷയോടുള്ള താല്പര്യം വളർത്തുന്നതിനായി ശ്രീമതി. അനിതാ രവീന്ദ്രൻ നടത്തിയ "മധുരം മലയാളം" എന്ന വിഭാഗം ശ്രദ്ധേയമായി. ശ്രീ. സദാനന്ദൻ നടത്തിയ ചിത്രരചനാക്യാമ്പും ശ്രീ സുബ്രഹ്മണ്യൻ (ദല) ശ്രീ. ഷബിൽ എന്നിവർ നയിച്ച നാടൻ പാട്ട് എന്നിങ്ങനെ രസകരങ്ങളായ ഒട്ടേറെ പരിപാടികൾ ഉണ്ടായിരുന്നു. പങ്കെടുത്ത കുട്ടികൾക്ക് സർട്ടിഫിക്കറ്റും സമ്മാനങ്ങളും വിതരണം ചെയ്തു.

**ഡെസെർട്ട് സഫാരി**



2011 ഡിസംബർ 16ന് 42 പേരോളം പങ്കെടുത്ത ഡെസർട്ട് സഫാരി നടന്നു. ഡ്യൂൺ ബാഷിംഗ്, ക്യാമൽ റൈഡിംഗ്, ബെല്ലി ഡാൻസ് തുടങ്ങിയ അനുഭവങ്ങൾ ആവേശകരമായിരുന്നു.

**ക്രിസ്മസ്, ന്യൂ ഇയർ ആഘോഷങ്ങൾ**



ക്രിസ്മസ്, ന്യൂ ഇയർ, വിമൻസ് ഡേ എന്നിവ ഒരുമിച്ച് 2012 ജനുവരി 27ന് ക്രീക് പാർക്കിൽ വച്ച് ആഘോഷിച്ചു. ANRIA കുടുംബാംഗങ്ങളുടെ കൂട്ടായ്മയും സ്നേഹവും നിറഞ്ഞ ആ അന്തരീക്ഷത്തിൽ നടത്തിയ കളികളും മത്സരങ്ങളുമെല്ലാം ആ ദിവസത്തെ അവിസ്മരണീയമാക്കി.

**വിഷൻ സ്റ്റേറ്റ്മെന്റ്**

ഏറെക്കാലമായി ചർച്ച ചെയ്യപ്പെട്ടിരുന്ന അസോസിയേഷന്റെ വിഷൻ സ്റ്റേറ്റ്മെന്റ് ജനുവരി 13ന് നടന്ന എക്സി. കമ്മിറ്റിയിൽ അവതരിപ്പിക്കുകയും കമ്മിറ്റി അതിനെ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തു.

**അബുദാബി ചാപ്റ്റർ**

നമ്മുടെ ചിരകാലസ്വപ്നമായ അബുദാബി ചാപ്റ്റർ ഫെബ്രുവരി 17ന് ബഹു. അങ്കമാലി എം.എൽ.എ. ജോസ് തെറ്റയിൽ ഉദ്ഘാടനം ചെയ്തു. അബുദാബി കേരള സോഷ്യൽ സെന്റർ ഹാളിൽ നടന്ന ചടങ്ങിൽ അബുദാബിയിലുള്ള അങ്കമാലിക്കാരുടെ നിറഞ്ഞ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ഈ ചടങ്ങിൽ അബുദാബിയിൽ നിന്നുള്ള ANRIA യുടെ അഞ്ച് സംഘാടകരെ തിരഞ്ഞെടുത്തു. ഒട്ടേറെ കലാപരിപാടികളും ഉണ്ടായിരുന്നു.

**മെമ്പർഷിപ്പ് കാമ്പെയിൻ**

എല്ലാ വിഭാഗത്തിലുംപ്പെട്ട അങ്കമാലിക്കാരെ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ഉദ്ദേശത്തോടു കൂടി പരസ്യങ്ങളിലൂടെയും ഫോണിലൂടെയും കഴിയുന്നത്ര ആളുകളുമായി ബന്ധപ്പെട്ടു. അതിന് വളരെ നല്ല പ്രതികരണമായിരുന്നു ലഭിച്ചത്.

**ചാരിറ്റി ഡ്രൈവ്**




നമ്മുടെ ചാരിറ്റി പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ‘ആൻറിയ കെയർ” എന്ന ഡോക്യൂമെന്റ് പ്രകാശനം ചെയ്യുകയും വിതരണം ചെയ്യുകയും ചെയ്തു. ഈ വർഷം താഴെ പറയുന്നവർക്ക് ‘ആൻറിയ’യുടെ സഹായം എത്തിക്കാനായി.

1. ശ്രീമതി. ജിഷ സെബി
2. കുമാരി. നികിത. (ഹൃദയശസ്ത്രക്രിയയ്ക്ക്)
3. ശ്രീ. റോബിൻ പോൾ


**ഫുട്ബോൾ ടൂർണമെന്റ്**



2012 മാർച്ച് 9, 16 തീയതികളിൽ ANRIA യുടെ ആഭിമുഖ്യത്തിൽ ഫുട്ബോൾ ടൂർണ്ണമെന്റ് നടത്തി. പാറക്കടവ് ടീം വിജയികളായി.

**സുവനീർ**

അംഗങ്ങളുടെ സർഗ്ഗാത്മക സൃഷ്ടികൾ പ്രകടിപ്പിക്കുവാനുള്ള വേദിയായി ആൻറിയ സുവനീർ വാർഷികദിനത്തിൽ പ്രകാശനം ചെയ്തു. അസോസിയേഷനു പുറത്തു നിന്നുള്ള പ്രതിഭകളുടെയും സൃഷ്ടികൾ കൊണ്ട് സമ്പന്നമാണ് ഇക്കൊല്ലത്തെ സുവനീർ. പുതിയ കാഴ്ചപ്പാടുകളിൽ ഊന്നിയുള്ള ചിട്ടയായ പ്രവർത്തനം അസോസിയേഷന് നവീനമായ അനുഭവങ്ങൾ സമ്മാനിച്ചു. ഈ കാഴ്ചപ്പാടുകൾ നമ്മുടെ സംഘടനയുടെ വളർച്ചയ്ക്ക് ഒരു പുതിയ ദിശാബോധം നല്കിയിട്ടുണ്ടെന്നാണ് ഈ കമ്മിറ്റിയുടെ വിശ്വാസം. നവീനമായ പ്രവർത്തനശൈലികളും ആശയങ്ങളും ഏതൊരു സംഘടനയുടെയും വളർച്ചക്ക് അത്യന്താപേക്ഷിതമാണ്. വരും വർഷങ്ങളിൽ നമ്മുടെ ഈ കൂട്ടായ്മ പുതിയ ഉയരങ്ങൾ കീഴടക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.


Finest
Quality Fabrics of
Your Choice
MAYOORI
TEXTILE TRADING
DUBAI - TEL. 04 3355769



# പ്രവാസ മാനവികതയുടെ ഒത്തൊരുമ



ബിജു ആബേൽ ജേക്കബ്, നീലീശ്വരം,
മുൻ പ്രസിഡന്റ്, ആൻറിയ

ഗൾഫ് മേഖലയിൽ എന്തിനാണ് കൂണുകൾ മുളക്കുന്നതുപോലെ പ്രാദേശിക സംഘടനകൾ പിറവിയെടുക്കുന്നത്? വാർഡു തലത്തിൽ, പഞ്ചായത്തുതലത്തിൽ, ഒരു റോഡു വശങ്ങളിൽ താമസിക്കുന്നവരുടെ പേരിൽ ഗൾഫിൽ മലയാളി കൂട്ടായ്മകൾ രൂപപ്പെടുന്നതു കൊണ്ട് എന്തു പ്രയോജനം. പത്തു വർഷങ്ങൾക്കു മുൻപ് ഗൾഫിൽ ഒരു മാധ്യമ പ്രവർത്തകനായി എത്തുമ്പോൾ റിപ്പോർട്ടുകളിലൂടെ, ഫീച്ചറുകളിലൂടെ ശക്തമായി ചോദിച്ച ഒരു കാര്യമായിരുന്നു ഇത്. ഈയുള്ളവൻ ഉൾപ്പെടെയുള്ള മാധ്യമ പ്രവർത്തകർ അന്ന് ഈ ചോദ്യം ഉയർത്തുന്നതിന് അടിസ്ഥാനമായി മാറിയത്, ഇതേ സ്വഭാവത്തിലുള്ള ചില കൂട്ടായ്മകൾ എങ്കിലും പത്രങ്ങളുടെ മൂന്നാം പേജ് പ്രസ്താവനകളിലും ആളില്ലാ പരിപാടികളുടെ വർണ ചിത്രങ്ങൾ മാധ്യമങ്ങളിൽ നിറക്കുന്നതിലും, റേഡിയോയിലും ടെലിവിഷനിലും വല്ലപ്പോഴും തങ്ങളുടെ പേര് ഉയർന്നു കേൾക്കുന്നതിലും മാത്രം അഭിരമിച്ചപ്പോഴാണ്. എന്നാൽ അധികം കഴിയും മുൻപ് ഇത്തരമൊരു ചോദ്യം മറ്റു ചില യഥാർത്ഥ്യങ്ങളുടെ പശ്ചാലത്തിൽ ഞങ്ങൾക്ക് പിൻ വലിക്കേണ്ടി വന്നു.

ആ ഒരു തൊട്ടറിവ് ഇപ്രകാരമായിരുന്നു. നമുക്കു ചുറ്റും, ഗൾഫിൽ ഒട്ടവധി വ്യവസ്ഥാപിതമായ ഇന്ത്യൻ കൂട്ടായ്മകൾ ഉണ്ട്. വലിയ ആസ്തിയുടെ പിൻബലത്തിൽ, സ്കൂൾ നടത്തിപ്പ് പോലുള്ളവയിൽ നിന്ന് ലഭിക്കുന്ന വൻ വരുമാനത്തിന്റെ ശക്തിയിൽ മറ്റു സാമ്പത്തിക സ്രോതസുകളുടെ പിൻബലത്തിൽ പ്രവർത്തനം മുന്നോട്ടുകൊണ്ടു പോകുന്ന വൻകിട ഇന്ത്യൻ അസോസിയേഷനുകൾ ഇത്തരം വീമ്പിളക്കി പ്രസ്ഥാനത്തേക്കാൾ എത്രയോ മാതൃകാപരമായ പ്രവർത്തനങ്ങളാണ്. പ്രാദേശിക സ്വഭാവത്തിലുള്ള കൂട്ടായ്മകൾ മിക്കവയും സമൂഹത്തിനായി സംഭാവന ചെയ്യുന്നത്. പ്രത്യേകിച്ച് ജീവകാരുണ്യ മേഖലയിൽ ഗൾഫിൽ നിന്നുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ച തുകയുടെ കണക്കെടുക്കുകയാണെങ്കിൽ വ്യവസ്ഥാപിത പ്രസ്ഥാനങ്ങളേക്കാൾ പ്രാദേശിക സ്നേഹം മുൻനിറുത്തി രൂപപ്പെട്ട കൂട്ടായ്മകൾ ഇക്കാര്യത്തിൽ ഗണ്യമായ സംഭാവന ചെയ്തതായി മനസ്സിലാക്കുവാൻ കഴിയും. ഈ തിരിച്ചറിവു തന്നെയാണ് മാധ്യമങ്ങളിൽ/ സമൂഹത്തിൽ ഇത്തരം കൂട്ടായ്മകൾക്ക് ഇപ്പോൾ ആദരണീയമായ ഒരു സ്ഥാനം നേടി കൊടുക്കുന്നത്.

ഒട്ടും ആകസ്മികമായിരുന്നില്ല അങ്കമാലി എൻ. ആർ. അസോസിയേഷന്റെ പിറവി. ദുബായിൽ പലവട്ടം പലവേദികളിൽ കൂടിക്കാഴ്ച നടത്തിയവർ പലരും നമ്മുടെ നാട്ടുകാരുടെ ഒരു കൂട്ടായ്മ വേണമെന്ന ആഗ്രഹം പങ്കുവെച്ചിരുന്നു. ഗൾഫ് ജീവിതത്തിന്റെ സ്വഭാവിക തിരക്കുകൾ മൂലം ഇത്തരമൊരാഗ്രഹത്തിന്റെ സഫലീകരണത്തിന് വീണ്ടും ഏറെ സമയം ആവശ്യമായി വന്നു. 2004 ജൂലൈ മാസത്തെ ഒരു സായാഹ്നം കരാമയിലെ ഒരു താമസമുറിയിൽ അങ്കമാലി കാലടി മേഖലയിലെ ഏതാനും യുവാക്കൾ ഒത്തു ചേർന്നു. ഈ സൗഹൃദ സദസാണ് നമുക്ക് എന്തു തന്നെയായ്ലും ഇത്തരമൊരു സ്വപ്നം യാഥാർത്ഥ്യമാക്കണമെന്ന ഉറച്ച തീരുമാനത്തിലേക്ക് എത്തിയത്. പിന്നീടാണ് കരാമസെന്ററിലെ ഇടനാഴിയിൽ സഹകാരികളുടെ യോഗം നടന്നതും തുടർന്ന് വിപുലമായ ഉദ്ഘാടന ചടങ്ങ് നടന്നതും.

നോക്കൂ.......

കരാമയിലെ ഒരു ചങ്ങാത്ത വേദിയിൽ നിന്നും പിറവിയെടുത്ത താരതമ്യേന ചെറിയൊരു കൂട്ടായ്മ എത്ര അത്ഭുതകരമായ നിലയിലാണ് വികാസം പ്രാപിച്ചതെന്ന്. പ്രാദേശിക സ്വഭാവത്തിന്റെ പരിമിതികളെ വ്യവസ്ഥാപിതമായ രീതികൾ അവലംബിച്ച് എത്ര മനോഹരമായ നിലയിലാണ് അങ്കമാലി എൻ. ആർ. ഐ അസോസിയേഷൻ മറികടന്നിരിക്കുന്നത്. കൃത്യമായ നിയമാവലി പിൻതുടരുമ്പോഴും മാനുഷിക സ്നേഹം മുൻ നിറുത്തുന്ന വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും അത് വിജയകരമായി നടപ്പിലാക്കുവാനും ഒന്നും തടസ്സം നിൽക്കുന്നില്ല. മലയാളികൂട്ടായ്മകളുടെ പ്രത്യേകിച്ച് ഗൾഫിന്റെ പശ്ചിത്തലത്തിൽ എന്നുമൊരു പ്രേതബാധ പോലെ പിൻ തുടരുന്ന ഒന്നാണ് അധികാരത്തർക്കം.

എന്നാൽ ഇത്തരമൊരു തർക്കത്തിന്റെ ചെറിയൊരു സ്പർശംപോലും ഈ കൂട്ടായ്മയിൽ ഒരുക്കലു മുണ്ടായില്ല എന്നത് സംഘടന യുടെ വളർച്ച മാത്ര മല്ല; മറിച്ച് ഗൾഫ് അങ്കമാലിക്കാരുടെ മാനസിക വികാസം കൂടിയാണ് അടയാളപ്പെടുത്തുന്നത്. തല മുതിർന്ന അംഗങ്ങൾ ഇത്തരം കാര്യങ്ങളിൽ എടുത്തു പറയേണ്ട ശ്രദ്ധയാണ് വെച്ചു പുലർത്തുന്നത്.

പ്രവാസത്തിൽ നിരവധി കാരണങ്ങൾ കൊണ്ട് ഇത്തരം കൂട്ടായ്മ നിർബന്ധമായി മാറുകയാണ്. പലവിധങ്ങളായ കാരണങ്ങൾകൊണ്ട് ഏറെ വ്യത്യ സ്തത പുലർത്തുന്ന ഒരു സാമൂഹിക വ്യവസ്ഥ യാണ് മലയാളികളുടേത്. വികസന സൂചികകളുടെ കാര്യത്തിൽ മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളോടല്ല, ലോകരാജ്യങ്ങളിലെ വികസിത സമൂഹങ്ങളോടാണ് നാം മത്സരിക്കുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, സാക്ഷരത, രാഷ്ട്രീയബോധം എന്നിവയുടെ കാര്യത്തിൽ നാം നടത്തിയ മുന്നേറ്റങ്ങൾ ഏവ രേയും അതിശയപ്പെടുത്തുന്നതാണ്. അതുകൊണ്ടാ കാം പരിമിതികൾക്കിടയിലും നാം ചങ്കൂറ്റപൂർവ്വം നടു ഉയർത്തി നിൽക്കുന്നത് പക്ഷേ, രാഷ്ട്രീയം, മതം എന്നിവയുടെ അതിപ്രസരം പുതിയ കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിന് തടസം സൃഷ്ടിക്കുന്നുണ്ടോ? ഗൾഫ് പശ്ചാത്തലത്തിൽ നമ്മുടെ, ഇത്തരത്തിലുള്ള വീക്ഷണത്തിൽ പുന:രേകീകരണവും പുനർ ചിന്തയും വേണ്ടിയിരി ക്കുന്നു. മേൽപ്പറഞ്ഞ വിഷയങ്ങളിൽ അഭിമാനം കൊള്ളുന്ന നമുക്കിടയിൽ നിന്ന് ലഭിക്കുന്ന ബിവറേ ജസ് കോർപ്പറേഷന്റെ കണക്കുകൾക്ക് നാളുകൾ ചെല്ലുന്തോറും കനം വെക്കുന്നതെന്തുകൊണ്ടാണ്.

കേരളത്തിന്റെ ഭൂമിശാസ്ത്രം പടിഞ്ഞാറൻ കടലിലേക്ക് തുറന്നു നിൽക്കുന്നതുകൊണ്ടാകാം ഗൾഫ് തീരങ്ങളുമായി നമുക്ക് സ്വാഭാവികമായ അടുപ്പം കൈവരുന്നത്. വാണിജ്യപരമായ ആവശ്യങ്ങളിൽ തുടങ്ങിയ ഗൾഫ് ബന്ധം ഇപ്പോൾ മലയാള നാടിന്റെ ഹരിതാഭയുടെ അടയാളമാണ്. പച്ചപ്പിന്റെ നാട്ടിൽ നിന്നെത്തുന്നവർ അവരുടെ ജീവിതത്തിൽ ഹരിതാഭതീർക്കുന്നത് ഈ മരുഭൂ ജീവിതത്തിൽ നിന്നാണ്. അതുകൊണ്ടു തന്നെ യാകണം നമ്മുടെ നാട്ടിൽ നിന്നുൾപ്പെടെ ഗൾഫ് ഒഴുക്ക് ഇപ്പോഴും തുടരുന്നത്.

പറഞ്ഞു വരുന്നത് ഗൾഫിലായിരിക്കുന്ന നാം ഒത്തു ചേരേണ്ട ആവശ്യകതയിലേക്കാണ്. ഒറ്റക്കു ജീവിക്കാൻ, സ്വാർത്ഥതയുടെ വേലി കുടുംബ ജീവിതത്തിനു ചുററും തീർക്കാൻ ആഗ്രഹിക്കുന്ന ഒരു ലോകക്രമം ശക്തിപ്പെട്ടു വരുമ്പോൾ ഇത്തരം കൂട്ടായ്മകൾ പകരുന്നത് മാനവികതയുടെ പുത്തൻ സന്ദേശമാണ്. ഇത്തരുണത്തിൽ പ്രാദേശിക അടി സ്ഥാനത്തിൽ ആണെങ്കിൽ പോലും നമ്മുടെ പ്രവർത്തനപഥം നാം കൂടുതൽ ശക്തമാക്കണം.














# ഞാൻ കണ്ട ഗോവ

ജസ്റ്റീൻ, കോടുശ്ശേരി

കണ്ണിൽ നിറയുന്ന നീലിമ, ആഭയിൽ
വിണ്ണിനൊക്കുംവരെ വിസ്തൃതം സാഗരം
വെള്ളി മണൽത്തീരം ചുംബിച്ചു നേർത്തതാം
പുളകങ്ങൾ ചുറ്റും വിതറുന്നലമാലകൾ.
        കാറ്റിൽ തലപ്പുകൾ വീശുന്ന തെങ്ങുകൾ
        ചുറ്റും ഹരിതാഭതിങ്ങും മരങ്ങളും
        എത്ര വിസ്മയം മലയാള മണ്ണിന്റെ
        അത്രമേൽ കാന്തിയുമൊപ്പിയെടുത്തതോ
മാനത്ത് മോക്ഷത്തിൽ മുട്ടാൻ കൊതിക്കുന്ന
ചേണുറ്റ ദേവസദനങ്ങളേറെ
ഭക്തിതൻ വീചികൾ ചുറ്റും പരത്തുന്ന
മുക്തിയേകും ചെറു ക്ഷേത്രങ്ങളും.
        നിഴൽ നിലാവുപോൽ നേർത്ത പ്രകാശവും
        ഇഴപാകി നിൽക്കുമിരുണ്ട മുറികളിൽ
        ഒഴുകുന്ന സംഗീതം നിറയും മധുശാലകൾ
        ഒഴിയുന്ന ചഷകങ്ങളകലുന്ന ചോദന
പറ്റേ മുറിച്ചുള്ള കേശവും മുട്ടോട്
പറ്റിക്കിടക്കുമുടപ്പിന്റെയഗ്രവും
ചെമ്മേ ചുവപ്പിച്ച ചുണ്ടിണ, ധാടിക
ളിമ്മട്ടിലേറെയണിയും മഹിളകൾ
        വാസ്തു ശില്പങ്ങളുടുപ്പുടയാടയിൽ
        അസ്തിത്വമോതും പരസ്യപ്പലകയിൽ
        പണ്ടു പറങ്കികൾ പകർന്നതാം സംസ്ക്കാരം
        ഉണ്ടങ്ങുമിങ്ങുമുടയാതെ നിൽക്കുന്നു.
സുന്ദരഭൂമി തൻ കാന്തി നുകരുവാൻ
സന്തതമെത്തുന്നു സഞ്ചാരികൾ
ആർഷ സംസ്ക്കാരത്തിന്നാഴമറിയുവാൻ
ആഴികടന്നെത്തുന്നായിരങ്ങൾ.
        ഏവർക്കുമേറെ പുളകങ്ങൾ ചാർത്തി
        ഗോവ തിളങ്ങുന്നു ആഴിതൻ തോഴിയായ്
        കാന്തിയെഴുന്നതാമീദേശമെന്നും
        ശാന്തിതൻ മന്ത്രങ്ങളോതി വിളങ്ങുന്നു.



## VISSION

അങ്കമാലിയിലെയും സമീപപ്രദേശങ്ങളിലെയും മുഴുവൻ പ്രവാസികളേയും ഉൾക്കൊണ്ട് അവരുൾപ്പെടുന്ന മുഴുവൻ പ്രദേശവാസികളുടേയും സമഗ്രമായ ഉന്നമനത്തിനും വികാസത്തിനും പ്രവർത്തിക്കുന്ന ശ്രദ്ധേയമായ കൂട്ടായ്മയായിരിക്കുക.

## MISSION

അങ്കമാലി മേഖലയിലെ മുഴുവൻ പ്രവാസികളേയും അംഗങ്ങളാക്കുക, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുക. സമൂഹ്യവും സാംസ്കാരികവുമായ ഉന്നമനത്തിനുതകുന്ന പരിപാടികൾ സംഘടിപ്പിക്കുക. പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക. സമൂഹത്തിന്റെ മേന്മയ്ക്ക് ഉതകുന്ന സംരംഭങ്ങളിൽ ഏർപ്പെടുക

## CORE VALUES

- ☐ ജന്മനാടിനോടും പ്രവാസനാടിനോടും ദേശസ്നേഹം പുലർത്തുക
- ☐ എല്ലാ പ്രവർത്തനങ്ങളിലും ധാർമ്മികത മുറുകെപ്പിടിക്കുക.
- ☐ എല്ലാ പ്രവർത്തനങ്ങളിലും സംഘടനയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുക.
- ☐ പരസ്പരബഹുമാനം പുലർത്തുക
- ☐ സാമൂഹ്യപ്രതിബന്ധത പുലർത്തുക
- ☐ രാഷ്ട്രീയ - മത - സമുദായിക പരിഗണനകളില്ലാതെ പ്രവർത്തിക്കുക.

## Office Bearers


PRESIDENT
SUNNY JOSEPH


GENERAL SECRETARY
VINOD KUMAR


VICE PRESIDENT
THANKACHAN PYNADATH


JOINT SECRETARY
SANTHOSH MENON T.G.


TREASURER
SANTHOSH P.G.


JOINT TREASURER
STEPHAN DAVIS

## Executive Members


EXECUTIVE MEMBER
SIMON C.K.


EXECUTIVE MEMBER
BIJU ABEL JACOB


EXECUTIVE MEMBER
JESTINE THOMAS


EXECUTIVE MEMBER
THOMAS PAUL


EXECUTIVE MEMBER
ANTONY P.C.


EXECUTIVE MEMBER
THOMAS O.P.


EXECUTIVE MEMBER
SAJI CHACKO


EXECUTIVE MEMBER
ROBIN AUGUSTIN


EXECUTIVE MEMBER
BABY KURIAKOSE

## Ex. Officio


EX-OFFICIO
VBV NAIR


EX-OFFICIO
GIJO MANAVALAN


EX-OFFICIO
ANIL KUMAR

## Women Cell Coordinator


COORDINATOR
JAIMOL THANKACHAN

ANGAMALY NRI ASSOCIATION

# പഞ്ചായത്തുകളിലൂടെ...


കെ. വി. ദേവസ്സി
കോർഡിനേറ്റർ


ഷിന്റോ ആന്റണി
ജോയിന്റ് കോർഡിനേറ്റർ

### അങ്കമാലി

ജി. ശങ്കരക്കുറുപ്പെന്ന മഹാകവിക്ക് ജന്മം നല്കിയ നായത്തോട് അങ്കമാലിയുടെ ഭാഗമാണ് വിമോചന സമരത്തിന്റെ നാടായ അങ്കമാലിയിലാണ് സംസ്ഥാനത്തെ പ്രധാന പാതകളായ NH 47 ഉം MC റോഡും സന്ധിക്കുന്നത്. സാമൂഹികമായും സാംസ്കാരിക മായും വ്യവസായികമായും വളരെ പ്രസിദ്ധമാണ് അങ്കമാലി ബാംബൂകോർപ്പറേഷന്റെ ആസ്ഥാനം. ഏറെ പേർക്ക് തൊഴിൽ നല്കുന്ന ടെൽക് എന്ന പൊതുമേഖലാസ്ഥാപനം. ഇവയെല്ലാം അങ്കമാലിയുടെ പ്രധാന്യം വർദ്ധിപ്പിക്കുന്നതാണ് അത്യാധുനിക സജ്ജീകരണങ്ങളോടെ പണിതീർത്തിരിക്കുന്ന K.S.R.T.C ബസ് സ്റ്റേഷൻ കേരളത്തിലെ തന്നെ മികച്ച നിലവാരം പുലർത്തുന്നതാണ്.


ബിജു വർഗ്ഗീസ്
കോർഡിനേറ്റർ

### അയ്യമ്പുഴ

എറണാകുളം ജില്ലയുടെ മലയോര പ്രദേശമായ അയ്യമ്പുഴ, നാണ്യവി ളകളായ റബ്ബർ, കശുവണ്ടി എന്നിവയാൽ സമ്പുഷ്ടമാണ്. പ്രകൃതിരമണിയമായ പ്രദേശം അതിരപ്പിള്ളി വെള്ളച്ചാട്ടത്തിനോടു അടുത്തായി സ്ഥിതിചെയ്യുന്നു. കാലടി പ്ലാന്റേഷൻ കോർപ്പറേഷനുമായി ബന്ധപ്പെട്ട് ഉപജീവനം കഴിക്കുന്നവരാണ്.


പി ഡി ജോസ്
കോർഡിനേറ്റർ


പോൾസൺ
ജോയിന്റ് കോർഡിനേറ്റർ

### കാലടി

ജഗദ്ഗുരു ആദിശങ്കരാചാര്യർക്ക ജന്മം നല്കിയ പുണ്യസ്ഥലമാണ് കാലടി. ശ്രീ ശങ്കരാചാര്യരുടെ നാമധേയത്തിൽ ഇവിടെ ഒരു സംസ്കൃത സർവകലാശലയും ഒരു എൻജിനീയറാണ് കോളേജും നീളമേറിയ ഒരു പാലവും സ്ഥിതി ചെയ്യുന്നു. നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ശങ്കരസ്തൂഭം ഏറെ തിർത്ഥാട കരെ ആകർഷിക്കുന്നു. കേരളത്തിലെ തന്നെ പ്രശസ്തമായ അരി കമ്പോളം കാലടിയാണ്.


പോളി മാത്യു
കോർഡിനേറ്റർ

### കാഞ്ഞൂർ

പെരിയാറിന്റെ തീരത്തു സ്ഥിതി ചെയ്യുന്ന കാഞ്ഞൂർ പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗം കൃഷിയാണ അതിപുരാതന മായ കാഞ്ഞൂർ പള്ളിയിലെ വിശുദ്ധ സെബാത്യോനോസിന്റെ തിരുന്നാൾ ഏറെ പ്രശസ്തമാണ്. വിവിധ മതവിഭാഗങ്ങൾ സൗഹൃദത്തോടും സ്നേഹത്തോടും കഴിയുന്ന ഈ പ്രദേശത്ത് ഹിന്ദു മുസ്ലീം, ക്രിസ്ത്യൻ അനുപാതം ഏതാണ്ട് തുല്യ അളവിലാണ്.


റോയ് സേവ്യർ
കോർഡിനേറ്റർ


പോളി ദേവസ്സി
ജോയിന്റ് കോർഡിനേറ്റർ

### കറുകുറ്റി

സംസ്കാരികമായും, വിദ്യാഭ്യാസപരമായും ഏറെ ഉയർന്നു നില്ക്കുന്ന നാനാജാതി മതസ്ഥരുടെ സംഗമഭൂമിയാണ് കറുകുറ്റിയെന്ന ഗ്രാമം പ്രകൃതിരമണീയമായ പരിസ്ഥിതിയും, കാർഷികവിളകൾക്ക് അനുയോജ്യമായ മണ്ണും കാലാവസ്ഥയും കാലാകാലങ്ങളായി നിലനിറുത്തുന്നു. ജനങ്ങളെ കാർഷിക മേഖലയിൽ നിലനിറുത്തുന്നു. കറുകുറ്റി പഞ്ചായത്തിന്റെ ഭാഗമായ പ്രകൃതിരമണീയമായ ഏഴാറ്റു മുഖം ഏറെ വിനോദസഞ്ചാരികളെ ആകർഷിക്കുന്നു.


തങ്കച്ചൻ സി ഒ
കോർഡിനേറ്റർ


അഭിലാഷ് പി യു
ജോയിന്റ് കോർഡിനേറ്റർ

### കൊരട്ടി

തൃശൂർ ജില്ലയുടെ തെക്കെ അറ്റത്ത് സ്ഥിതി ചെയ്യുന്ന പഞ്ചായത്ത്. കിൻഫ്ര വൈഗത്രെഡ്സ്, ഗവ.ഓഫ് ഇന്ത്യ പ്രസ്സ്, കാർബോറാണ്ടം യൂണിവേർസൽ എന്നീ വ്യവസായികങ്ങൾ ഈ പ്രദേശത്ത് വ്യവസായിക വളർച്ചയെ ത്വരിതപ്പെടുത്തുന്നതാണ്. പ്രശസ്ത തീർത്ഥാടന കേന്ദ്രമായ കൊരട്ടി മുത്തിയുടെ പള്ളി കൊരട്ടി പഞ്ചായത്തിനെ പ്രശ്തമാകുന്നു.


ജിജോ അഗസ്റ്റിൻ
കോർഡിനേറ്റർ


ഡേവിസ് വരയാടൻ
ജോയിന്റ് കോർഡിനേറ്റർ

## മലയാറ്റൂർ – നീലീശ്വരം

രണ്ട് സ്ഥലപ്പേരുകളിൽ അറിയപ്പെടുന്ന ഏക പഞ്ചായത്താണ് മലയാറ്റൂർ – നീലീശ്വരം വിശുദ്ധ തോമാശ്ലീഹായുടെ പാദസ്പർശമേറ്റ പുണ്യഭൂമിയായ മലയാറ്റൂർ ലോകപ്രശസ്ത തീർത്ഥാടന കേന്ദ്രമാണ്. മഹാഗണിത്തോട്ടം, തുണ്ടം, പെരുന്തോട്, മണപ്പാട്ടുചിറ എന്നിവ ധാരാളം പ്രകൃതി സ്നേഹികളെ ആകർഷിക്കുന്നു.


റോജസ് പോൾ
കോർഡിനേറ്റർ


റെജി ചാക്കോ
ജോയിന്റ് കോർഡിനേറ്റർ

## മഞ്ഞപ്ര

അതിപുരാതനമായ പള്ളികളും അമ്പലങ്ങളും സ്ഥിതി ചെയ്യുന്ന പ്രദേശമാണ് മഞ്ഞപ്ര. മാർശ്ലീവ പള്ളി, പുത്തൂർപ്പിള്ളി ശ്രീകൃഷ്ണക്ഷേത്രം, കാർപ്പിള്ളിക്കാവ് ശിവക്ഷേത്രം, ഗീവർഗ്ഗീസ് യാക്കോബായ സുറിയാനിപള്ളി എന്നിവ ഇവയിൽ പ്രസിദ്ധമായതാണ്. നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും വായനശാലകളും ഈ പ്രദേശത്തിന്റെ സാംസ്കാരികോദ്ഗ്രഥനത്തിൽ ഏറെ പങ്കുവഹിക്കുന്നതാണ്.


എസ്. അജി തോമസ്
കോർഡിനേറ്റർ


ബിനു എൻ. എൻ.
ജോയിന്റ് കോർഡിനേറ്റർ

## മൂക്കന്നൂർ

പൗരാണിക സംസ്കാരത്തിന്റെ ഈറ്റില്ലമാണ് മൂക്കന്നൂർ എന്ന ഗ്രാമം. 1930 ൽ ചീനം ചിറയിൽ കണ്ടെത്തിയ കൽപടവുകളും കൽക്കെട്ടുകളും നാടിന്റെ വിവിധഭാഗങ്ങളിൽ നിന്നു കണ്ടെടുത്ത മൺഭരണകളും മുനിയറകളും, നൂറ്റാണ്ടുകൾ പഴക്കമുള്ള കൂട്ടാല ദേവീക്ഷേത്രവും ആറാട്ടുപുഴയുമെല്ലാം ഈ പൗരാണിക സംസ്കാരത്തിന്റെ തെളിവുകളാണ്. അഗതികൾക്ക് ആശ്രയമായി നിലകൊള്ളുന്ന അനാഥശാല, നിലവാരമുള്ള ഏറെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എല്ലാം കൃഷിയെ ആശ്രയിച്ചു ജീവിക്കുന്ന ഈ പ്രദേശത്തെ എടുത്തു പറയത്തക്ക പ്രത്യേകതകളാണ്.


റെജി ടി. ഡി.
കോർഡിനേറ്റർ


പിയോ ആന്റണി
ജോയിന്റ് കോർഡിനേറ്റർ

## നെടുമ്പാശ്ശേരി

കൊച്ചിയുടെ അന്തർദേശീയ വിമാനത്താവളത്തെ ഉൾക്കൊള്ളുന്ന പഞ്ചായത്ത്. വിമാനത്താവളത്തോടനു ബന്ധിച്ച് ടൂറിസം, ഹോട്ടൽ മേഖലയിൽ ഏറെ പുരോഗതി പ്രാപിച്ചുകൊ□ിരിക്കുന്ന ഗ്രാമം ജനങ്ങൾ ഏറെയും കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നു.


സജി ദേവസ്സി
കോർഡിനേറ്റർ


ബാബു എം. ഒ.
ജോയിന്റ് കോർഡിനേറ്റർ

## പാറക്കടവ്

അതി പ്രശസ്തമായ എളവൂർ തൂക്കം നടന്നിരുന്ന പുത്തൻ കാവ് ഭഗവതി ക്ഷേത്രം നിലനിൽക്കുന്ന പഞ്ചായത്ത്. ഭാരതത്തിലെ ഏകലക്ഷ്മണ ക്ഷേത്രമായ തിരുമൂഴിക്കുളം ക്ഷേത്രവും ഈ പഞ്ചായത്തിനെ പ്രശസ്തമാക്കുന്നു. ജനങ്ങളേറെയും കാർഷിക വൃത്തിയിലെപ്പെട്ടിരിക്കുന്ന പാറക്കടവ് പഞ്ചായത്തിനെ ഫലഭൂയിഷ്ടമാക്കിക്കൊണ്ട് ചാലക്കുടി പുഴയും ഇതിലൂടെ ഒഴുകുന്നു.


ജോസഫ് സെബാസ്റ്റ്യൻ
കോർഡിനേറ്റർ


ടിറ്റോ പോൾ
ജോയിന്റ് കോർഡിനേറ്റർ

## ശ്രീമൂലനഗരം

കൊച്ചി രാജാക്കന്മാരുടെ ഒഴിവുകാലവസതി ഈ പഞ്ചായത്തിലെ പെരിയാറിന്റെ തീരത്തുള്ള ചൊവ്വരയിലായിരുന്നു എന്നു പറയപ്പെടുന്നു. ഒട്ടനവധി സാഹിത്യകാരന്മാരെ നാടിന് സംഭാവന ചെയ്തിട്ടുണ്ട് ശ്രീമൂലനഗരം എന്ന ഗ്രാമം. ശിവനും പാർവ്വതിയും മുഖം തിരിഞ്ഞിരിക്കുന്ന തിരുവൈരാണിക്കുളം ക്ഷേത്രം കേരളത്തിലെ തന്നെ പ്രശസ്തമായ അമ്പലങ്ങളിൽ ഒന്നാണ്.


ഡെന്നി ജോസ്
കോർഡിനേറ്റർ


ജിമ്മി ചന്ദ്രൻ
ജോയിന്റ് കോർഡിനേറ്റർ

## തുറവൂർ

കൺകുളിർക്കുന്ന പ്രകൃതി മനോഹാരിത കൊണ്ട് അനുഗ്രഹീതമായ ഗ്രാമമാണ് തുറവൂർ ഗ്രാമങ്ങളിലേറെപ്പേരും കാർഷിക വൃത്തിയിലേർപ്പെട്ടിരിക്കുന്നു. നെല്ല്, തെങ്ങ്, കമുങ്ങ്, റബ്ബർ, കുരുമുളക്, ഇഞ്ചി എന്നിവയാണ് പ്രധാന വിളകൾ പരമ്പരാഗത തൊഴിലാളി സ്വീകരിച്ചിരിക്കുന്നു. ജാതി മതഭേദമെന്യേ പരസ്പര സ്നേഹത്തോടും ഐക്യത്തോടും കഴിയുന്ന ഇവിടുത്തെ ജനങ്ങൾ പൊതുവേ കഠിനാദ്ധ്വാനികളാണ്.



## ചലനങ്ങൾ അവസാനിക്കുന്നില്ല

കള്ളിച്ചെടികൾ വളരുന്നു
ചോലകൾ നടന്നു മറയുന്നു
ചെവി അമർത്തിച്ചേർത്തുവച്ചാൽ
പെരും കടത്തിന്റെ ചുറ്റികയടി
ജലത്തിന്റെ പ്രണയോഷ്മളത
വെള്ളിനിലാവിന്റെ മിന്നലാട്ടം
അതിനൊരിക്കലും അവസാനിക്കാനാവില്ല
രാത്രിയെ തിന്ന് പകലിനെ വെളുപ്പിച്ച്
പത്തേമാരി പെണ്ണിന്റെ ചൂട്
ചിരി വറ്റിയ കാലത്ത്
നാവിറങ്ങിപ്പോയതെല്ലാം
പോയി തുലയട്ടെ
ഇരുട്ട് ചിരിച്ചുകൊണ്ട് പറയുന്നു
ചലനങ്ങൾ അവസാനിക്കുന്നില്ല

സത്യൻ മാടക്കര



## മത്തായിക്കുട്ടി പുരാണം

മത്തായിക്കുട്ടി മരിച്ചു ഓ..... മത്തായിക്കുട്ടി ആരാണെന്നു പറഞ്ഞില്ലല്ലോ. സ്ഥലത്തെ പ്രധാന റൗഡിയും പരമപോക്രിയും മഹാകള്ളനുമായിരുന്നു മാന്യദേഹം. മത്തായിക്കുട്ടിയുടെ നല്ലകാലത്ത് അദ്ദേഹത്തോടുള്ള ബഹുമാനം മൂലം സ്ത്രീജനങ്ങൾക്ക് വഴി നടക്കാൻ പോലും പേടിയായിരുന്നു. നാട്ടുകാരുടെ സ്ഥാവരജംഗമവസ്തുക്കളും വാഴക്കുല, തേങ്ങ തുടങ്ങിയ ആറാഴ്ചകളും സ്വന്തമെന്നപോലെ അനുഭവിച്ചുപോന്ന ഒരു തികഞ്ഞ സോഷ്യലിസ്റ്റായിരുന്നു മത്തായിക്കുട്ടി. ആയകാലത്ത് അദ്ദേഹത്തോട് എതിരിടാൻ മാലോകർക്കായില്ലെങ്കിലും ആരോഗ്യവും പ്രതാപവും ക്ഷയിച്ചതോടെ അദ്ദേഹത്തിന്റെ സേവനങ്ങൾ കൊണ്ട് പൊറുതി മുട്ടിയ പ്രജകളുടെ കരപരിലാളനങ്ങൾ ഏറ്റുവാങ്ങാനുള്ള ഭാഗ്യം കഥാപുരുഷന് പല തവണ ലഭിച്ചിട്ടുണ്ട്. ശവമടക്കിന് പള്ളീലച്ചൻ പരിവാരസമേതം വീട്ടിലെത്തി.

പരേതന്റെ മരണാനന്തര ശുശ്രൂഷകൾ ആരംഭിച്ചു. മത്തായിക്കുട്ടിക്ക് നൽകിയ വിടവാങ്ങൽ പ്രസംഗത്തിൽ കാർമ്മികൻ ഉറക്കെ പ്രസ്താവിക്കുകയുണ്ടായി. "സൽസ്വഭാവിയും, പരോപകാരിയും അടിയുറച്ച ദൈവവിശ്വാസിയുമായിരുന്നു മത്തായിച്ചേട്ടൻ.

നാടിനും കുടുംബത്തിനും അദ്ദേഹം നൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്. പരേതന്റെ കർമ്മകുശലതയും സ്വഭാവമഹിമയും വരും തലമുറകൾക്ക് മാതൃകയാക്കാവുന്നതാണ്. മത്തായിച്ചേട്ടന്റെ മരണം ഈ കുടുംബത്തിനും നമ്മുടെ നാടിനും തീരാനഷ്ടമാണ്." ഉദ്ബോധനം കേട്ട് ധന്യരായ കുഞ്ഞാടുകൾ മത്തായിക്കുട്ടിയുടെ അന്ത്യകർമ്മങ്ങൾക്ക് ശേഷം അടിയന്തിരമായി കൂടിയാലോചിച്ച് അന്തരിച്ച മഹാനുഭാവന്റെ ഓർമ്മക്കായി ഒരു സ്മാരകം പണിയാനുള്ള നടപടികൾ ആരംഭിച്ചു.

സണ്ണി ജോസഫ്, കാലടി

# അബുദാബിയിൽ ഉണരുന്ന അങ്കമാലി...

ഒരു സ്വപ്നത്തിന്റെ സാക്ഷാത്കാരമായിരുന്നു ഇത്. ഐക്യ അറബ് നാടുകളുടെ തലസ്ഥാന നഗരിയിൽ നമുക്കായൊരു കൂട്ടായ്മ. ഏറെ കാലത്തെ പരിശ്രമങ്ങൾക്കൊടുവിലാണ് അങ്കമാലി എൻ.ആർ.ഐ. അസോസിയേഷന് അബുദാബിയിൽ ഒരു ശാഖ രൂപീകൃതമാകുന്നത്. അങ്കമാലിയുടെ നിയമസഭാ പ്രതിനിധി അഡ്വ.ജോസ് തെറ്റയിൽ എം.എൽ.എ തന്നെ നേരിട്ടെത്തിയാണ് അങ്കമാലിയുടെ അബുദാബിയിലെ ഉദയത്തിന് തുടക്കമിട്ടത്.













**Rijumon Baby**
Coordinator



**Antu Poulose**
Joint Coordinator



**Joy Joseph**
Joint Coordinator



**Neena Thomas**
Joint Coordinator



**Bindu Balamurali**
Joint Coordinator

www.parakkat.com

പറക്കാട്ട്®
ജുവൽസ്



DUBAI: Karama Centre
Ph: +971 4 334 23 38

BAHRAIN: Lulu Hyper Market, Dana Mall
Ph: +97336237119


BAHRAIN: Near Hafsa-Gudaibiya
Ph: +97317295269
E-mail: info@parakkat.com

SHARJAH: Nr. Damas Rolla, Ph: +9716563114
KUWAIT: Souk-Al Wathiya – Malia, Ph: +965224515021
KUWAIT: Lulu Hyper Market, Al Rai, Ph: +96597364342|BANGALORE: Total Mall, Ph: 080 65460247
MANGALORE: 2nd Floor, City Centre Mall, K.S. Rao Rd., Ph: 0824 4276660

ബഹറിനിൽ ഞങ്ങൾക്ക് മററു ബ്രാഞ്ചുകളില്ല.
യഥാർത്ഥ ഒരു ഗ്രാം തങ്കാഭരണങ്ങൾക്ക് പറക്കാട്ട് ജുവൽസ് മാത്രം സന്ദർശിക്കുക.

# ഒരു കൂലിത്തല്ലുകാരന്റെ ജീവിതത്തിൽ നിന്ന്...





രചന : ലത്തീഫ് മമ്മിയൂർ.

**ഞാൻ പീറ്റർ...** കൂലിത്തല്ലുകാരൻ തെമ്മാടി. നാട്ടുകാരുടെ കണ്ണിലെ കരട്. ഈയിടെ നാട്ടുകാരെനിക്കൊരു പേര് പതിച്ചു നൽകി– കീരിക്കാടൻ പീറ്റർ. കിരീടം സിനിമയിലെ കീരിക്കാടൻ ജോസേട്ടന്റെ തറവാട്ടിലൊരംഗം. ഒരു സാദാ കോച്ചറായി കൂലിത്തല്ലുകാരന് ഇതിലും വലിയ ഒരു പദവി മോഹിച്ചുകൂടാ. അഥവാ മോഹിച്ചാൽ ഞാൻ മനസ്സുകൊണ്ടെങ്കിലും രാഷ്ട്രീയക്കാരനോ സാഹിത്യകാരനോ ആയിത്തീരും. അതു വയ്യ. അങ്ങനെ സ്ഥാനമോഹിയോ യശഃപ്രാർത്ഥിയോ അല്ലാത്ത ഞാനിപ്പോൾ പാപികളുടെ ഭാരം പേറുന്നവനായ ഈശോ മിശിഹായുടെ ചിത്രത്തിനു മുന്നിൽ നീണ്ടുനിവർന്നങ്ങനെ കിടക്കുകയാണ്. ഒരു കൂലിത്തല്ലുകാരൻ മാനസാന്തരപ്പെട്ട് പാപമോചനത്തിനായി പ്രാർത്ഥിച്ച് കണ്ണീരൊലിപ്പിച്ച് വല്ല പള്ളിയിലോ കുരിശിനടിയിലോ വീണുകിടക്കുകയാണെന്നു തെറ്റിദ്ധരിച്ചേക്കരുത്.

പാവപ്പെട്ടവർ ചികിത്സക്കെത്തുന്ന ആസ്പത്രിയിലെ ജനറൽ വാർഡിൽ രോഗികളുടെ വേദനയും ഭാരവും സഹിച്ചു സഹിച്ച് തേങ്ങിക്കൊണ്ടിരിക്കുന്ന കട്ടിലിൽ മയമില്ലാത്തൊരു കിടക്കയിലാണെന്റെ ശയനം. ആർക്ക് എവിടെ കിടന്നാലും ദർശനം നൽകും വിധത്തിൽ കർത്താവിന്റെ ചിത്രം തൂക്കിയത് ആസ്പത്രിക്കാരുടെ നേരമ്പോക്ക്. ഇവിടെ ഇങ്ങനെ ക്രൂശിതരൂപം നോക്കി കിടക്കുമ്പോൾ പലതും ഓർത്ത് വിചാരപ്പെടാൻ നല്ലൊരവസരമാണെനിക്ക് ലഭിച്ചിരിക്കുന്നത്. (ഇത്തരം അവസ്ഥകൾ എന്റെ ജീവിതത്തിൽ അപൂർവ്വം). അല്ലെങ്കിൽ നിങ്ങളൊന്ന് ഓർത്തുനോക്കൂ! ഒരാളുടെ ജീവിതം ഏതെല്ലാം അവസ്ഥകളിലൂടെയാണ് കടന്നുപോകുന്നത്. വാസ്തവം പറഞ്ഞാൽ ആകസ്മികങ്ങളായ ഒട്ടനവധി അവസ്ഥാന്തരങ്ങളുടെ ശൃംഖലയല്ലേ നമ്മുടെയൊക്കെ ജീവിതം. അല്ലെങ്കിൽ ഞാനിങ്ങനെ പരിതാപകരമായ ഒരവസ്ഥയിൽ കിടക്കേണ്ടവനാണോ? ഫിലിപ്പോസു മുതലാളിയുടെ ബംഗ്ലാവിൽ കോഴിക്കാലുകൾക്കും പന്നിയിറച്ചിക്കുമൊപ്പം വിലകൂടിയ മദ്യത്തിൽ മുങ്ങിത്താഴേണ്ടവനല്ലേ....? പക്ഷെ, ഒരു നിമിഷം. ഒരൊറ്റ നിമിഷം. മേഘപാളികൾക്കിടയിൽ നിന്നെങ്ങോ പാറിവന്ന് ഒരു പെൺകുട്ടിയുടെ കണ്ണീരിലൂടെ മുള്ളും മുരടും നിറഞ്ഞ എന്റെ ഹൃദയത്തിലേക്കു കുടിയേറിയ ഒരു മാലാഖയാണ് ഈ പണി പറ്റിച്ചത്. നിങ്ങളതിശയപ്പെട്ടേക്കാം. കീരിക്കാടൻ പീറ്ററിനിതെന്തു പറ്റി...?

ശരിയാണ് സുഹൃത്തേ.... മാലാഖമാർക്കെന്നല്ല. ഒരു മാടപ്പിറാവിനുപോലും കടന്നുവരാൻ പറ്റിയ മനസ്സല്ല എന്റേത്. പരുപരുത്ത ജീവിതാനുഭവങ്ങളുടെ കരിമ്പാറക്കെട്ടുകളാൽ എന്റെ ഹൃദയകവാടം അടയ്ക്കപ്പെട്ടിരുന്നല്ലോ...? അപ്പന്റെ കള്ള് മണക്കുന്ന തെറിവിളിയും മർദ്ദനം സഹിക്കവയ്യാതെയുള്ള പെറ്റമ്മയുടെ നിലവിളിയും..... ഭയന്നുവിറച്ച് കുടിലിന്റെ ഒരു മൂലയിൽ ചുരുണ്ടുകൂടി ഉരുകിത്തീർത്ത ബാല്യം. പിന്നീടെന്നോ പള്ളിക്കൂടത്തിന്റെ മുറ്റത്ത് വിശപ്പിന്റെ വെയിൽ കാഞ്ഞ് ഉപ്പുമാവിന് കാത്തിരിക്കവെ, കരഞ്ഞാർത്തുവന്ന അമ്മ വാരിയെടുത്തും കൊണ്ടോടിയ ഒരു കറുത്ത ഉച്ച. ഉപ്പുമാവ് വിളമ്പുമ്പോൾ അമ്മയിതെങ്ങോട്ടെന്നെ...? വഴിനീളെ സങ്കടപ്പെട്ട് കരഞ്ഞതോർക്കുന്നു. കരച്ചിൽ നേർത്തു നേർത്ത് വെറുമൊരനക്കത്തിലവസാനിക്കുമ്പോൾ ചെന്നെത്തിയത് ദൂരെയെങ്ങോ ഉള്ള ഒരു ഷാപ്പിന്റെ മുറ്റത്ത് ഈച്ചയാർത്തും ഉറുമ്പരിച്ചും കിടക്കുന്ന അപ്പന്റെ മൃതദേഹം. കൂടിനിൽക്കുന്നവരെ തള്ളിമാറ്റി ആർത്തനാദത്തോടെ അപ്പന്റെ ഉണങ്ങിയ ചോരയിലേക്കു കമഴ്ന്നുവീണ അമ്മയുടെ വൈധവ്യം. പിന്നീടങ്ങോട്ട് പട്ടിണിയുടെയും ദാരിദ്ര്യത്തിന്റെയും പേപിടിച്ച ദിനങ്ങൾ. വിശന്നു പൊരിഞ്ഞ് തളർന്നുറങ്ങിയ ഒരു രാത്രിയിൽ അന്യന്റെ വിയർപ്പുഗന്ധവുമായി വന്ന് വിളിച്ചുണർത്തി ചോറുവാരിത്തന്ന അമ്മ. വെറുപ്പായിരുന്നു എല്ലാത്തിനോടും. ലോകത്തിനോടു തന്നെ. ഒരു കൂലിത്തല്ലുകാരന്റെ പുരാവൃത്തം ഇതിലും നിറം കെട്ടതാവുന്നതെങ്ങിനെ.

അല്ലേ സുഹൃത്തേ....സ്നേഹത്തിന്റെ തെളിനീർ തേടി അലഞ്ഞപ്പോഴെല്ലാം ചെന്നെത്തിയത് വേനൽ കത്തുന്ന തരിശുനിലങ്ങളിൽ, മാറാരോഗങ്ങൾ ദുരിതമാക്കിയ ജീവിതത്തെ കുടഞ്ഞു കളഞ്ഞ് മരണത്തിന്റെ മറുകരപറ്റാൻ വെപ്രാളപ്പെടുമ്പോഴും അമ്മ യാചിച്ചിരുന്നത്രെ. എനിക്കെന്റെ പീറ്ററുമോനെ കാണണം. വിവരവും കൊണ്ട് ആളെത്തുമ്പോൾ

ഫീലിപ്പോസു മുതലാളിയുടെ മൂന്നാറിലുള്ള എസ്റ്റേറ്റിൽ തൊഴിൽപ്രശ്നം തീർക്കാൻ ഒരുങ്ങി പുറപ്പെടുകയായിരുന്നു. രായ്ക്ക് രാമാനം തൊഴിലാളി നേതാവിന്റെ നെഞ്ചിലെ കിളി പറക്കണം. കൂട്ടിക്കൊണ്ടു പോകാനെത്തിയ ആളോട് മുതലാളിയാണ് മറുപടി പറഞ്ഞത്. 'പീറ്റർ പ്രധാനപ്പെട്ട ഒരു സ്ഥലത്തേക്ക് പുറപ്പെടുകയാണ്. തിരിച്ചുവന്നാൽ അങ്ങോട്ടയയ്ക്കാം. കൃത്യം തീർത്തു മടങ്ങി വന്നു. അപ്പോഴേക്കും അമ്മ ഒരിക്കലും മടങ്ങിവരാത്തിടത്തേക്കു യാത്ര പോയിരുന്നു. വലിയൊരു കെട്ട് നോട്ട് കീശയിൽ തിരുകിത്തന്ന് ഫീലിപ്പോസ് മുതലാളി പറഞ്ഞു. വിഷമിക്കാനെന്തിരിക്കുന്നു..? ഇതാ.. ഇതിരിക്കട്ടെ. പോയി ആഘോഷിക്ക്. പട്ടണത്തിലെ ലോഡ്ജ് മുറിയിൽ മദ്യത്തിന്റെ ലഹരിയിൽ രതിയുടെ തുരങ്കം പിന്നിടവെ ഒരു നിമിഷം ഹൃദയം തുളച്ചെത്തിയ ഓർമ്മ. ഇരയുടെ മാറിൽ തലചായ്ച്ചുകൊണ്ട് തേങ്ങിക്കരഞ്ഞു. 'അമ്മേ... എനിക്ക് മാപ്പു തരൂ...മദ്യലഹരിയിലും വേശ്യയുടെ പിറുപിറുപ്പ് ഒരു കൂരമ്പായി നെഞ്ചിൽ തറച്ചു. 'നെറികെട്ടവൻ' അതാണ് പീറ്റർ. കൂലിത്തല്ലുകാരൻ കീരിക്കാടൻ പീറ്റർ. പിന്നെ ഞാനെങ്ങനെ ഈ ഒരവസ്ഥയിൽ എന്നല്ലെ...?

പറയാം സുഹൃത്തേ...ഫിലിപ്പോസ് മുതലാളിയുടെ പുന്നാരമകൻ ജോയിക്കുട്ടി വായിൽ വെള്ളിക്കരണ്ടിയുമായി ജനിച്ചവൻ... അപ്പന്റെ തനിപ്പകർപ്പ്. എല്ലാ പ്രഭുകുമാരന്മാരെയുംപോലെ സ്ത്രീസൗന്ദര്യമാണ് പ്രധാന ദൗർബല്യം. മോഹങ്ങൾ കറൻസിയുടെ രൂപത്തിൽ മുന്നിൽ കിടന്ന് പിടയ്ക്കുമ്പോൾ അതുകൊണ്ട് തൃപ്തിപ്പെടുന്നവരാണ് അവന്റെ ഇരകളിൽ അധികവും. മാനത്തിനു വില നിശ്ചയിക്കാനാവാത്തവർ കയറിൻതുമ്പിലോ വിഷദ്രാവകത്തിലോ ജീവന്റെ വില കളയുന്നു. എന്നാൽ ഇവൾ, സൂസന്ന വ്യത്യസ്തയായിരുന്നു. അവൾ പൊരുതിനിൽക്കാൻ തന്നെ തീരുമാനിച്ചു. നിന്നിലർപ്പിച്ച വിശ്വാസം എന്നിൽ ഭ്രൂണമായി വളരുന്നെങ്കിൽ ആ കുഞ്ഞീ ലോകത്തേക്കു മിഴി തുറക്കും. അതിനെ മാലോകരറിയും. ഒരു ചതിയനു പിഴച്ചുണ്ടായ സന്തതി' പണത്തിന്റെ തിളക്കത്തിലോ ഭീഷണികളിലോ അവൾ വഴങ്ങിയില്ല. ഒടുവിൽ പീറ്ററിന്റെ സേവനമാവശ്യമായി വരുന്നു. പുതുക്കം വിടാത്ത നോട്ടിൻകെട്ടുകൾ മുന്നിലേക്കിട്ട് ജോയിക്കുട്ടി പറയുന്നു. 'അപ്പൻ തരുന്നത് വേറേ. ഇതെന്റെ സ്പെഷ്യൽ പാരിതോഷികം. അവളെ അവസാനിപ്പിച്ചേക്കണം. പിഴകെട്ടവൾ.' പിഴ കെട്ടത് ഇവനോ അവളോ...? ഉള്ളിൽ ചിരിപൊട്ടി. പക്ഷേ. ഒരു കൂലിത്തല്ലുകാരന് അതൊന്നും ചിന്താവിഷയമല്ല. ഏല്പിച്ച ജോലി തീർത്തേക്കുക. കണ്ഠത്തിൽ മുട്ടിനിന്ന കത്തിയുടെ വായ്ത്തലയിൽ സൂസന്ന പക്ഷെ, ഭയന്നില്ല. 'പീറ്റർ ചേട്ടൻ എന്റെ മുഖത്തേക്കു നോക്ക്. സൂക്ഷിച്ചു നോക്ക്. ചേട്ടന്റെ പിറക്കാതെ പോയ പെങ്ങളല്ലെ ഞാൻ? ആ കൈ കൊണ്ട് തന്നെ എന്റെ കഴുത്തറക്ക്.' എവിടെ നിന്നോ ഒരു കുഞ്ഞിന്റെ കരച്ചിലുയരുന്നു.

മേഘപാളികൾക്കിടയിൽ നിന്ന് മാലാഖമാരുടെ താരാട്ട്. കർണ്ണപുടങ്ങളിൽ ആയിരം പള്ളിമണി നാദങ്ങൾ. ആദ്യമായി കൈ വിറച്ചു. ശരീരം തളർന്നു. പിന്തിരിഞ്ഞുനോക്കാതെ തിരിച്ചു നടന്നു. മുഖത്തേക്കു വലിച്ചെറിഞ്ഞ നോട്ടുകെട്ടുകളുടെ പെരുമഴയിൽ ജോയിക്കുട്ടി നിന്നു വിറച്ചു. 'നീ സൂസന്നയെ സ്വീകരിക്കണം. ഇല്ലെങ്കിൽ പീറ്ററിന്റെ തനിനിറം നീയറിയും.' അന്നുരാത്രി ഇരുട്ടിന്റെ മറവിൽ ജോയിക്കുട്ടിയുടെ പണത്തിന്റെ തനിനിറം അറിഞ്ഞു. ചത്തെന്നു കരുതി ഉപേക്ഷിച്ചു മടങ്ങുമ്പോൾ ജോയിക്കുട്ടി കാർക്കിച്ചു തുപ്പി. 'നന്ദികെട്ട നായ, ഇവനു പകരം ആയിരം പീറ്റർമാരെ വിലയ്ക്കെടുക്കാൻ ഈ ജോയിക്കുട്ടിക്കാവും.' പക്ഷെ, അപ്പനെപ്പോലെ ചോര വാർന്നു ചത്തില്ല. ആരോ ആശുപത്രിയിലെത്തിച്ചു. ഇന്നലെ ഒരു കൂടനിറയെ മുന്തിരിപ്പഴവുമായി സൂസന്ന വന്നിരുന്നു. 'ഇത് ഞാൻ ഗ്രാമങ്ങളിൽ ചെന്നു രാപ്പാർത്ത് മഞ്ഞു പെയ്യുന്ന പുലർകാല ശലമോന്റെ മുന്തിരിത്തോട്ടത്തിൽ നിന്ന് ശേഖരിച്ചതാണ്. എന്റെ പീറ്ററു ചേട്ടനു വേണ്ടി.' അവൾ തിരിച്ചുപോയിട്ടും ആ വചനങ്ങൾ ഒരു കുളിർക്കാറ്റായി മുറിയിൽ തങ്ങി നിന്നു. അവൾ കൊണ്ടുവന്ന മുന്തിരിക്കുലകൾ സ്വർഗ്ഗത്തിലെ മഞ്ഞു വീണ് തണുത്തിരുന്നു. ഇപ്പോഴീ ആശുപത്രിക്കിടക്കയിൽ ക്രൂശിത രൂപം നോക്കിക്കിടക്കുമ്പോൾ ഒറ്റ ആഗ്രഹമേയുള്ളൂ. ഇനിയുമൊരങ്കം കൂടി ബാക്കിയുണ്ട്. കൂലിക്കു വേണ്ടിയുള്ളതല്ല കൂലിയില്ലാത്ത ഒരങ്കം. അതിൽ ജയിച്ചേ പറ്റൂ. അല്ലെങ്കിൽ ഈ ജന്മം കൊണ്ട് എന്തർത്ഥം. ഒരു കുടന്ന ശോശന്ന പൂക്കളുമായി സൂസന്നയെന്ന മാലാഖയിതാ നടന്നടുക്കുന്നു. മനസ്സിലെ ക്ഷോഭം അവളറിയണ്ട. വെറുതെ കണ്ണടച്ചു കിടക്കാം.



# തിരിച്ചറിവിന്റെവഴികാട്ടീടണേ...





റോബിൻ അഗസ്റ്റിൻ
നീലീശ്വരം

രാവിലെ എഴുന്നേറ്റപ്പോഴെ കഴുത്തിന്റെ പിടലിയ്ക്ക് ഒരു വേദന. കിടപ്പു ശരിയാവാഞ്ഞിട്ടാണെന്നു തോന്നുന്നു. ഇടയ്ക്കിടയ്ക്ക് വരാറുണ്ട് ഈ വേദന. തലയിണ വച്ചു കിടക്കരുതെന്നാണ് പറയുന്നത്-പ്രകൃതി ചികിത്സക്കാർ 'നാട്ടറിവ്' എന്ന പരിപാടിയിൽ പറഞ്ഞു കേട്ടതാണ്. ഇത്തരം നാം പാലിക്കേണ്ട നല്ല ശീലങ്ങളെക്കുറിച്ചുള്ള അറിവുകൾ നമ്മുടെ ചുറ്റുവട്ടത്തുനിന്നും, സുഹൃത്തുക്കളിൽ നിന്നും മാധ്യമങ്ങളിൽ നിന്നും ഒക്കെ കിട്ടാറുണ്ട്. ഉദാഹരണത്തിന് മെഡിക്കേറ്റഡ് ബെഡ് എല്ലാതരത്തിലുള്ള ശരീര വേദനകളും അകറ്റുമെന്ന് ടിവി പരസ്യം കണ്ടിട്ടല്ലേ നാം മനസ്സിലാക്കിയത്? കഴിഞ്ഞയാഴ്ച വീട്ടിൽ വന്ന നെറ്റ്‌വർക്ക് മാർക്കറ്റിംഗ് ടീം പറയുന്നതു കേൾക്കണം - മാഗ്നറ്റിക് ബെഡ് ഉപയോഗിച്ചാലുള്ള ഗുണഗണങ്ങൾ. മനുഷ്യരുടെ ഊർജ്ജവും ഉന്മേഷവും പത്തിരട്ടി വർദ്ധിക്കുമത്രേ. പക്ഷെ ആയൂർവേദം താല്പര്യമുള്ളവർക്ക് രാമച്ചത്തിന്റെ കിടക്കതന്നെയാണ് അത്യുത്തമം - പറയുന്നത് കുമാരൻ വൈദ്യൻ. പൊന്നിൻ വിലകൊടുത്ത് വയനാട്ടിൽ നിന്ന് വരുത്തിച്ച രാമച്ച കിടക്ക തട്ടിൻമുകളിൽ ഇട്ടിട്ട്, ഇപ്പൊ പൂച്ചകൾ കിട പ്പു ചികിത്സയിലാണ്. രണ്ടു ദിവസം കിടന്നപ്പോഴെ അച്ഛൻ പറഞ്ഞു.



'ശരിയാവില്ല മേലുനൊമ്പരം കൂടി'. ഇപ്പറഞ്ഞതു നൊമ്പരപ്പെടുത്തുന്ന സത്യം. രാവിലെ ഒരു കഴുത്തു വേദന വന്നപ്പോഴേക്കും എന്തെല്ലാം നല്ല ശീലങ്ങളെക്കുറിച്ചുള്ള അറിവുകളാണ് ഓർമ്മവന്നത്.

ഇന്ന് മദേഴ്സ് ഡേ ആണത്രേ. ഈ റേഡിയോ ഒരു മഹാസംഭവം തന്നെ. ഇത് ഇല്ലെങ്കിൽ നമ്മളിതൊന്നും അറിയാനോ പോകുന്നില്ല. "ഇന്ന് നമ്മളൊക്കെ അമ്മമാർക്ക് ആശംസകൾ അറിയിക്കേണ്ട ദിവസം. ഇപ്പോൾ ശ്രീജിത്ത് നമ്മോടൊപ്പം ചേരുന്നു" - കേൾക്കാൻ ഇമ്പമുള്ള ശബ്ദത്തിൽ വനിതാ ആർ.ജെ തകർക്കുകയാണ്. "പറയൂ ശ്രീജിത്ത് അമ്മയെ വിളിച്ചിരുന്നോ? അമ്മയെക്കുറിച്ച് പറയുമ്പോൾ എന്താണോർമ്മ വരുന്നത്.'' സത്യത്തിൽ കൊള്ളാം.



ശ്രീജിത്തിന് അമ്മയെ വിഷ് ചെയ്യാമെങ്കിൽ എനിക്കെന്തുകൊണ്ട് ആയിക്കൂടാ. ഉടനടി അമ്മയെ വിളിച്ചെങ്കിലും പണിത്തിരക്കിലായിരുന്ന അമ്മ കേട്ടില്ല. ശബ്ദം കൂട്ടി ഒന്നുകൂടി വിളിച്ചു. ഇത്തവണ കേട്ടു പക്ഷേ, 'എന്ത്യടാ' എന്ന വിളികേൾക്കൽ ദേഷ്യ ഭാവത്തിന്റെ ഉച്ചസ്ഥായിയിലായിരുന്നോ? പണിത്തിരക്കിനിടയിൽ ശല്യപ്പെടുത്തിയതു കൊണ്ടാവാം. വിളിക്കണ്ടായിരുന്നു. വിളിച്ച സ്ഥിതിക്കു പറഞ്ഞൊപ്പിച്ചു - 'ഹാപ്പി മദേഴ്സ് ഡേ' ശരിക്കും 'കാക്കതൂറി' എന്ന ജഗദീഷ് ഡയലോഗ് പോലെയായി. അമ്മയുടെ ശുണ്ഠി അടങ്ങിയിട്ടില്ല. "എന്തോന്ന്" ഏതുപാതിരാത്രിക്കാടാ വന്ന് കിടന്നത് ഞാനറിഞ്ഞില്ലെന്ന് കരുതിയോ? ഈയിടെയായി രാത്രി സർക്കീട്ട് കുറെ കൂടുന്നുണ്ട്."

സമാധാനമായി. ദിവസത്തിന്റെ തുടക്കത്തിലേ വെറുതേ അമ്മയുടെ വായിലിരിക്കുന്നതു കേട്ടു. റേഡിയോ സുഹൃത്തുക്കൾക്ക് വളരെ നന്ദിയുണ്ട്. അല്ലേത്തന്നെ സ്വന്തം അമ്മയെ ഓർക്കാൻ വേണ്ടയിട്ട് ഒരു മദേഴ്സ് ഡേ ഉണ്ടായിട്ട് വേണോ ഓരോ പരിഷ്കാരങ്ങള്.



അറിവുകൾ പകർന്നു തരുന്ന കാര്യത്തിൽ ടിവി തന്നെയാണ് റേഡിയോയേക്കാളും മെച്ചം. പല്ലുതേക്കുമ്പോഴാണ് ഒരു സംശയം ഉടലെടുത്തത്.- ഈയിടെയായി പല്ലിന്റെ ഗ്ലൈസിംഗ് അല്പം കുറഞ്ഞോ? ഇന്നലെ ടിവിയിൽ ഒരു പെണ്ണ് ഇരച്ചുപൊളിച്ച് വന്നിട്ട് ചോദിക്കുകയാ- നിങ്ങളുടെ ടൂത്ത് പേസ്റ്റിൽ ഉപ്പുണ്ടോ? പേസ്റ്റിൽ ഉപ്പില്ലേ? ഉപ്പില്ലാഞ്ഞിട്ടായിരിക്കുമോ ഗ്ലൈസിംഗ് കുറഞ്ഞുപോയത് പക്ഷേ ആ കോട്ടിട്ട ഡോക്ടർ പറയുന്നത് മെഡിക്കൽ അസ്സോസ്സിയേഷൻ അംഗീകരിച്ച പേസ്റ്റേ ഉപയോഗിക്കാവൂ എന്നാണ്. പേസ്റ്റിനെ മാത്രം പറഞ്ഞിട്ട് കാര്യമില്ല. ചിലപ്പോൾ ബ്രഷിന്റെ പ്രശ്നമാവാം. ബ്രസിൽസ് എല്ലായിടത്തും എത്തുന്ന തരത്തിൽ ഉള്ളതാവണം ഉപയോഗിക്കുന്ന ടൂത്ത് ബ്രഷ് ഇതൊക്കെ അറിയണമെങ്കിൽ ടിവിതന്നെ കാണണം വെറുതെയല്ല കണ്ണിന് കാഴ്ചകുറഞ്ഞ മുത്തച്ഛൻ ഇപ്പോഴും ഉമിക്കരിയും മാവിലയും ഉപയോഗിക്കുന്നത്. ടിവി കാണാറില്ലല്ലോ.




സുഹൃത്തുക്കളും സഹമുറിയന്മാരും അറിവുകൾ പകർന്നു നല്കുന്നതിൽ നല്ല പങ്കു വഹിക്കുന്നവരാണ്. ഉദാഹരിക്കാം.

മാത്തച്ചൻ എന്ന മിത്രം ആശുപത്രിയിലാണ്. അൾസറിന്റെ തുടക്കം.

രോഗ ചരിത്രത്തെപറ്റി സുഹൃത്തുക്കൾ പറയുന്നതിങ്ങനെ. രണ്ടു മാസം മുമ്പു നടത്തിയ മെഡിക്കൽ ചെക്കപ്പിൽ കൊളസ്ട്രോൾ അല്പം കൂടുതലായിരുന്നു. കൊളസ്ട്രോളിന് കാന്താരി മുളക് നല്ലതാണെന്ന അറിവ് പകർന്നു നല്കിയത് കൂടെ താമസിക്കുന്ന സഹമുറിയൻ. തുടർന്ന് നാട്ടിൽ നിന്ന് വരുന്നവർ ഓരോരുത്തരായി ഓരോ ഹോർലിക്സ് കുപ്പിനിറയെ കാന്താരി മുളക് മാത്തച്ചനായി ഫൈള്റ്റിൽ എത്തിച്ചു. കാന്താരി മുളക് ചികിത്സ ഫലിച്ചതാണോ എന്തോ കൊളസ്ട്രോൾ ഒരു വിധം കൺട്രോൾഡ്.



ചതി പറ്റിയത് മറ്റൊരു തരത്തിലാണ്. അൾസറ് കാന്താരി മുളക് ചികിത്സയുടെ പരിണിത ഫലമെന്നാണ് ഡോക്ടർ പക്ഷം. ഇത്രയുമായപ്പോഴാണ് മറ്റൊരു സുഹൃത്ത് മനസ്സിലുള്ള അറിവു തുറന്നത് - കാന്താരി മുളകിന്റെ അധിക ഉപയോഗം പൈൽസിന് കാരണമാകുമെന്ന്. ഉള്ള സ്വസ്ഥത കളഞ്ഞു. ഇവനൊക്കെ ഇത് നേരത്തെ പറഞ്ഞു കൂടായിരുന്നോ.

ഇനിയുമുണ്ട് നമ്മെ അറിവുള്ളവരും ബോധവാന്മാരുമാക്കുന്ന മാധ്യമങ്ങൾ. രാവിലെ തന്നെ പത്രം വായിക്കുക. ഒട്ടുമിക്കവർക്കും അതൊരു ശീലമാണ്. ഇന്ന് പക്ഷെ പ്രത്യേകിച്ച് വാർത്ത എന്നു പറയാൻ ഒന്നുമില്ല. സ്വർണ്ണത്തിന് റെക്കോഡ് വില – അതാണ് സ്പെഷ്യൽ. നേരത്തെ കുറെ സ്വർണ്ണം വാങ്ങി വച്ചിരുന്നേൽ രക്ഷപ്പെട്ടേനെ. പക്ഷെ സ്വർണ്ണം വാങ്ങണേൽ "അക്ഷയ തൃദിയ'ക്ക് വാങ്ങണം. ക്ഷയിക്കില്ല. ഇതൊക്കെ ജ്വല്ലറിക്കാർ പത്രങ്ങൾ മുഖേന തരുന്ന അറിവുകളാണ്.



സത്യൻ മാഷ് ബാങ്ക് ലോണെടുത്ത് സ്വർണ്ണം വാങ്ങിയതും ഈ അക്ഷയ തൃദിയ'ക്കു തന്നെ. എങ്ങനെയും ഒന്നു കരപറ്റാനുള്ള ആഗ്രഹം കൊണ്ടായിരിക്കും. എന്നിട്ടെന്തായി?



ഇപ്പോൾ അക്ഷയ ഫൈനാൻസിന്റെ പടികൾ ദിനവും ധൃതിയിൽ കയറിയിറങ്ങുന്നവരുടെ കൂട്ടത്തിൽ സത്യൻ മാഷാണ് മുൻപിൽ എന്നാണ് ശ്രുതി. വാങ്ങിയ സ്വർണ്ണ പണ്ടോം വീടിന്റെ ആധാരവും അങ്ങനെ ഓരോന്നായി പണയം വച്ചിട്ടും മാനേജ് ചെയ്യാൻ കഷ്ടപ്പെടുകയാണ് പാവം. വച്ചിരിക്കുന്ന ബാങ്കിന്റെ പലിശയ്ക്കും ഫൈനാൻസുകാരന്റെ പലിശയ്ക്കും ഒരു ക്ഷയവും സംഭവിക്കുന്നമട്ടില്ല.

ഇടയ്ക്ക് ചില സെമിനാറുകൾ അറ്റൻഡ് ചെയ്യുന്നത് വളരെ ഗുണകരമാണ്. ഇപ്പൊതന്നെ അക്ഷയ തൃദീയക്ക് ഞാൻ സ്വർണ്ണം വാങ്ങാതിരുന്നത് ഇത്തരം ഒരു സെമിനാർ അറ്റൻഡ് ചെയ്തതു കൊണ്ടാണ്. നിക്ഷേപകാര്യങ്ങളിലും ധന വിനിയോഗത്തിലും നല്ല നല്ലനിർദ്ദേശങ്ങൾ നല്കുന്ന സെമിനാർ.

നല്ല പാണ്ഡിത്യമുള്ള വിദഗ്ദനാണ് ക്ലാസ്സെടുത്തത്. അദ്ദേഹമാണ് പുതിയ ചില നിക്ഷേപപദ്ധതികളെക്കുറിച്ചുള്ള അറിവ് പകർന്നു തന്നത്. നമ്മളൊക്കെ ഇപ്പോഴും പഴഞ്ചൻ രീതികളാണത്രേ തുടർന്നു വരുന്നത് – സ്വർണ്ണം വാങ്ങലും, ബാങ്ക് ഡെപ്പോസിറ്റും പക്ഷേ ഇപ്പറഞ്ഞ പുതുനിക്ഷേപ പദ്ധതികൾ മൂന്നും, നാലും ഇരട്ടി റിട്ടേൺ തരുമത്രേ.

ഏതായാലും സതീഷിന് അതങ്ങു തീർത്തും ബോധ്യമായി. എന്തിന് വെറുതേ സ്വർണ്ണാഭരണങ്ങൾ പെട്ടിയിൽ വച്ചു കൊണ്ടിരിക്കുന്നു. ഭാര്യയുടേയും മക്കളുടേയും ഉണ്ടായിരുന്ന സ്വർണ്ണം മുഴുവൻ ഇരട്ടി റിട്ടേൺ പ്രതീക്ഷിച്ച് എടുത്തു വിറ്റു. ഇപ്പറഞ്ഞ പുതു മാർക്കറ്റിൽ ധൈര്യമായി നിക്ഷേപിച്ചു. ഒരു മാസം കഴിഞ്ഞപ്പോൾ കേൾക്കുന്നു– ഇപ്പറഞ്ഞ പുതു മാർക്കറ്റ് ഇടിഞ്ഞു. ഇട്ടകാശ് പോയിട്ട് പകുതി പോലും കിട്ടില്ല.

എവിടെയോ ഒരു വരി വിട്ടുപോയി – 'ഇൻവെസ്റ്റ്മെന്റസ് ആർ സബ്ജെക്ടു മാർക്കറ്റ് ഫ്ളക്ച്ചുവേഷൻസ്'.

ഇന്നത്തെ പത്രം സതീഷ് കണ്ടോ എന്തോ? സഹിക്കില്ല! അവന്റെ വിധി!

പലവിധ ശ്രോതസ്സുകളിൽ നിന്ന് ചില വില്ലാതെ ഒഴുകുന്ന ഇത്തരം അറിവുകൾ ഒരുപാടു പേരുടെ ജീവിതത്തിൽ സ്വാധീനം ചെലുത്താറുണ്ട്. എന്തൊക്കെയായാലും പല നുറുങ്ങുഅറിവുകളും ഉപകാരപ്രദങ്ങളെങ്കിലും ഉപദ്രവകാരികളും ഇക്കൂട്ടത്തിലുണ്ട്. വിവേകബുദ്ധിയോടെ ഇവയുടെ ആധികാരികത വേർതിരിച്ചെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ ഇത്തരം അറിവുകൾ വില്ലനായിവന്ന് നമ്മുടെ വിധിയെവരെ നിർണ്ണയിച്ചേക്കാം.

# നോർക്ക റൂട്ട്സിന്റെ
## പ്രവർത്തനങ്ങളും ക്ഷേമപദ്ധതികളും



ഇസ്മായേൽ റാവുത്തർ
ഡയറക്ടർ, നോർക്ക റൂട്ട്സ്

കേരളത്തിന് പുറത്തും ഇന്ത്യയ്ക്കകത്തും വിദേശത്തും ഉള്ള പ്രവാസി മലയാളികളുടെ ക്ഷേമത്തിനും സുരക്ഷക്കും വേണ്ടി കേരള സർക്കാരിന്റെ കീഴിലുള്ള പ്രവാസികാര്യ വകുപ്പ് 2002ൽ കമ്പനീസ് ആക്ട് അനുസരിച്ച് രൂപീകൃതമായ സ്ഥാപനമാണ് നോർക്ക റൂട്ട്സ്.

സാമ്പത്തികമായും ഭരണപരമായും സ്വാതന്ത്ര്യമുള്ളതാണ് നോർക്ക റൂട്ട്സ്. ഇതിന്റെ ചെയർമാൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയാണ്. പ്രവാസികാര്യ മന്ത്രി കെ.സി.ജോസഫും എം.കെ.ഗ്രൂപ്പ് എം.ഡി. പത്മശ്രീ എം.എ.യൂസഫലി എന്നിവർ വൈസ് ചെയർമാൻമാരുമാണ്.

പ്രവാസി കേരളീയർക്കായി സംസ്ഥാന സർക്കാർ ആവിഷ്കരിക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുക, പ്രവാസികൾക്ക് വിദേശത്തും സ്വദേശത്തും ആവശ്യമുള്ള സേവനങ്ങൾ നൽകുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. വിദേശത്തു വെച്ച് മരണമടയുന്ന കേരളീയരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് സഹായിക്കുക, മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുക. വിദേശത്തു വെച്ച് അപകടത്തിൽപ്പെടുന്നവരെ സാമ്പത്തികമായി സഹായിക്കുക, ആവശ്യമായ സന്ദർഭങ്ങളിൽ നിയമസഹായം എത്തിക്കുക, ജയിൽ മോചിതരാകുന്നവർക്ക് നാട്ടിൽ തിരിച്ചെത്തുന്നതിനാവശ്യമായ ടിക്കറ്റുകൾ നൽകുക, വിസ തട്ടിപ്പിന് ഇരയാകുന്നവരെ സഹായിക്കുക, അനധികൃത റിക്രൂട്ട്മെന്റ് തടയുന്നതിന് നടപടി സ്വീകരിക്കുക, വിദേശത്ത് തൊഴിൽ പ്രശ്നങ്ങൾ മൂലം തിരിച്ചുപോകാൻ സാധിക്കാത്തവർക്ക് സഹായമെത്തിക്കുക, വിദേശമലയാളികളുടെ ബന്ധുക്കൾക്കും ആരോഗ്യ സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുക, വിദേശ മലയാളികളുടെ കുട്ടികൾക്ക് പഠന സൗകര്യം ഏർപ്പെടുത്തുക, തിരിച്ചു വരുന്നവരുടെ പുനരധിവാസം, പ്രവാസി മലയാളികൾക്ക് കേരളത്തിൽ നിക്ഷേപത്തിന് വേണ്ട സൗകര്യങ്ങൾ, മറുനാടൻ മലയാളികളുടെ യാത്രാക്ലേശങ്ങൾ പരിഹരിക്കുക തുടങ്ങിയവ നോർക്ക റൂട്ട്സിന്റെ പ്രധാനക്ഷേമ പ്രവർത്തനങ്ങളാകുന്നു. കൂടാതെ വിദേശ തൊഴിലന്വേഷകർക്കാവശ്യമായ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ, തൊഴിൽ വൈദഗ്ധ്യ പരിശീലനം, പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, വിദേശ റിക്രൂട്ട്മെന്റ് തുടങ്ങിയ സേവനങ്ങൾ നോർക്ക റൂട്ട്സ് നൽകുന്നു. ഇതിനോടൊപ്പം തന്നെ നിയന്ത്രണങ്ങളോടെ പ്രവാസി സംഘടനകൾക്ക് അംഗീകാരവും നൽകുന്നുണ്ട്.

ഇത്തരത്തിലുള്ള സേവനങ്ങളും ക്ഷേമപദ്ധതികളും ധനസഹായങ്ങളും എളുപ്പത്തിലും വേഗത്തിലും ലഭിക്കുന്നതിനായി നോർക്ക റൂട്ട്സ് പ്രവാസി തിരിച്ചറിയൽ കാർഡ് നൽകുന്നുണ്ട്. ഇതുള്ളവർക്ക് രണ്ട് ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും ലഭിക്കും. നോർക്ക റൂട്ട്സിന്റെ ഹെഡ് ഓഫീസ് തിരുവനന്തപുരത്ത് തൈക്കാട് ഗസ്റ്റ്ഹൗസിനു സമീപമുള്ള നോർക്ക സെന്ററിന്റെ 3,4 നിലകളിൽ പ്രവർത്തിക്കുന്നു. ഇതു കൂടാതെ എറണാകുളം കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാ കേന്ദ്രങ്ങളും കളക്ടറേറ്റുകളിൽ ജില്ലാതല സെല്ലുകളും ഉണ്ട്.

കേരളത്തിന് പുറത്ത് മുംബൈ, ന്യൂഡൽഹി എന്നിവിടങ്ങളിൽ എൻ.ആർ.കെ. ഡവലപ്മെന്റ് കേന്ദ്രങ്ങളും, ബാംഗ്ലൂർ, ചെന്നൈ, ബറോഡ എന്നിവിടങ്ങളിൽ ഓഫീസുകളുമുണ്ട്. നോർക്ക റൂട്ട്സ് കോൾ സെന്റർ രാവിലെ എട്ടു മണി മുതൽ വൈകിട്ട് എട്ടു മണി വരെ പ്രവർത്തിക്കുന്നു.

വിദേശത്ത് നിന്ന് വിളിക്കേണ്ട നമ്പർ 0091 471 2333339 ഉം ടോൾ ഫ്രീ നമ്പർ 1800 425 3939 ഉം ആകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഫോൺ 0091471 233 2416, 0091471 2332452.
ഫാക്സ് 0091471 2326263.
ഇ മെയിൽ-mail@norkaroots.net
വെബ്സൈറ്റ്- www.norkaroots.net




Mohan Nair
Development Manager

orient

**Tel** **+971 6 568 2045 - Ext 120**
Fax +971 6 568 1334
**Mob** +971 50 476 67 32
**P.O. Box 6654, Sharjah, UAE**

Email marketing.aoicshj@alfuttaim.ae

orient

Leading in insurance for 30 years





സജി തോമസ്, എടലക്കാട്

# ചിരിയുടെ ലോകം

**ചിരി,** മറ്റു ജീവികളെ അപേക്ഷിച്ച് മനുഷ്യന് ദൈവം നൽകിയിരിക്കുന്ന ഒരു വലിയ അനുഗ്രഹം. പല ഭാവങ്ങളിൽ. എന്നാൽ ഒരു പേരിൽ. ഭൂമിയിൽ കരഞ്ഞുകൊണ്ട് ജന്മമെടുത്ത് മനുഷ്യന്റെ കൈകളിൽ എത്തിയപ്പോൾ പല്ലില്ലാതെ എല്ലാവരെയും നോക്കി ഞാൻ ചിരിച്ചു. നിഷ്ക്കളങ്കമായ ഒരു ചിരി. ആദ്യാക്ഷരം പഠിപ്പിച്ച ഗുരുവിന്റെ മുഖത്ത് നോക്കി ഞാൻ ചിരിച്ചു. അറിവിന്റെ ചിരി. കലാലയത്തിന്റെ പടി കയറിയപ്പോൾ കള്ളനോട്ടം നൽകി കടലാസുപൂക്കൾ ഉതിർന്നു വീണ നടവഴിയിൽ അവൾ ആദ്യമായി എന്നെ നോക്കി ചിരിച്ചു. പരിചയത്തിന്റെ ഒരു ചിരി. പിന്നീടെപ്പോഴോ മനസ്സിൽ അറിയാതെ മറുപടിയായി അവളെനിക്ക് തന്നത് പ്രണയത്തിന്റെ വശ്യമായ ഒരു ചിരിയായിരുന്നു. പ്രണയം നനച്ച ആ ചിരി ഒഴുകിയ കാലങ്ങൾക്ക് ശേഷം എന്റെ പ്രണയത്തെ തിരസ്ക്കരിച്ചുകൊണ്ട് അവളുടെ മനസ്സ് മറ്റാർക്കോ നൽകിക്കൊണ്ട് എന്നെ നോക്കി വീണ്ടും ചിരിച്ചു. വഞ്ചന ഒളിഞ്ഞിരിക്കുന്ന ചിരി. ഒരു പെണ്ണിനാൽ വഞ്ചിക്കപ്പെട്ട എന്നെ നോക്കി എന്റെ കൂട്ടുകാരും ചിരിച്ചു. പരിഹാസത്തിന്റെ ഒരു ചിരി. കലാലയത്തിന്റെ പടിയിറങ്ങുമ്പോൾ ഒന്നു തിരിഞ്ഞു നോക്കി ഞാനും ചിരിച്ചു. നൊമ്പരത്തിന്റെ ഒരു ചിരി. അവസാനം ഭൂമിയിൽ നിന്ന് തിരിച്ച് പോകുമ്പോൾ പല്ലില്ലാതെ നിഷ്ക്കളങ്കമായി ഞാൻ ഒന്നുകൂടി ചിരിക്കും. വിടവാങ്ങലിന്റെ ഒരു ചിരി.

# PAINTINGS




Harikrishnan
Age : 11



Irin paul
Age : 7






മോഹൻലാലിനൊപ്പം എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ.

## മലയാളത്തിന്റെ പ്രിയതാരം ആൻറിയക്ക് ആശംസകൾ നേരുന്നു

അങ്കമാലിയിലെ പ്രധാനമന്ത്രി ...മലയാളി നെഞ്ചേറ്റിയ പ്രശസ്ത സിനിമയായ കിലുക്കത്തിലെ ഒരു സംഭംഷണ ശകലമാണ് അങ്കമാലിയെ പറ്റി പറയുമ്പോൾ എന്റെ മനസ്സിലേക്ക് ഓടി വരുന്നത്. അങ്കമാലിയെ ആദരവോടെ കാണുന്ന ഒരുവനാണ് ഞാൻ. ഷൂട്ടിങ് ആവശ്യാർത്ഥം പലകുറി അവിടെ വന്നിട്ടുണ്ട്. നാടും കാടും ഗ്രാമഭംഗിയും നഗരസ്വഭാവവും വിമാനത്താവളവുമൊക്കെ ഒന്നിക്കുമ്പോഴും അങ്കമാലിയുടെ ഹൃദയം ഇപ്പോഴും ഒരു നിഷ്കളങ്ക ബാല്യം പോലെയാണെന്നു തോന്നാറുണ്ട്. ദുബായിയിൽ സ്വകാര്യ ആവശ്യാർത്ഥം എത്തിയപ്പോഴാണ് അങ്കമാലി സുഹൃത്തുക്കൾ ഇത്തരമൊരു സുവനീർ സംരംഭത്തെപ്പറ്റി പറഞ്ഞത്. ആൻറിയയ്ക്കും ഇതിലെ പങ്കാളികൾക്കും ഹൃദയം നിറഞ്ഞ ആശംസകൾ.

നിങ്ങളുടെ സ്വന്തം മോഹൻലാൽ.






ആൻറിയയുടെ മാഗസിൻ ലോഗോ ദിലീപിന് കൈമാറിയപ്പോൾ. അൻവർ സാദത്ത് എം.എൽ.എയും എഡിറ്റോറിയൽ ബോർഡ് അംഗങ്ങളും സമീപം.

## ഹൃദയപൂർവ്വം ദിലീപ്

ആൻറിയയ്ക്കൊപ്പം നേരത്തേയും സന്തോഷം പങ്കിടാൻ അവസരം ലഭിച്ചിട്ടുണ്ട്. അയൽപക്കക്കാരോട് എന്നും ആദരവും ബഹുമാനവും നൽകുന്നതാണ് നമ്മുടെ സംസ്കാരത്തിന്റെ മഹത്വം. ആലുവക്കാരനായ ഞാൻ അങ്കമാലിക്കാർക്ക് നൽകുന്നത് അയൽപക്കക്കാരന്റെ ആദരവു തന്നെയാണ്. ഒരുപാട് സുഹൃത്തുക്കൾ എനിക്ക് ഈ മേഖലയിൽ ഉണ്ട്. എന്റെ യാത്രയിൽ നിരന്തരം ഈ അയൽപട്ടണം കടന്നുവരികയും ചെയ്യുന്നു. ഗൾഫിൽ അങ്കമാലിക്കാർക്കായി ഒരു കൂട്ടായ്മ രൂപീകൃതമായതിലും അത് ശക്തിയോടെ നിലകൊള്ളുന്നതിലും ഞാൻ സന്തോഷിക്കുന്നു. ഈ പ്രസ്ഥാനം ഉയരങ്ങളിലേക്ക് കുതിക്കട്ടെ. വിനീതനായ ഞാൻ നിങ്ങൾക്കൊപ്പമുണ്ട്.

സ്വന്തം ദിലീപ്

മലയാളികളുടെ സ്വപ്ന ഭൂമികയാണ് ഗൾഫ്. എന്നെങ്കിലുമൊരിക്കൽ ഗൾഫിലേക്ക് പറക്കണമെന്നതും ഇവിടെ കുറെക്കാലം തൊഴിലെടുത്ത് ജീവിതാവസ്ഥ മെച്ചപ്പെടുത്തണം എന്നതും ഒട്ടേറെക്കാലം പിന്നിട്ടിട്ടും ഒരു മോഹവലയായി മലയാളി സമൂഹത്തിനു മുൻപിൽ നിലനിൽക്കുന്നു. ഒരാൾ ഗൾഫുകാരനായി മാറുന്ന നമ്മുടെ പരമ്പര) ചിന്താധാരയെ കുറ്റം പറയാനൊക്കില്ല. കാരണം ഹരിതാഭ നിറഞ്ഞ നമ്മുടെ നാടിന് സാമ്പത്തികമായ പച്ചപ്പ് നൽകിയത് ഈ പ്രവാസി സമൂഹമാണല്ലോ. പക്ഷെ, സാമ്പത്തികമായ മികവിലും മെച്ചപ്പെട്ടതെന്ന് നാം ഉറപ്പിക്കുന്ന ഗൾഫ് ജീവിതാവസ്ഥയിലും നമ്മുടെ ആരോഗ്യത്തിന്റെ അവസ്ഥയെന്താണ്? ഗൾഫിന്റെ ജീവിതാവസ്ഥയും ഇവിടുത്തെ അനുദിന രീതികളും നമ്മുടെ ശാരീരികാരോഗ്യത്തിനും മാനസികാരോഗ്യത്തിനും എത്രമാത്രം ഗുണപ്രദമാണ്. കൊളസ്ട്രോൾ സൂചിക ഉയരുമ്പോൾ, പ്രമേഹം അതിരുകടക്കുമ്പോൾ, രക്തസമ്മർദ്ദം നിയന്ത്രണരേഖ മറികടക്കുമ്പോൾ അതിനെയെല്ലാം ഗൾഫ് ജീവിതത്തിന്റെ ഭാഗമായി ക□ നെടുവീർപ്പിടുന്നവർ ജാഗ്രതൈ. ഇതെല്ലാം നിങ്ങളിൽ എത്തിച്ചത് ഗൾഫ് ജീവിതം മാത്രമല്ല, മറിച്ച് നിങ്ങളുടെ ജീവിത ശൈലിയാണ് എന്ന തിരിച്ചറിവിലേക്ക് എത്തിയില്ലയെങ്കിൽ നാം നമ്മുടെ ആയുസ്സിന് തന്നെ കുഴിതോ□ുകയെന്നതാകാം ശരി. ആധുനികതയുടെ വേഗതയിൽ ജീവിതശൈലി മാറ്റങ്ങൾകൊ□ സൃഷ്ടിക്കപ്പെടുന്ന അതിരക്തസമ്മർദ്ദം (ണശവെ യഹീീറ ജൃലെ ൌൃല) പ്രമേഹം (ഉശമയലലേ ഒലഹശൗേ) രക്തത്തിൽ അമിതമായ കൊഴുപ്പ് (ഉ്യഹെശുശറലാശമ) ഇപ്പോൾ നമുക്കിടയിൽ അതിവേഗം വർദ്ധിക്കുകയും മറ്റ് അസുഖങ്ങൾക്ക് അടിത്തറ പാകുകയും ചെയ്യുന്നു. ഗൾഫ് മേഖലയിൽ ജീവിക്കുന്ന മലയാളികളാണു ഈ അസുഖങ്ങളുടെ ഇരകളേറെയും. ജോലി സമ്മർദ്ദം, വ്യായാമക്കുറവ്, ഉറക്കമില്ലായ്മ, പാരമ്പര്യം തുടങ്ങിയ കാരണങ്ങൾ നിരത്തി, ഒന്നുകിൽ ഈ അസുഖങ്ങൾ ശ്രദ്ധിക്കാതിരിക്കുകയോ അല്ലെങ്കിൽ മരുന്നുകളെ മാത്രം ആശ്രയിക്കുകയോ ചെയ്യുന്ന തെറ്റായ പ്രവണതയാണ് ഇവിടെ ക□ു വരുന്നത്. അവ തടയുവാനും നിയന്ത്രണ വിധേയമാക്കുവാനും നമുക്കു മുൻപിലുള്ള നല്ല സാദ്ധ്യതകളെ നാം വിനിയോഗപ്പെടുത്തണം. കൃത്യമായ വ്യായാമം : അലസതയും മടിയുമാണ് ഇത്തരം അസുഖങ്ങൾക്കും അടിത്തറ പാകുന്നത്. ഇതിനോട് വിട പറഞ്ഞേ പറ്റൂ. വ്യായാമത്തിന്റെ നിഷ്ഠയിലേക്ക് നാം ജീവിതത്തെ തിരിച്ചെത്തിക്കണം. സമയ



# ചില ആരോഗ്യ വിചാരങ്ങൾ...



ഡോ. അനു അബേൽ ജേക്കബ്, നീലീശ്വരം
ജനറൽ പ്രാക്റ്റീഷണർ,
അൽ കനാരി മെഡിക്കൽ സെന്റർ, ഷാർജ

മലയാളികളുടെ സ്വപ്ന ഭൂമികയാണ് ഗൾഫ്. എന്നെങ്കിലുമൊരിക്കൽ ഗൾഫിലേക്ക് പറക്കണമെന്നതും ഇവിടെ കുറെക്കാലം തൊഴിലെടുത്ത് ജീവിതാവസ്ഥ മെച്ചപ്പെടുത്തണം എന്നതും ഒട്ടേറെക്കാലം പിന്നിട്ടിട്ടും ഒരു മോഹവലയായി മലയാളി സമൂഹത്തിനു മുൻപിൽ നിലനിൽക്കുന്നു. ഒരാൾ ഗൾഫുകാരനായി മാറുന്ന നമ്മുടെ പാരമ്പര്യ ചിന്താധാരയെ കുറ്റം പറയാനൊക്കില്ല. കാരണം ഹരിതാഭ നിറഞ്ഞ നമ്മുടെ നാടിന് സാമ്പത്തികമായ പച്ചപ്പ് നൽകിയത് ഈ പ്രവാസി സമൂഹമാണല്ലോ.

പക്ഷെ, സാമ്പത്തികമായ മികവിലും മെച്ചപ്പെട്ടതെന്ന് നാം ഉറപ്പിക്കുന്ന ഗൾഫ് ജീവിതാവസ്ഥയിലും നമ്മുടെ ആരോഗ്യത്തിന്റെ അവസ്ഥയെന്താണ്? ഗൾഫിന്റെ ജീവിതാവസ്ഥയും ഇവിടുത്തെ അനുദിന രീതികളും നമ്മുടെ ശാരീരികാരോഗ്യത്തിനും മാനസികാരോഗ്യത്തിനും എത്രമാത്രം ഗുണപ്രദമാണ്. കൊളസ്ട്രോൾ സൂചിക ഉയരുമ്പോൾ, പ്രമേഹം അതിരുകടക്കുമ്പോൾ, രക്തസമ്മർദ്ദം നിയന്ത്രണ രേഖ മറികടക്കുമ്പോൾ അതിനെയെല്ലാം ഗൾഫ് ജീവിതത്തിന്റെ ഭാഗമായികണ്ട് നെടു വീർപ്പിടുന്നവർ ജാഗ്രതൈ. ഇതെല്ലാം നിങ്ങളിൽ എത്തിച്ചത് ഗൾഫ് ജീവിതം മാത്രമല്ല, മറിച്ച് നിങ്ങളുടെ ജീവിത ശൈലിയാണ് എന്ന തിരിച്ചറിവിലേക്ക് എത്തിയില്ലയെങ്കിൽ നാം നമ്മുടെ ആയുസ്സിന് തന്നെ കുഴിതോണ്ടുകയെന്നതാകാം ശരി.

ആധുനികതയുടെ വേഗതയിൽ ജീവിത ശൈലി മാറ്റങ്ങൾകൊണ്ട് സൃഷ്ടിക്കപ്പെടുന്ന അതിരക്തസമ്മർദ്ദം (High blood Pressure) പ്രമേഹം (Diabetes Melitus) രക്തത്തിൽ അമിതമായ കൊഴുപ്പ് (Dyslipidemia) ഇപ്പോൾ നമുക്കിടയിൽ അതിവേഗം വർദ്ധിക്കുകയും മറ്റ് അസുഖങ്ങൾക്ക് അടിത്തറ പാകുകയും ചെയ്യുന്നു. ഗൾഫ് മേഖലയിൽ ജീവിക്കുന്ന മലയാളികളാണു ഈ അസുഖങ്ങളുടെ ഇരകളേറെയും.

ജോലി സമ്മർദ്ദം, വ്യായാമക്കുറവ്, ഉറക്കമില്ലായ്മ, പാരമ്പര്യം തുടങ്ങിയ കാരണങ്ങൾ നിരത്തി, ഒന്നുകിൽ ഈ അസുഖങ്ങൾ ശ്രദ്ധിക്കാതിരിക്കുകയോ അല്ലെങ്കിൽ മരുന്നുകളെ മാത്രം ആശ്രയിക്കുകയോ ചെയ്യുന്ന തെറ്റായ പ്രവണതയാണ് ഇവിടെ കണ്ടു വരുന്നത്. അവ തടയുവാനും നിയന്ത്രണ വിധേയമാക്കുവാനും നമുക്കു മുൻപിലുള്ള നല്ല സാദ്ധ്യതകളെ നാം വിനിയോഗപ്പെടുത്തണം.

**കൃത്യമായ വ്യായാമം:** അലസതയും മടിയുമാണ് അസുഖങ്ങൾക്കും അടിത്തറ പാകുന്നത്. ഇതിനോട് വിടപറഞ്ഞേ പറ്റൂ. വ്യായാമത്തിന്റെ നിഷ്ഠയിലേക്ക് നാം ജീവിതത്തെ തിരിച്ചെത്തിക്കണം. സമയക്കുറവ് പ്രശ്നമാകുമ്പോൾ ശ്രദ്ധിക്കുക. ഒരേ അളവ് വ്യായാമം പല സമയങ്ങൾ കൊണ്ട് ചെയ്താലും അതിന്റേതായ പ്രയോജനം ലഭിക്കും. ലിഫ്റ്റുകൾക്കു പകരം സ്റ്റെപ്പുകൾ ഉപയോഗിക്കു വാൻ ശ്രദ്ധിക്കണം. ഇതുപോലെ ശരീരത്തിന് അൽപ്പം അനക്കം ലഭിക്കുവാൻ ഇടയുള്ള എല്ലാ സാഹചര്യങ്ങളും നാം വിനിയോഗിക്കണം. തൊഴിൽ ജീവിതത്തിൽ കൃത്യമായ ടൈം പ്ലാനിംഗിലൂടെ ജോലി സമ്മർദ്ദം കുറക്കുവാനും അതുവഴി രക്തത്തിലെ സ്ട്രെസ്സ് ഹോർമോൺ നിലയിലെ വ്യതിയാനങ്ങളേയും, സമ്മർദ്ദ അനുബന്ധരോഗങ്ങളെയും നിയന്ത്രണ വിധേയമാക്കാനും സാധിക്കും.

ശരീരഭാരം Body Mass Index (BMI) 20-25 വരെയാണ് ദക്ഷിണേന്ത്യൻ ശാരീരക ഘടനയ്ക്കു ഉത്തമം. $\frac{\text{Wt. in Kg}}{\text{Ht. in m}^2}$ എന്ന രീതിയിൽ നിങ്ങൾക്കും ആരോഗ്യകരമായ ശരീരഭാരമാണോ ഉള്ളതെന്നു മനസ്സിലാക്കാം.

**ആരോഗ്യ പരിശോധന:**

നമ്മുടെ ശരീരം രോഗാതുരം എന്ന് മനസ്സിലാക്കും വരെ എല്ലാം പെർഫെക്ട് ആണെന്ന് കണക്കാക്കുന്നവരാണ് നാം. വേഗതയാർന്ന ഈ ലോക ക്രമത്തിലെ ആരോഗ്യത്തെപ്പറ്റിയുള്ള ഏറ്റവും മണ്ടൻ ചിന്തയാണിത്. നമുക്കു ചുറ്റുമുള്ളവർ ഏതെങ്കിലുമൊക്കെ അസുഖം പേറുന്നവരാകാം. പക്ഷെ നാം കരുതുകയാണ് ഇത്തരം അസുഖങ്ങളൊന്നും നമ്മെ കീഴടക്കില്ല എന്ന്. ഈ ചിന്താഗതി നമ്മെ വേണ്ടപ്പെട്ടവർക്ക് അപരിഹാര്യമായ അവസ്ഥയിലേക്ക് കാര്യങ്ങളെ എത്തിക്കും. അതിനാൽ മേൽപ്പറഞ്ഞ അസുഖ സാധ്യതയുള്ളവർ (പാരമ്പര്യം/ Boarderline Value) വർഷത്തിലൊരിക്കലും അല്ലാത്തവർ 2-3 വർഷത്തിലെങ്കിലും Sugar, Lipid Profile തുടങ്ങിയവ യെങ്കിലും പരിശോധിക്കണം. Executive Check up പോലുള്ളവ നടത്തിയാൽ നന്ന്.

### ഭക്ഷണക്രമം

ആഹാരത്തിൽ പച്ചക്കറികളും പഴവർഗ്ഗങ്ങളും ധാരാളമായി ഉൾപ്പെടുത്തണം. മൈദ, ബേക്കറി ഉത്പന്നങ്ങൾ, റെഡ് മീറ്റ് തുടങ്ങിയവ നിയന്ത്രിക്കുകയോ ഒഴിവാക്കുകയോ ചെയ്യണം. മത്തി, അയല, സാൽമൺ തുടങ്ങിയ മത്സ്യങ്ങൾ പൊതുവെ ഹൃദയാരോഗ്യം പ്രദാനം ചെയ്യുന്നവയാണ്. ഒരു ദിവസം ഏറ്റവും ചുരുങ്ങിയത് രണ്ടു ലിറ്റർ വെള്ളം കുടിച്ചെന്ന് ഉറപ്പു വരുത്തണം. പഴം, പച്ചക്കറി, ഇല വർഗ്ഗങ്ങൾ ഉപയോഗത്തിന് മുൻപ് കൃത്യമായി കഴുകി മാത്രം ഉപയോഗിച്ചില്ലെങ്കിൽ അത് മറ്റ് അസുഖങ്ങൾക്ക് വഴി വെച്ചേക്കാം. ഇവിടെ കിട്ടുന്ന വെള്ളത്തിൽ ഉപ്പിന്റെ അംശം കൂടുതലായതിനാൽ പൈപ്പുവെള്ളം പാചകത്തിനു ഉപയോഗിക്കുന്നത് നിയന്ത്രിക്കുക.






മദ്യപാനം ഒഴിവാക്കാൻ സാധിക്കില്ല എന്നുള്ളവർ ഡോക്ടറുടെ ഉപദേശം ഇക്കാര്യത്തിൽ തേ ടണം. പ്രത്യേകിച്ച് കൊളസ്ട്രോൾ, ബി.പി., കരൾ രോഗങ്ങൾ (Liver Disorder) എന്നിവയുടെ ലക്ഷണങ്ങൾ ള്ളവർ. കാരണം ഇവയ്ക്ക് ഈ ദുശ്ശീലവുമായി നേരിട്ട് ബന്ധമുണ്ട്.

സ്വയം ചികിത്സയാണ് നമ്മുടെ സ്വഭാവത്തിന്റെ മറ്റൊരു രോഗാതുരമായ അവസ്ഥ. പല അസുഖങ്ങൾക്കും മരുന്നുകൾ വേണ്ടെന്നും വേണമെന്നും നാം സ്വയം തീരുമാനിക്കുന്നു. ഡോക്ടർ നൽകിയ മരുന്നുകൾ അസുഖം തീരും വരെ കഴിക്കാതെ ഇടക്കു വെച്ചു നിറുത്തുവാൻ നാം തന്നെ തീരുമാനമെടുക്കുന്നു. എത്ര അപകടകരമായ അവസ്ഥയാണ് ഇതെന്ന് അറിയാമോ? നമ്മുടെ ആരോഗ്യത്തെ അതീവ സങ്കീർണ്ണാ വസ്ഥയിലേക്ക് തള്ളിയിട്ടേക്കാവുന്ന സ്വയം ചികിത്സകൾ നാം അവസാനിപ്പിക്കണം. ഹൃദയരോഗങ്ങൾ, കൊളസ്ട്രോൾ എന്നിവയ്ക്കുള്ള മരുന്നുകൾ പെട്ടെന്ന് നിറുത്തുന്നത് ദോഷം ചെയ്തേക്കാം. നാട്ടിലേക്കാൾ ഗൾഫിന്റെ അനുദിന ജീവിതത്തിൽ പാക്കറ്റ് ഫുഡ്സിനെ നമുക്ക് ആശ്രയിക്കേണ്ടി വരുന്നു. ഇവയുടെ തിരഞ്ഞെടുപ്പ് ഏറെ പ്രധാനപ്പെട്ടതാണ്. Low Sodium അല്ലെങ്കിൽ No salt added ഇനത്തിൽപ്പെട്ടവക്ക് പ്രാധാന്യം നൽകുക. ഉപ്പിലിട്ട ഭക്ഷ്യവസ്തുക്കളെ പരമാവധി അകറ്റിനിർത്തുക. Canned Food Items കഴുകി മാത്രം ഉപയോഗിക്കുക. Ketch Up & Sauce ന് നിയന്ത്രണം ഏർപ്പെടുത്തണം. ഷോപ്പിംഗിനു പോകുമ്പോൾ കണ്ണടച്ച് ട്രോളിയിലേക്ക് സാധനങ്ങൾ എടുത്തിടുന്ന ശീലം ഉപേക്ഷിച്ചേ മതിയാകൂ. ഉൽപ്പന്നങ്ങളിൽ പതിപ്പിച്ചിരിക്കുന്ന ലേബലുകൾ വിശദമായി വായിക്കുവാനും മുന്നറിയിപ്പുകൾ മനസ്സിലാക്കുവാനും നമുക്കാകണം.

രുചിക്കായി ഇവയിൽ ചേർക്കുന്ന ചില കൂട്ടുകൾ അപകടകാരികളാണ്. രക്താതിസമ്മർദ്ദമുള്ളവർ സോഡിയത്തിന്റെ ഡെയ്‌ലി വാല്യൂ അഞ്ചു ശതമാനത്തിൽ താഴെയുള്ള ഭക്ഷണങ്ങൾ തെരഞ്ഞെടുക്കുവാൻ ശ്രമിക്കുക. Mono Sodium Glutamate (msg) പരമാവധി കുറവുള്ളവ തെരഞ്ഞെടുക്കുക. Saturated Fat, Transfat, Cholostrol കുറവടങ്ങിയിരിക്കുന്നവ തിരഞ്ഞെടുക്കുക.

ഹൈപ്പർ ടെൻഷൻ രോഗികൾക്ക് ഒരു ദിവസം അനുവദിക്കപ്പെട്ടിരിക്കുന്നത് ഒരു ടീസ്പൂൺ table salt മാത്രമാണെന്ന് ഓർക്കുക.

ആരോഗ്യവിഷയങ്ങളിൽ, ഭക്ഷണക്രമങ്ങളിൽ ശ്രദ്ധിക്കേണ്ട ഒരു പാടു കാര്യങ്ങളുണ്ട്. പ്രത്യേകിച്ചു നാം മറ്റൊരു രാജ്യത്തിന്റെ ചുറ്റുപാടുകളിൽ കഴിയുമ്പോൾ. സമ്പത്തു നൽകി ആയുസ്സ് കവർന്നെടുക്കലാകരുത് നമ്മുടെ ഗൾഫ് ജീവിതം. ആരോഗ്യം തന്നെയാണ് സമ്പത്ത് എന്ന തിരിച്ചറിവ് നാം എന്നും മുറുകെ പിടിക്കണം.







അഡ്വ. ഷബീർ ഉമ്മർ (സാബു)

# മംഗളം ഭവന്തുഃ!

ആ തളിരിൽ നിന്നും വിടർന്നൊരാ പ്രാവാസാങ്കണത്തിൽ–
ശൈശവത്തിന്റെ കിലുക്കവും,
ബാല്യത്തിന്റെ കങ്കണരിങ്കണ സങ്കലിതവും.
അങ്കമാലിയിൽ നിന്നും തളിയിർത്തൊരാ
തുംഗമാം വാനിൻ ചോട്ടിൽ വീണ്ടും ശിഖരങ്ങളുടെ തളിർപ്പ്
"സന്ദേശമൊന്നേയുള്ളു....
പ്രാർത്ഥനയൊന്നേയുള്ളു..."
നാമെല്ലാം പ്രവാസികളല്ലേ?
പ്രവാസത്തിന്റെ ദളമർമ്മരങ്ങൾ, ഇവിടെയുതിരുന്നു.
വിശ്വമാനവികന്റെ ഈറ്റില്ലമാകാൻ
ഓരോ മനിതനും കഴിയട്ടെ
തുഞ്ചന്റെ കിളിതത്ത ചൊല്ലിയ
മലയാണ്മയുടെ ചെത്തവും ചൂരും
അമ്മിഞ്ഞപ്പാലോടൊപ്പം
ശ്രവിച്ച 'മ'കാരത്തിന്റെ
ഓഷ്ഠസ്ഥൈര്യത്തിലും, ആർദ്രസ്ഥലികളിലും
ഭക്തിയും, വിഭക്തിയും നിറഞ്ഞൊഴുകട്ടെ!
പ്രവാസ – നിവാസ നിഷ്ക്കളങ്കതയിലേക്ക്
ചാനൽ പെരുമഴയുടെ കൈതവങ്ങൾ ചാലിച്ച്
ഭൗതിക സുഗന്ധലേപനം പുരട്ടുന്ന
ആഗോളവത്ക്കരണത്തിന്റെ തീ ജ്വാലകളിൽ നിന്നും
ഈ മസ്തിഷ്ക്കങ്ങളെ മോചിപ്പിച്ച്, ആത്മാവിന്റെ നടനം
സാദ്ധ്യമാക്കാൻ, പരമസത്യത്തെ സമാശ്ലേഷിക്കാൻ
ഈ ശരീരങ്ങൾക്കും കഴിയട്ടെ!
ഗുരുഭൂതന്മാർ ഏവർക്കും തുണയാകട്ടെ!
മംഗളം ഭവന്തുഃ!




Anria's
Onam Celeberation 2011

*With Best Compliments from*

AKBAR GROUP

IATA ACCREDITED AGENT

# Akbar Travels Of India L.L.C

**Tel:07-2283766, Fax:07-2283787, P.O.Box :12934**
**Al Jaber Building, Near Lulu Center, Al Muntasir Road,**
**Al Nakheel, Ras Al Khaimah, UAE.**
**E-mail : rak@akbargulf.com**

## Branches

Akbar Travels of India L.L.C
P.O.Box:12934
Behind Adoc Petrol Station
Al Jazirah,
Ras Al Khaimah UAE
Tel:07 2447833
Fax:07 2447834

Akbar Travels of India L.L.C
P.O Box.:25772,
Al Nahdha Street,
Behind Astoria Hotel
Bur Dubai, UAE,
Tel :04 3935999
Fax: 04 3935599

Akbar Travels of India 1
P.O. Box : 25772,
Shop No: 4
Plot No:358-602
Al Quoz , Dubai, UAE
Tel: 04 3397208
Fax : 043397209

Akbar Travels of India
P.O. Box :66607
Rolla Square, Sharjah , UAE,
Tel:06 5630777
Fax:06 5630707

Akbar Travels of India
P.O.Box :66607
Tiger Building , Ground Floor,
Opp. National Paint R/A
Sharjah, UAE.
Tel:06 5355255
Fax: 06 5350477

Akbar Travels of India L.L.C
P.O Box: 14600, Karama Road
Ajman, UAE
Tel: 06 7428777
Fax: 06 7428111

**H.O Akbar Bhavan, Janjikar street, Near Crawford Market, Mumbai-400003**
**Tel : +91-22-23403434 / 30012222., Fax :+91-22-23432222 /23431144**
**Email : headoffice@akbartravels.in**

# പ്രഭാത സവാരി



വി. ബി. വി. നായർ മൂക്കന്നൂർ

ദേ.......... എഴുന്നേൽക്കുന്നില്ലേ? നേരം ഒരുപാടായി...... തന്റെ ചുമലിൽ പതുക്കെ കുലുക്കി കൊണ്ടുള്ള ഭാര്യയുടെ ശബ്ദം കേട്ട് അയാൾ പതുക്കെ കണ്ണുതുറന്നു. എന്തേ..... ഇന്നു നടക്കാൻ പോകുന്നില്ലേ? അവൾ ചോദിച്ചു. ഉം, ഒന്നു നീട്ടി മൂളിയിട്ട് അയാൾ പിന്നെയും കണ്ണുമടച്ച് കിടന്നു. ഇന്നലെ രാത്രി വൈകിയാണ് കിടന്നത്. തന്റെ ബാല്യ കാല സുഹൃത്തുക്കളായ രണ്ടുപേരും അവരുടെ ഉറ്റസുഹൃത്തുക്കളും കൂടി തന്നെ കാണാൻ വന്നതാണ്. ഡ്യൂട്ടിഫ്രീ ഷോപ്പിൽ നിന്നും വാങ്ങിയ തന്റെ പ്രിയ ബ്രാൻഡായ ഷിവാസ് റീഗൽ പകർന്നു കൊടുത്തുകൊണ്ട് പഴയതും സമകാലികവുമായ ഒത്തിരി കാര്യങ്ങൾ സംസാരിച്ചിരുന്നതിനാൽ സമയം പോയതറിഞ്ഞില്ല. പതിവുള്ളത് മാത്രമാണ് കഴിച്ചതെങ്കിലും ഉറക്കം മതിയാവത്തതിനാൽ അയാൾക്ക് അല്പം കൂടി ഉറങ്ങണമെന്ന് തോന്നി.

തല ചെരിച്ച് ചുവരിലെ ക്ലോക്കിൽ നോക്കിയപ്പോൾ സമയം 7.15 അയാൾ ഉറക്കത്തെ ഉപേക്ഷിച്ച് പെട്ടെന്ന് എഴുന്നേറ്റ് കുളിമുറിയെ ലക്ഷ്യമാക്കി നീങ്ങി. കടും നീല ട്രാക്ക് പാന്റും വെള്ള ടീഷർട്ടും കഴിഞ്ഞ തവണ താൻ വന്നപ്പോൾ മകന് സമ്മാനിച്ച റീബോക്ക് ഷൂസും ധരിച്ച് നടക്കാനിറങ്ങി. മകന്റെ ഷൂസ് തന്റെ കാലിന്റെ സൈസിന് നന്നായി ചേരുന്നതിനാൽ അയാൾക്ക് സഞ്ചരിക്കുവാൻ ബുദ്ധിമുട്ടേണ്ടി വന്നില്ല. ഷൂസിൽ ചെളിയും പൊടിയും പറ്റിയിരിക്കുന്നു. മകൻ കഴിഞ്ഞ ആഴ്ചയോ മറ്റോ ക്രിക്കറ്റ് കളിക്കാൻ ധരിച്ചിരുന്നെന്ന് പറയുന്നത് ശ്രദ്ധിച്ചിരുന്നു. ഇതൊന്ന് കഴുകി വയ്ക്കണം. അയാൾ മനസ്സിൽ കുറിച്ചിട്ടു. അവധിക്ക് വരുമ്പോൾ തന്റെ ദിവസങ്ങൾ തിരക്കുള്ളതാക്കാൻ പ്ലാൻ ചെയ്യാറുള്ള കാര്യത്തിൽ ഷൂ വൃത്തിയാക്കലും അയാൾ ഉൾപ്പെടുത്തി. വീടിന്റെ ചുമരുകളിൽ മാറാല പിടിച്ചിരിക്കുന്നത് നടക്കുന്നതിനിടയിൽ അയാൾ ഓർത്തു. പഴയ വീടിന്റെ ടെറസ്സിലും മറ്റും നിറയെ കരിയിലകളും അയാൾ കണ്ടിരുന്നു. എല്ലാം വൃത്തിയാക്കിയിടണം. അല്ല, ഇന്നെന്തേ വൈകിപ്പോയി? നേരം വെളുക്കുന്നതിനു മുമ്പേയല്ലേ നടക്കാനിറങ്ങേണ്ടത്? ഇടവഴിയിൽ നിന്നും വന്ന ഔസേപ്പ് മാപ്പിളയുടെ ചോദ്യം കേട്ട് തിരിഞ്ഞു നോക്കി. ഓ........ അല്പം വൈകിപ്പോയി. ഉദാസീനമായി പറഞ്ഞു കൊണ്ട് അയാൾ നടത്തം തുടർന്നു. വൃദ്ധനായ ഔസേപ്പ് മാപ്പിള വയലിൽ നട്ട വാഴക്ക് വളം ഇടാൻ ഇറങ്ങിയതാണ്.

നെൽപ്പാടങ്ങളിൽ നിന്നും നെൽക്കതിരുകൾ ഏത്തവാഴകൾക്ക് വഴിമാറിയിട്ട് രണ്ടുമൂന്നു വർഷമായിന്ന് തോന്നുന്നു നെൽ കൃഷി ആളുകളെ ജോലിക്ക് ലഭിക്കാത്തതിനാലും താരതമ്യേന ചെലവ് കൂടിയതും വരുമാനം കുറവുള്ളതുമാണെന്നാണ് ഔസേപ്പ് ചേട്ടനെ പോലുള്ള പഴയ കൃഷിക്കാർ പറയുന്നത്. പച്ചപ്പുതപ്പ് വിതച്ച പോലുള്ള നെൽപ്പാടങ്ങളിൽ കൊറ്റികൾ വരിവരിയായി വരമ്പത്ത് നിന്ന് തപസ്സു ചെയ്യുന്നതും വയലിൽ ജോലിചെയ്യുന്ന സ്ത്രീകളുടെ ഞാറ്റുപാട്ടും ആണുങ്ങളുടെ കൂക്കുവിളികളും മറ്റും ഇനി ഗതകാല സ്മരണകളായി അവശേഷിക്കും. അല്പം അകലെ കവലയിലെ വാസുവേട്ടന്റെ ചായപീടികയിൽ നിന്നുള്ള അത്യുച്ചത്തിലുള്ള വർത്തമാനം നന്നായി കേൾക്കാമായിരുന്നു. ഇടതുപക്ഷത്തിന്റെ രാഷ്ട്രീയ അപച്ച്യുതിയെപ്പറ്റി ഉച്ചത്തിലും ഉറച്ച ശബ്ദത്തിലുമായി വിളമ്പുക്കാരന് പഴയകാല സഖാവ് കുട്ടപ്പൻ ചേട്ടൻ! ആ പീടികതിണ്ണയിൽ ഈ അണ്ടകടാഹത്തിൽ നടക്കുന്ന സകലതിനെയുംപ്പറ്റി ചർച്ച ചെയ്യും അവർ! സോമാലിയായിലെ വരൾച്ചയും ഇന്തോനീഷ്യയിലെ വെള്ളപ്പൊക്കവും അമേരിക്കൻ പ്രസിഡണ്ടിന്റെ പ്രസംഗവും എന്നു വേണ്ട എന്തും അവർ ചർച്ച ചെയ്യുന്നു! എന്തെല്ലാം കാര്യങ്ങൾ! ഏതൊക്കെ രാജ്യങ്ങൾ! എന്തേ ബിൽഗേറ്റ്സും, ബിബിസിയും സി.എൻ.എനും ഇതൊന്നും അറിയുന്നില്ലേ? അവരുടെ മാധ്യമങ്ങൾ ഇതിലും വേഗത്തിൽ കാര്യക്ഷമമായും ഈ വാർത്തകൾ



പ്രചരിപ്പിക്കുന്നുണ്ടോ എന്നു സംശയമാണ്. അയാൾക്ക് ഉള്ളിൽ ചിരിയൂറി. ഇന്നലെ അല്പം കൂടി പോയി അല്ലേ? അതായിരിക്കും എഴുന്നേൽക്കാൻ വൈകിയത്? ചായപീടികയിൽ നിന്നും ഇറങ്ങി വന്ന സുഹൃത്തിന്റെ ചോദ്യം കേട്ടപ്പോൾ ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല. ആൾക്ക് കാര്യം മനസ്സിലായിരിക്കുന്നു. താൻ വരുമ്പോഴൊക്കെ സുഹൃത്തിനെയും വിളിക്കാറുള്ളതാണല്ലോ. ഹേ....... അതല്ല.......... ഇന്നലെ കിടന്നപ്പോൾ ഒത്തിരി വൈകി. ഒന്നുരണ്ടു സുഹൃത്തുക്കൾ വന്നിരുന്നു. ശരി എന്നാൽ വൈകീട്ട് കാണാം. എന്നു പറഞ്ഞുകൊണ്ട് സുഹൃത്ത് അയാളുടെ വീട്ടിലോട്ട് നടന്നകന്നു. ഹോ എത്ര പുതിയ വീടുകൾ! എന്ത് ഭംഗി! അല്പം കൂടി നടന്ന് വളവുതിരിഞ്ഞ് മുന്നോട്ട് നീങ്ങിയപ്പോൾ അയാൾ കണ്ടു. നല്ല ഭംഗിയുള്ള വീടുകൾ! പല പല ഡിസൈനിലുള്ള വീടുകൾ! മിക്ക വീടുകളുടെ പോർച്ചിലും വാഹനങ്ങൾ അവരുടെ പ്രൗഢി അറിയിച്ചുകൊണ്ട് കിടക്കുന്നുണ്ടായിരുന്നു. ഇരുചക്ര വാഹനങ്ങൾ ഒന്നിലധികം! പണ്ട് വർഷങ്ങൾക്ക് മുമ്പ് ഈ വഴിയുടെ ഇരുവശത്തും നിറയെ കുടിലുകളായിരുന്നു. കുട്ടിയായിരുന്നപ്പോൾ തന്റെ അമ്മയുമൊത്ത് അകലെയുള്ള ക്ഷേത്രത്തിലേക്ക് ഈ വഴിപോയത് അയാളോർത്തു. കുരച്ചുകൊണ്ട് പിന്നാലെ വരുന്ന നായ്ക്കൾ! മുറ്റത്ത് മൂക്കളയൊലിപ്പിച്ച് കരഞ്ഞുകൊണ്ടിരിക്കുന്ന ഒത്തിരി കുട്ടികൾ ! മൂക്കു പൊത്തിയേ ആ വഴി നടക്കാൻ പറ്റുമായിരുന്നുള്ളൂ. മുറ്റത്തുതന്നെ മലമൂത്രവിസർജനം ചെയ്യും. മിക്ക കുഞ്ഞുങ്ങളും ഇന്ന് എത്ര മാറിയിരിക്കുന്നു. നല്ല വൃത്തിയിലും വീതിയിലുമുള്ള വഴികൾ. മതിലുകെട്ടി കോൺക്രീറ്റുചെയ്ത വീടുകൾ. ചില വീടുകളുടെ മുൻവശം ആധുനിക രീതിയിൽ ലാൻഡ്സ്കേപ്പ് ചെയ്തുകൊണ്ട് അതീവ സുന്ദരമാക്കിയിരിക്കുന്നു.

ഈ വീടുകളിലെ മിക്ക ചെറുപ്പക്കാരും താൻ ജോലിചെയ്യുന്ന ഗൾഫുരാജ്യത്തും മറ്റു പലയിടങ്ങളിലുമായി ജോലി നോക്കുന്നു. നാട്ടിലുള്ളവർക്കാണെങ്കിൽ എന്നും ധാരാളം ജോലി. ഈ ഭാഗത്ത് കെട്ടിട നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന ആളുകളാണല്ലോ കൂടുതലും വസിക്കുന്നത്. "ഏതെങ്കിലും പണിക്ക് വിളിച്ചാൽ ആളെ കിട്ടാനില്ല." തന്റെ ശ്രീമതിയും അയൽപ്പക്കത്തെ വല്യമ്മയും ഇന്നലെ പറഞ്ഞത് അയാൾക്ക് ഓർമ്മ വന്നു. ശരിയാകാം. ചെറിയ ജോലിക്ക് അവർക്ക് താല്പര്യമില്ല. തുടർച്ചയായ കെട്ടിടജോലികൾക്കാണ് ഇവർ കൂടുതലും പോകുന്നത്. പോക്കറ്റ് നിറയെ കാശ്. വൈകുന്നേരം നഗരത്തിലെ ചുവന്ന വെളിച്ചത്തിൽ ചുവന്ന വെള്ളം അവർ ധാരാളം അകത്താക്കി സൈക്കിളിൽ ചീറിപ്പാഞ്ഞ് വരുന്നു. ഈയിടെയായി പോലീസിന്റെ 'ഊത്ത്' പരിപാടി ഊർജ്ജിതമാക്കിയപ്പോൾ അപകടങ്ങളും രാവുകളിലെ മരണപ്പാച്ചിലും കുറഞ്ഞതായി കേട്ടിരുന്നു.

"ഇന്ന് അമ്പലത്തിലേക്കില്ലാന്നുണ്ടോ?" കീഴ്ക്കാവിൽ നിന്നും കയറിവന്ന തിരുമേനി ചോദിച്ചു. അല്പം വൈകിപ്പോയി തിരുമേനി. ഇന്നിനി എത്താൻ പറ്റുമെന്ന് തോന്നുന്നില്ല. 9.30 വരെ ഉണ്ടാവൂട്ടോ. അതിനുശേഷമേ നട അടയ്ക്കൂ. വീട്ടുകാരി പുഷ്പാഞ്ജലിക്കും വഴിപാടിനുമൊക്കെ പറഞ്ഞിട്ടുണ്ടല്ലോ. ആൾ മിക്ക ദിവസങ്ങളിലും വിശേഷാൽ ചൊവ്വയും വെള്ളിയും അമ്പലത്തിലെത്തും. അദ്ദേഹം തന്റെ നെറ്റിയിലേക്ക് ഉതിർന്ന വിയർപ്പ് തോളത്ത് കിടന്ന തോർത്തെടുത്ത് തുടച്ചുകൊണ്ട് തുടർന്നു. "ചൂട് ശ്ശി കൂടിയിരിക്കുന്നു." അതേ ഇത്തവണ ഇപ്പോഴേ വേനൽ കനത്തുതുടങ്ങി. അയാൾ ഭവ്യതയോടെ പറഞ്ഞു. ബിന്ദു വരും. അവൾ ഒരുങ്ങുന്നുണ്ട്. ഓ.... ആയിക്കോട്ടെ... തിരുമേനി മേലെ കാവിലേക്ക് നടന്നു നീങ്ങി. വളരെ സാത്വികനായ ബ്രാഹ്മണൻ. വളരെ ചിട്ടയോടും കൃത്യതയോടും പൂജാവിധികൾ ചെയ്യണമെന്ന് അദ്ദേഹത്തന് നിർബന്ധമുണ്ട്. ഭക്തർ നൽകുന്ന ദക്ഷിണക്കല്ല അദ്ദേഹം കർമ്മങ്ങൾ ചെയ്യുന്നത്. നിർവൃതിയോടെ ദേവിയെ സേവിക്കുന്നു.

മുമ്പുണ്ടായിരുന്ന ചെറുപ്പക്കാരനായ പൂജാരിയെപ്പറ്റി പ്രസിഡന്റ് മധുവേട്ടൻ പറഞ്ഞ കാര്യം അയാൾക്ക് ഓർമ്മിക്കാതിരിക്കാനായില്ല. സ്ത്രീകൾ വരുമ്പോഴുള്ള അയാളുടെ വെറളി പിടിച്ച ചിരിയും നോട്ടവുമൊക്കെ എല്ലാവർക്കും അസഹ്യമായിരുന്നു. പൂജകൾ ഒന്നും വിധിപ്രകാരമല്ല നടന്നിരുന്നത്. "അപ്പൂട്ടനല്ലെയത്?" മേലെക്കാവിൽ നിന്നും ഇറങ്ങി വന്ന് തന്റെ ചുക്കിച്ചുളിഞ്ഞ നെറ്റിത്തടത്തിൽ കൈ ചേർത്ത് കാഴ്ച ശരിയാക്കിക്കൊണ്ട് അല്പം വിറയാർന്ന ശബ്ദത്തിൽ അമ്മുവല്യമ്മ ആരാഞ്ഞു. "അതെ വല്യമ്മേ" അയാൾ നടത്തം നിറുത്തിക്കൊണ്ട് പറഞ്ഞു. തന്റെ അമ്മയുടെ വകയിൽപ്പെട്ട ഒരകന്ന ബന്ധുവാണ് അമ്മു വല്യമ്മ. വെളുത്ത് പൊക്കം കുറഞ്ഞ വല്യമ്മയ്ക്ക് ഇപ്പോഴും മുഖത്തെ ആ ശ്രീത്വം ഒട്ടും കുറഞ്ഞിട്ടില്ല. ചന്ദനക്കുറിയുടെ മുകളിൽ ദേവിയുടെ കുങ്കുമക്കുറിയും ഗണപതിഭഗവാന്റെ അഞ്ജനക്കുറിയും മുടിയിൽ തുളസിക്കതിരും ചെത്തിപ്പൂവും ആ ശ്രീത്വത്തെ ഒന്നുകൂടി ഉജ്ജ്വലിപ്പിക്കുന്നു! പെട്ടെന്ന് അയാൾ അമ്മയെക്കുറിച്ചോർത്തു. അമ്മയും ഈ വല്യമ്മയും വളരെ നല്ല ചങ്ങാത്തത്തിലായിരുന്നു. ചോറ്റാനിക്കരയിലും കൊടുങ്ങല്ലൂരും ഗുരുവായൂരുമൊക്കെ ഇവർ ഒന്നിച്ചായിരുന്നു പോക്ക്. താനും പലപ്പോഴും അവരോടൊപ്പം പോയിട്ടുണ്ട്. അല്ല, തന്നെ അമ്മ നിർബന്ധിച്ച് കൊണ്ടുപോകാറുണ്ട്


. നാലു പെൺമക്കൾക്കു ശേഷമുണ്ടായ ആൺ തരിയെ എല്ലാ ക്ഷേത്രങ്ങളിലും കൊണ്ടു പോകണ മെന്ന് അമ്മയ്ക്ക് നിർബന്ധമായിരുന്നു. "കഴിഞ്ഞ വെള്ളിയാഴ്ച ആശുപത്രിയിൽ പോയി വരുമ്പോൾ വീട്ടിൽ കയറിയിരുന്നു. ഊണു കഴിഞ്ഞ് പോയാൽ മതിയെന്ന് ബിജു നിർബന്ധിച്ചപ്പോൾ കഴിച്ചാ പോന്നത്. "നീ വരണ കാര്യം അവൾ പറഞ്ഞിരുന്നു." കിതച്ചുകൊണ്ട് അമ്മുവല്യമ്മ പറഞ്ഞു. "വയ്യാണ്ടായി.. ന്നാലും ചൊവ്വയും വെള്ളിയും ഒന്നു തൊഴാതിരിക്കാൻ വയ്യ. എത്ര കാലംന്നു വച്ചാ.... കിടപ്പിലാവാതെ അങ്ങട്ട് കൊണ്ടുപോയാ മതിയാർന്നു....ഹേയ്, അങ്ങനെയൊന്നും വരില്ല വല്യമ്മേ... അയാൾ ഒരു നെഞ്ചിടിപ്പോടെ പറഞ്ഞു. "നിനക്ക് ഓർമ്മയുണ്ടോ നിന്നേം കൂട്ടി നിന്റെ അമ്മയും ഞാനും കൂടി കൊടുങ്ങല്ലൂർക്ക് പോയതൊക്കെ?" വല്യമ്മ പഴയ കാല ചരിത്രം ചികിയെടുക്കുകയായിരുന്നു. "ഉവ്വുവ്വ്... എല്ലാം എനിക്കോർമ്മയുണ്ട്. ഞാൻ നടക്കട്ടെ വല്യമ്മേ.. അവൾ വീട്ടിൽ കാത്തു നിൽക്കുന്നുണ്ടാകും. അമ്പലത്തിൽ നട അടക്കാറായി." "നീ അങ്ങോട്ടി റങ്ങില്ലേ?" വല്യമ്മ വീണ്ടും ചോദിച്ചു. "തീർച്ചയായും ഞാൻ വരുന്നുണ്ട്." അയാൾ നടന്നു നീങ്ങി. പോകണം. എന്തെങ്കിലും കൊടുക്കുകയും വേണം. ഒരു സെറ്റുമുണ്ടും ബ്ലൗസും പിന്നെ കൈയ്യിൽ എന്തെങ്കിലും വച്ചുകൊടുക്കണം. അമ്മ ഉണ്ടായിരുന്നെങ്കിൽ വലിയ സന്തോഷമാകുമായിരുന്നു. അമ്മയെ ഒരുപാട് സഹായിച്ചിട്ടുണ്ട്. താൻ പല ദിവസങ്ങളിലും സ്കൂളിൽ നിന്നും കത്തിക്കാളുന്ന വിശപ്പുമായി വരുമ്പോൾ ചെല്ലാറു ള്ളത് അമ്മു വല്യമ്മയുടെ അടുത്തേക്കാണ്. ചോറും കറിയും അല്ലെങ്കിൽ പലഹാരമോ ഒക്കെ എടുത്തു തരും. തന്റെ സഹോദരിമാരും പല ദിവസങ്ങളിലും പട്ടിണിയകറ്റിയിരുന്നത് അമ്മുവല്യമ്മയുടെ കാരുണ്യം കൊണ്ടായിരുന്നെന്ന് അയാൾ ഒരു നെടുവീർപ്പോടെ ഓർത്തു. അച്ഛൻ അയച്ചു തന്ന തുച്ഛമായ പൈസ കൊണ്ട് അമ്മ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ ബുദ്ധിമുട്ടാറുണ്ട്. പാടത്തുനിന്നും പറമ്പിൽ നിന്നും കിട്ടുന്നതുകൊണ്ട് ഒന്നിനും തികയാറില്ലായിരുന്നു.


പല ദിവസങ്ങളിലും അമ്മ വെറും കഞ്ഞിവെ ള്ളം കൊണ്ട് തന്റെ വയറ്റിലെ കാളൽ ഒതുക്കാറുള്ളത് ഒരു വിതുമ്പലോടെ അയാളുടെ മനസ്സിലേക്ക് ഓടി വന്നു. കുടുംബത്തിന്റെ സ്ഥിതി അല്പം മെച്ചപ്പെട്ടപ്പോൾ അത് അധികകാലം അനുഭവിക്കാതെയാണ് അമ്മ കടന്നുപോയതെന്ന് വളരെ വേദനയോടെ അയാളോർ ത്തു. അമ്മയുടെ ഭക്തിയുടെയും ത്യാഗത്തിന്റെയും ഫലമാണ് തനിക്കൊരു നല്ല ജീവിതം ഉണ്ടായതെന്ന് ഉറച്ചു വിശ്വസിക്കുന്നു. പിന്നീട് തന്റെ ജീവിതപങ്കാളിയായി വന്നവളുടെ ഭക്തിയും കാരുണ്യമനോഭാവവും തന്നെ ഒട്ടൊന്നുമല്ല ഉൾപ്പുളകിതനാക്കിയിട്ടുള്ളത്.

ഹോ നേരം ഒരുപാടായി ക്ഷേത്രത്തിൽ പോകാനായി കാത്ത് നിന്ന് ഭാര്യക്ക് മടുത്തിട്ടുണ്ടാകും. മകനും മകളും കോളേജിലേക്ക് പോയിട്ടുണ്ടാകും, ഒന്നു രണ്ട് വർഷങ്ങൾക്ക് ശേഷം അവർ രണ്ടുപേരും രണ്ടിടത്താകും. പിന്നെ ഭാര്യയും ഈ വലിയ വീട്ടിൽ തനിച്ചാകും. നീണ്ട ഗൾഫ് ജീവിതത്തിന്റെ സമ്പാദ്യമായ പ്രഷറും ഷുഗറും തന്റെ സഹയാത്രികരാണ്. തന്റെ പ്രഭാത സവാരിയും വീട്ടിലും പറമ്പിലുമായി ചെയ്യുന്ന ജോലികളും അവയെ ഒരു പരിധി വരെ അകറ്റി നിർത്താം. സ്വതസിദ്ധമായ പൊതു പ്രവർത്ത നവും പത്രപാരായണവും ഭാര്യയെയും കൂട്ടി ഉള്ള ക്ഷേത്ര ദർശനവും കഴിയുമ്പോൾ തനിക്കെവിടെ ബാക്കി സമയം?

സുഖകരമായ ഒരു ശിഷ്ടജീവിതത്തിന്റെ സ്വപ്നത്തിലേയ്ക്ക് മനസ്സിനെ അലയാൻ വിട്ട് കൊണ്ട് അയാൾ വീട്ടിലേയ്ക്ക് അതിവേഗം നടക്കാൻ തുടങ്ങി.

# PAINTINGS





916
ATR
P
BIS Mark
Fineness
Hallmarking Center's Mark
Jeweller's Mark
Year of Marking (Code Letter)
The True Gold speaks a few...
avatar GOLD
THRISSUR • EDAPPAL • TRICHI • DUBAI
www.myavatargold.com
Opening Shortly at ABU DHABI & QATAR
myavatargold



പൊന്നൻ ശ്രീമൂലനഗരം

# പുലി

നേരു പറയട്ടെ, കുറെ ദിവസങ്ങളായി ഞാനുറങ്ങിയിട്ട്, മിഴിയടച്ചാൽ മനക്കണ്ണാടിയിൽ തെളിയുന്നത് ദംഷ്ട്രങ്ങളും ചോരക്കണ്ണുകളുമാണ്. ഏതു നിമിഷവും ആക്രമിക്കാൻ വെമ്പി നിൽക്കുന്നമട്ടിൽ നേരിയ വിറയലോടെ, കണ്ണിമയ്ക്കാതെ, മുരൾച്ചയടക്കി മീശ മെല്ലെ വിറപ്പിച്ച്...

ഉറക്കെ നിലവിളിച്ച് ഞെട്ടിയുണരുമ്പോൾ ചുറ്റും പരിഹസിക്കുന്ന ഇരുട്ട്; ഭയപ്പെടുത്തുന്ന കറുപ്പ് ! ലോറൻസിതറിഞ്ഞപ്പോൾ ആദ്യം കുറേയേറെ നേരം എന്റെ മുഖത്തുനോക്കി എന്തോ ചിന്തിച്ചിരുന്നു. അതിനു ശേഷം പൊട്ടിച്ചിരിച്ചു. എനിക്കതിഷ്ടമായില്ല. പക്ഷേ അതറിയാതെ ലോറൻസ് പറഞ്ഞു. മണ്ടി.... എല്ലാ ഗർഭിണി കൾക്കും പൊതുവേ തോന്നുന്ന പേടിമാത്രമാണിതൊക്കെ. ഇതിനൊക്കെ ഇങ്ങനെ ടെൻഷനടിച്ചാലോ ! എന്റെ പൊന്നുകുരിശിന് ഒരു കുഴപ്പോം വരികേലാ...''

തനികോട്ടയത്തുകാരൻ അച്ചായന്റെ സ്റ്റൈലിൽ ലോറൻസ് വീണ്ടും ചിരിച്ചു. സ്നേഹം കൂടുമ്പോൾ ലോറൻസ് എന്നെ വിളിക്കുന്നതങ്ങനെയാണ്, ''പൊന്നും കുരിശേ''ന്ന്. അതിനവന് വിശദീകരണവുമുണ്ട്. അപ്പനും വീട്ടുകാരും കൂടി അവനെ പിടിച്ചു പെണ്ണുകെട്ടിച്ചതോടെ ഒരു കുരിശ് തോളത്തേറ്റിയപോലെയായത്രെ. പിന്നെ അതൊരു പൊന്നിന്റെ കുരിശാണല്ലോ എന്ന സമാധാനമേ യുള്ളു എന്ന്. അതൊക്കെപ്പറഞ്ഞ് ചിരിച്ച് ചിരിച്ച് ഞങ്ങളന്ന്.... പക്ഷേ ഈ ഹോസ്പിറ്റലിൽ വന്നശേഷം ലോറൻസിന്റെ സാന്ത്വനങ്ങൾക്ക് ഒരു പ്രതികര ണവും എന്നിലുളവാക്കാൻ ആവുന്നില്ല. പ്രാർത്ഥനയെത്തിക്കലു പോലും വെറുമൊരു കടത്തു കഴിക്കൽ മാത്രമായിരിക്കു ന്നു. ''കർത്താവേ ...ഈ പാപിയോട് പൊറുക്കണേ ... എന്റെ ഉദരത്തിലെ തുടിപ്പിന് സംരക്ഷണം നൽകണേ. കുറേ ദിവസം മുമ്പ് ഒരു രാത്രി, കുഞ്ഞിന്റെ നേർത്ത ചലനങ്ങൾ ആസ്വദിച്ചുകൊണ്ട് ലോറൻസ് എന്റെ വീർത്തുരുണ്ട അടിവയറ്റിൽ ചെവിചേർത്ത് കിടക്കുക യായിരുന്നു. ഞാനവന്റെ ചുരുണ്ട തലമുടിയിഴകളിൽ നിന്ന് ആ ദിവസത്തിന്റെ ഓർമ്മകൾ വിരലുകൊണ്ട് ചികഞ്ഞെടുക്കുകയും ചെയ്തു കൊണ്ടിരുന്നു. പെട്ടെന്ന് കുഞ്ഞൊന്ന് പിടഞ്ഞത് ഞാനറിഞ്ഞു. വയറിനുള്ളിൽ എന്തോ വലിച്ചുകീറിയ പോലെ ഒരു വേദനയുണ്ടായി. ഞാൻ അറിയാതെ മെല്ലെ ഒച്ചവച്ചു പോയി. ലോറൻസ് തലയുയർത്തിയിട്ട് പറഞ്ഞു. നിന്റെ പുത്രൻ നിസ്സാരക്കാര നല്ല. അവനവന്റെ അപ്പനെ ജനിച്ചുവീഴും മുമ്പേ ചവിട്ടിത്തുടങ്ങി.'' ഞാൻ ലോറൻസിന്റെ മുഖത്തുനോക്കി. അവന്റെ കണ്ണുകളിൽ ആത്മസംതൃപ്തിയുടെ കോടി നക്ഷത്രങ്ങൾ തിളങ്ങി യിരുന്നു. പക്ഷേ പിറ്റേന്നു രാത്രി ഉറങ്ങുംമുമ്പ് പതിവുള്ള ഉമ്മ തരാൻ അവന്റെ മുഖം എന്റെ ചുണ്ടുകൾ തേടി വന്നപ്പോഴാണ് ഞാനവന്റെ കവിളിൽ ആ 'കല' കണ്ടത്. നഖം പോറിയതുപോലെ .... ഒന്നു രണ്ടു വരകൾ. ആ രാത്രി അവനുറങ്ങിക്കഴിഞ്ഞ് ബെഡ് റൂം ലൈറ്റിന്റെ സത്യസന്ധതയിൽ ഞാനവന്റെ മുഖത്തുള്ള ആ പാടുകൾ തുടരെത്തുടരെ പരിശോധിച്ചു കൊണ്ടിരുന്നു. എനിക്ക് കരച്ചിൽ വന്നു. എന്റെ തേങ്ങൽ കേട്ട് അവനുണർന്നു. തുളുമ്പുന്ന മിഴികളിൽ ഉമ്മകൾ തന്ന് എന്നെ സമാധാനിപ്പിച്ചു. പക്ഷേ അവന്റെ മുഖത്തു കാണപ്പെട്ട ആ മുറിവടയാളങ്ങൾ എന്റെയുള്ളിലും ആഴത്തിൽ പോറലു വീഴ്ത്തി. ഏതോ തിരുമുറിവിന്റെ വേദനകൾ എന്റെയുള്ളിൽ നിറഞ്ഞുവിങ്ങി.

''കുളിച്ചപ്പോൾ ചകിരിയുരഞ്ഞതാവും,'' എന്നാ യിരുന്നു അവന്റെ പ്രതികരണം. മൂന്നുനാലു ദിവസം കഴിഞ്ഞ് ഞാനവനെ പരിശോധിച്ചപ്പോൾ അവ കരിഞ്ഞി രുന്നു. ഏതോ ദുഷ്ടമൃഗത്തിന്റെ കൂർത്ത നഖങ്ങൾ ഓർത്ത് ഞാൻ ലോറൻസറിയാതെ കരഞ്ഞു. അടുത്ത ദിവസം രാവിലെ പത്രത്തിൽക്കണ്ട വാർത്തയാണ് എന്നെ നടുക്കിക്കളഞ്ഞത്. രാത്രി നഗരത്തിൽ എവിടന്നോ വന്നു പെട്ട ഒരു പുലി. അത് നഗരത്തിന്റെ ശാന്തത തകർക്കുന്ന ഗർജ്ജനവുമായി അലഞ്ഞു തിരിയുന്നത്രെ. പോലീസും നഗരവാസികളും നിറതോക്കും മറ്റ് ആയുധങ്ങളുമായി പുറകെയുണ്ടായിരുന്നെങ്കിലും രാത്രിയുടെ ഏതോ ഒരു ഇരുട്ടു പാളിക്കടിയിലേക്ക് അവരുടെ കണ്ണുവെട്ടിച്ച് അതോടി മറഞ്ഞു. പോലീസ് നഗരവാസികളോട് ജാഗ്രത പുലർത്താൻ പറഞ്ഞു. എല്ലാ വീടിന്റെയും ഫ്ളാറ്റുകളു ടേയും ജനാലകളും വാതിലുകളും അലസമായി തുറന്നിടരുതെന്നും പുറമേയുള്ള കക്കൂസും കുളിമുറിയും കാർഷെഡ്ഡും വരെ ആവശ്യം കഴിഞ്ഞാൽ അടച്ചിട്ടി ല്ലേയെന്ന് പരിശോധിക്കണമെന്നും കുട്ടികളെ വാഹനങ്ങ ളില്ലാതെ സ്കൂളുകളിലയയ്ക്കരുതെന്നും സൈക്കിൾ യാത്രയും ഒറ്റയ്ക്കുള്ള നടത്തവും ഒഴിവാക്കണമെന്നും മറ്റും നിർദ്ദേശങ്ങൾ വന്നു. പബ്ലിക് പാർക്കും വൈകുന്നേരങ്ങളിൽ തുറക്കാനുള്ള ബിയർ പാർലറുകളും അടച്ചുപൂട്ടി പുലി നഗരവാസികളുടെ ഉള്ളിന്റെയുള്ളിൽ മറഞ്ഞിരുന്ന് നഖം കൊണ്ട് പോറിത്തുടങ്ങിയിരുന്നു.


ഒരു ദിവസത്തെ കഠിനപ്രയത്നത്തിനുശേഷം മുൻസിപ്പാലിറ്റി ഓഫീസിനടുത്തുള്ള ഗവൺമെന്റ് ഹോസ്പിറ്റലിന്റെ വൃത്തിഹീനമായ പിന്നാമ്പുറത്തു വച്ച് സമർത്ഥരായ പോലീസുകാർ പുലിയെ വെടിവെച്ചു കൊന്നു. പക്ഷേ മരിച്ച പുലിയുടെ വായ്ക്കുള്ളിൽ ഒരു പിഞ്ചു മനുഷ്യക്കുഞ്ഞിന്റെ പകുതി തിന്നു തീർത്ത ശരീരഭാഗങ്ങളുണ്ടായിരുന്നത്രേ. ഗവൺമെന്റ് ഹോസ്പിറ്റലിലെ ഏതോ നേഴ്സിംഗ് സ്റ്റുഡന്റ് ആ വാർത്തകേട്ട് ഹോസ്റ്റൽ മുറിയിൽ തല കറങ്ങിവീണതും പത്രത്തിൽ സെൻസേഷണൽ ന്യൂസായിരുന്നു. അതൊക്കെ മനസ്സിൽ കിടന്ന് മഥിച്ചിട്ടാവും എനിക്കിപ്പോൾ ഉറങ്ങാനാവുന്നില്ല. മാത്രമല്ല, വീട്ടിലെ ഓരോ മുറിയും തുറക്കുമ്പോൾ ജിജ്ഞാസ എന്നെ വീർപ്പുമുട്ടിയ്ക്കും. എവിടെ നിന്നോ എത്തിപ്പെട്ട ഒരു പുലി ഗത്യന്തരമില്ലാതെ പുറത്തേയ്ക്ക് കണ്ണുനട്ട് മുറിക്കുള്ളിൽ പതുങ്ങിയിരിപ്പുണ്ടാവും എന്ന തോന്നൽ എന്നെ നിഷ്ക്രിയയാക്കി. ചിലപ്പോഴൊക്കെ അടച്ചിട്ട മുറികളിൽ നിന്ന് പുലിയുടെ മുരൾച്ചയും രൂക്ഷഗന്ധവും പുറത്തേയ്ക്കു വരുന്നുണ്ടെന്നുവരെ എനിക്ക് തോന്നിയിരുന്നു. ആഹാരം കഴിയ്ക്കാനിരുന്നാൽ പുലിയുടെ വായ്ക്കുള്ളിലെ ആ ചോരക്കുഞ്ഞിന്റെ ശരീരഭാഗങ്ങൾ എനിക്കോർമ്മവരാൻ തുടങ്ങി. ഞാൻ പാലും പഴങ്ങളും മാത്രമാക്കി ആഹാരം ചുരുക്കി. രാത്രി ബഡ്റൂമിനോടു ചേർന്ന ടോയ്ലറ്റിൽ പോകാൻപോലും എനിക്ക് ലോറൻസിനെ ഉണർത്തി സഹായം തേടേണ്ടിവന്നു. ലോറൻസ് എത്ര നിർബന്ധിച്ചിട്ടും ഒരു സൈക്യാട്രിസ്റ്റിനെക്കാണാൻ ഞാൻ തയ്യാറായില്ല. അതിന്റെ ആവശ്യമില്ലല്ലോ. എനിക്ക് തലയ്ക്ക് വട്ടൊന്നുമില്ല ഞാൻ പറഞ്ഞു.എന്റെ ആ പ്രസ്താവം ലോറൻസിന്റെ കണ്ണുകളെ നനച്ചു. ഞങ്ങൾ പരസ്പരം കെട്ടിപ്പിടിച്ചിരുന്ന് തെല്ലുറക്കെത്തന്നെ കരഞ്ഞു. വീട്ടുജോലിക്കാരിയായ സ്ത്രീ വന്നു വിളിച്ചില്ലായിരുന്നെങ്കിൽ അന്നത്താഴം കഴിക്കാൻവരെ മറന്ന് ഞങ്ങൾ ഉറങ്ങിക്കിടന്നേനേ.

പതിനെട്ടാം തീയതിയാണ് ഞാൻ പ്രസവിക്കാനിടയുള്ളതെന്ന് ഡോക്ടർ പ്രസ്താവിച്ചിരുന്ന കാര്യം ഞാൻ മുമ്പ് പറഞ്ഞോ ? ആവോ? ഒന്നിനും ഒരു ക്രമം കിട്ടുന്നില്ല . എന്തായാലും അതറിഞ്ഞ ദിവസം തൊട്ട് ലോറൻസ് ഓഫീസിൽ പോകാറില്ലായിരുന്നു. ഇനി ഞാൻ ഒരു കുഞ്ഞിനെ പ്രസവിച്ച്, പഴയപോലെ വീട്ടമ്മയാകും വരെ അവൻ എന്റെടുത്ത് തന്നെയുണ്ടാകുമത്രേ. സത്യത്തിൽ ആഹ്ലാദം തോന്നി. ലോറൻസ് അടുത്തുള്ളപ്പോൾ എനിക്കെന്റെ ബാല്യവും കൗമാരവും തിരികെ കിട്ടുമ്പോലെ തോന്നും. അവന്റെ വാക്കുകളുടെ ചെറിയ സൂചിക്കുത്തിൽ, അവന്റെ വിരലുകളുടെ ആർത്തി പൂണ്ട പാച്ചിലിൽ, അവന്റെ ചുണ്ടുകളുടെ കുഞ്ഞു കുസൃതികളിൽ... ഞാൻ എന്നെത്തന്നെ നേടിയെടുക്കുമായിരുന്നു. മഞ്ചാടിക്കുരുവും മുത്തുമണികളും കൊണ്ട് മാലകോർക്കുമായിരുന്ന ഞാൻ, പച്ചിലത്തുമ്പിലെ ഉടയാത്ത മഞ്ഞുതുള്ളികൊണ്ട് കണ്ണെഴുതിത്തണുക്കാറുള്ള ഞാൻ. കുമ്പസാരകൂട്ടിൽ ഒരിക്കലും കയറില്ലെന്ന വാശിയോടെ പള്ളീലച്ചനെ തോൽപ്പിച്ചു നടന്ന ഞാൻ. കൂടെ പഠിച്ച ആൺകുട്ടികളുടെ കൂടെ ഒരു ബഞ്ചിലിരിയ്ക്കാനും അവരുടെ രഹസ്യപ്പോക്കറ്റുകളിൽ കൈയ്യിട്ട് ദിനേശ് ബീഡിയും തീപ്പെട്ടിയും കണ്ടെടുക്കാനും ധൈര്യപ്പെട്ട ഞാൻ. ലോറൻസിനെ കിട്ടിയത് എന്റെ പുണ്യം. എന്റെയപ്പനമ്മമാർ ചെയ്ത പുണ്യം പിന്നെ യെനിക്കെന്തിനാണിത്ര ഭയം ? ഇത്ര സംശയം ? ഇത്ര പരിഭ്രമം? ''നിങ്ങളുടെ വസ്ത്രങ്ങൾ മാറിയിട്ട് പകരം ഇത് ധരിച്ചോളൂ.'' ഓപ്പറേഷൻ തീയറ്ററിലേക്ക് എന്നെ കയറ്റി വിടാൻ തിടുക്കപ്പെട്ട നേഴ്സ് പറഞ്ഞു. അവരുടെ കൈയ്യിൽ ഓപ്പറേഷനുവിധേയരാകേണ്ട രോഗികൾ അണിയേണ്ട ഒരു പ്രത്യേകതരം വസ്ത്രമുണ്ടായിരുന്നു.അതിന്റെ കളർ എനിക്ക് കൃത്യമായി പറയാനാവുന്നില്ല. പക്ഷേ അതിന്റെ ഡിസൈനായി പുള്ളിക്കുത്തുകൾ ഉണ്ടായിരുന്നില്ലെന്ന് എന്തിനോ ഞാനാശ്വസിച്ചു. തീയറ്ററിലേയ്ക്ക് എന്നെ യാത്രയാക്കുമ്പോൾ ലോറൻസിന്റെ കൈകളിൽ ഇറുക്കിപ്പിടിച്ച് ഞാൻ ഉറക്കെ കരഞ്ഞു. ലോറൻസ് ഒന്നും കാണുന്നില്ലേ.... എന്നുവരെ ഞാൻ സംശയിച്ചു. അവന്റെ കണ്ണുകൾ ചത്ത മത്സ്യത്തിന്റെ കണ്ണുകൾ പോലെ എന്നെ തുറിച്ചുനോക്കി. ഇടയ്ക്ക് പറയട്ടെ. ഇന്ന് പതിനെട്ടാം തീയതിയാണ്. ഞാൻ പ്രസവിക്കുമെന്ന് ഡോക്ടർ പ്രവചിച്ച ദിനം. തിയറ്ററിന്റെ മരവിപ്പിലേക്ക് ആരൊക്കെയോ ചേർന്ന് എന്നെ കിടത്തി. ഞാൻ വാവിട്ട് കരയുന്നുണ്ടായിരുന്നു. ഡോക്ടർ ഒരു മുഖംമൂടിക്കാരനെപ്പോലെ മുന്നിൽ വന്നു പറഞ്ഞു. ''എന്താ കുട്ടീ? നീയെന്താ ഇങ്ങനെ വെറും നാലാംക്ലാസ്സ് വിദ്യാർത്ഥിനിയെപ്പോലെ...?'' അയാൾ ഇംഗ്ലീഷിലാണതു പറഞ്ഞത്. പക്ഷെ നാലാം ക്ലാസ്സ് എന്നുകേട്ടപ്പോൾ ഞാൻ എന്റെ കരച്ചിൽ അറിയാതെ നിർത്തിപ്പോയി.

''നാലാം ക്ലാസ്സ്!'' ഞാനോർമ്മകളുടെ താഴ്വരയിലേക്ക് കാലു തെറ്റി വീണു. കുരിശുകൾ വരിതെറ്റാതെ ആകാശത്തേക്ക് തലയുയർത്തി നിശ്ശബ്ദം നിൽക്കുന്ന വിജനമായ സെമിത്തേരിപ്പറമ്പിനരികിലൂടെ ഒറ്റയ്ക്ക് നടക്കുന്ന നാലാംക്ലാസ്സുകാരി. ഒരേ ക്ലാസ്സിലുള്ള മറ്റു കുട്ടികൾ ചെയ്യാൻ ഭയപ്പെടുന്നതും പറയാൻ മടിക്കുന്നതുമായ കാര്യങ്ങൾ ചെയ്തും പറഞ്ഞും കാഴ്ചക്കാരുടെ ഉള്ളിൽ നിന്ന് ആദരവു കലർന്ന ശ്രദ്ധ പിടിച്ചു വാങ്ങുന്നതിൽ സമർത്ഥയായ നാലാം ക്ലാസ്സുകാരി. സെമിത്തേരിപ്പറമ്പിന്റെയപ്പുറത്തെ നീണ്ടു പരന്നു കിടക്കുന്ന ഇഞ്ചിപ്പുൽക്കാട്. ആരുടേയോ അമർത്തിയ കരച്ചിൽ. ശ്വാസം മുട്ടിപ്പിടയുന്നതിന്റെ ഇലയനക്കങ്ങൾ. കറുത്തുറ്റ കൈകളുടെ ധൃതിപൂണ്ട ചലനങ്ങൾ. ''അടങ്ങിക്കിടക്കെടി...'' അമർത്തിയ സ്ത്രീശബ്ദം. സ്ലേറ്റും പുസ്തകവും നിലത്തുവച്ച് ഇഞ്ചിപ്പുല്ലിന്റെ സമൃദ്ധിയിലേക്ക് മുട്ടിലിഴഞ്ഞു ചെന്നു. നടുക്കുന്ന കാഴ്ച കണ്ട് തൊണ്ട വരണ്ടു. അവർ മൂന്നു പേരുണ്ട്. ഒരു സ്ത്രീയും പുരുഷനും ചേർന്ന് ഒരു യുവതിയെ നിലത്തു മലർത്തിക്കിടത്തിയിരിക്കുന്നു. പുരുഷനെ തിരിച്ചറിഞ്ഞു. ആ വിയർപ്പ് ഇറ്റുവീഴുന്ന കൊന്തയും പുലിത്തോലുപോലെ തോന്നുന്ന പുള്ളിക്കുത്തുള്ള ലുങ്കിയും കറുത്തുറ്റ കൈകകളും കണ്ട് ഞെട്ടി.

കപ്യാര് അന്തോണി....! കിടക്കുന്ന യുവതിയെ അനങ്ങാൻ വയ്യാത്തവിധം തറയിലേക്ക് അമർത്തിപ്പിടിച്ചിരിക്കുകയാണയാൾ. അവൾ അരയ്ക്കു കീഴ്പോട്ട് നഗ്നയാക്കപ്പെട്ടിരിക്കുന്നു. യുവതിയുടെ മുന്നിൽ കുന്തിച്ചിരിക്കുന്ന വയസ്സിത്തള്ള ഏതോ തീവ്രമായ അദ്ധ്വാനത്തിലാണ്. അല്പം കഴിഞ്ഞ് യുവതി ബോധം കെട്ടപോലെ അമർത്തിയ ഞരക്കത്തോടെ നിശ്ചലയായി. തള്ള തലയുയർത്തിപ്പറഞ്ഞു. “രക്ഷപ്പെട്ടു. സംഗതി ഒഴിഞ്ഞു.” അവർ പന്തുപോല ചുരുട്ടിയ രക്തം കൊണ്ടു നനഞ്ഞ തുണിക്കെട്ട് കാണിച്ചു. കൈകളിൽ ചോരയുടെ നനഞ്ഞ തിളക്കം. തറയിൽ തളം കെട്ടിക്കിടക്കുന്ന ചോരയും ചോര തുടച്ച പഴന്തുണികഷ്ണങ്ങളും. എന്താണ് അവിടെ നടക്കുന്നതെന്ന് തിരിച്ചറിയാതെ തന്നെ സ്ലേറ്റുമുപേക്ഷിച്ച് തിരിഞ്ഞോടി. ആ സംഭവം വർഷങ്ങളോളം ഉറക്കം കെടുത്തിക്കൊണ്ടിരുന്നു. എങ്കിലും ആരോടും അതേക്കുറിച്ച് പറയാൻ ധൈര്യപ്പെട്ടില്ല ഞാൻ. ഒരിക്കൽ കപ്യാരന്തോണി സെമിത്തേരിപ്പറമ്പിനടുത്ത് ഇടിവാളേറ്റ് മരിച്ചു വീണതറിഞ്ഞപ്പോഴും മറ്റൊരിക്കൽ കാലുതെറ്റി കിണറ്റിൽ വീണു മരിച്ച വയറ്റാട്ടിത്തള്ളയുടെ വിറങ്ങലിച്ച ശരീരം പോലീസും നാട്ടുകാരും ചേർന്ന് പുറത്തെടുത്ത ദിവസവും എന്റെയുള്ളിൽ ഏതോ ഇഞ്ചിപ്പുൽക്കാടിന്റെ ഇലയനക്കങ്ങളുണ്ടായി. “കുട്ടി.... നിന്നെയിനി ഞങ്ങൾ ഉറക്കാൻ പോവുകയാണ്.” മുഖംമൂടിക്കാരൻ ഡോക്ടർ പറഞ്ഞു. കർത്താവേ...! ഞാൻ ചുറ്റും നോക്കി. ഇപ്പോൾ എന്റെ ചുറ്റും മുഖംമൂടികൾ മാത്രമേ ഉള്ളല്ലോ... ! അവരുടെ കണ്ണുകൾ എന്നെ.... പറഞ്ഞു നിൽക്കെ അവരെന്നെ..... ഒരു പക്ഷെ അവരെന്നെ ഉറക്കിയിട്ടുണ്ടാകും. എന്നിട്ട് എന്റെ വയർ പിളർന്ന് അവരെന്തോ പുറത്തെടുത്തു. ഉറക്കത്തിലാവും. പക്ഷെ, ഞാൻ വ്യക്തമായി കണ്ടു. ഒരു പുലിക്കുഞ്ഞ്. അതിന്റെ നീണ്ട വാൽ നനഞ്ഞ് മെലിഞ്ഞ് തളർന്നു കിടന്നു. മുഖം കാണാനൊത്തില്ല. എനിക്കറപ്പും വെറുപ്പും തോന്നി. എന്തായാലും അവർ ഉറക്കിക്കിടത്തിയിട്ടും അതീവ രഹസ്യമായി ഞാനറിഞ്ഞ ഈ വസ്തുത ഉണർന്നാൽ ലോറൻസിനോട് പറയണമെന്ന് ഞാൻ തീർച്ചപ്പെടുത്തി. മുഖംമൂടികൾ സംതൃപ്തിയുള്ള നോട്ടത്തോടെ എന്റെ അടിവയർ തുന്നിക്കെട്ടുകയായിരുന്നു അപ്പോൾ.

## PAINTINGS



Nithin Paul, Karukutty
Age 11




Anupama Sunny
Age 11



# Sharpen Your Skill

## OSCAR CULTURAL INSTITUTE
(Approved by KHDA, Govt. of Dubai)

**DEIRA – DUBAI**
Near Union Square Metro Station
Office No. : 407, 4th Floor, Union National Bank Bldg.
**Tel. : 04-2213399, Mob. 050-6781600**
Fax : 04-2246199, Email : sumagiri@eim.ae

### IT/ COMPUTER COURSES
- MS-Office (Basic- Adv.)
- Interior / CAD Designing
- Project Management
- Programming Courses
- Hardware & Networking
- CCNA, CCNP, MCITP
- Web Designing
- Graphic Designing
- Multimedia Production / Video Editing
- Special KIDS/ TEENS Computer Packages

### OTHER COURSES
- SECRETARIAL TRAINING
- MANAGEMENT PROGRAMS
- INFORMATION TECHNOLOGY
- ACCOUNTING & FINANCE
- LANGUAGES
- TUITION & ABACUS
- IELTS • TOEFL • GRE • GMAT • SAT • PMP • CMA • ACCA
- CPA • CIMA • CFA

• Friday Classes • Credit Cards • Transportation • 8am to 10pm
• Corporate Training • Internationally Recognized Certificates

### Our Sister Concerns

**OASIS EDUCATIONAL INSTITUTE**
(Approved by KHDA, Govt. of Dubai)

**AL QUSAIS**
Opp. Union Co-operative Society
Office No. : 122 & 123, 1st Floor
Mozna Bldg. (U.A.E. Exchange Bldg.)
**Tel: 04-2617877, Mob. : 050-5880562**
Fax: 04-2617876, Email: oasis07@eim.ae

**OMEGA EDUCATION CENTRE**
(Approved by KHDA, Govt. of Dubai)

**BUR DUBAI**
Opp. Musalla Tower, Near Regal Plaza Hotel
Mostafawi Carpet & Curtains Building
4th Floor Office No. 403
**Tel: 04-3524700, Mob.: 050-4941862**
Fax : 04-3524770, E-mail : omegaedu@eim.ae

www.oscareducation.com
Email: inquiry@oscareducation.com

# AHALIA EXCHANGE

Send Receive Relax



Gayathri Vinod

## The Mysterious Journey

Life has a mystery,
A mystery yet to be solved
Life is a journey,
To solve this mystery.
Throughout this journey,
You will be alone
And reaching your aim
Will be your own need.
On this journey,
You may see many passing by.
Some who are solving their mysteries
And some who live the life of puppets-
Taking the same old road
Without discovering that of their own.
But never let your mind waver.
Hold your mind and body together
To understand the soul of nature
And follow the path that nature directs.
Ha! There you reach,
At the end of the road.
The streak of light that pass in
Through the thick canopy of trees
And the leaves and that rustle
And the birds that chatter
Remain silent for a while.
They murmur in your ears:
"You have completed your journey.
And the mystery was to learn
How to go by your heart."
Now there, you have solved the mystery
And this was your destiny.



Harikrishnan.V

## THE ENCHANTED WORLD

I'm in an enchanted world,
That cannot be described by word.
With skyscrapers touching the sky,
At heights where no bird can fly.
I could climb these to reach the moon,
To ask for a boon.
With flowers glittering like gold,
Along both the sides of the road.
Palm trees bowing their heads down,
Showing their sparkling crowns,
Adding beauty to the town.
With sand dunes glowing under the sun,
Venturing out there would be fun.
But now I'm saying goodbye,
As I'm leaving the magical world of Dubai.

# ANRIA Care !!

*- Let us pray by practicing charity !*
*All religions teach it….*

## "ANRIA Care" - a revolving charity fund initiated by Angamaly NRI Association

**To provide financial help for :**

- life saving medical treatment
- deserving people who return back to India losing job
- continuing education of children from deserving families
- marriage of girls from deserving families




- Contribute minimum AED 10 or multiples of 10
- Pay monthly, lump sum for three months, six months or one year together
- Official receipt from ANRIA will be provided

**Be a part of this humble move !**

To register with ANRIA as a donor
Please visit www.angamalynri.com or
e-mail anriauae@gmail.com or
call 055 6254489






# FAB FIVE

ക്രിക്കറ്റിലെ ഇൻഡ്യയുടെ സുവർണ്ണ കാലഘട്ടത്തിന് അസ്തമനമോ? രാഹുൽ ദ്രാവിഡ് കൂടി വിടവാങ്ങിയതോടെ Fab Five രണ്ടു പേരിലേക്കായി ചുരുങ്ങിയിരിക്കുന്നു. ഈ രണ്ടു പേരുടെ സാന്നിദ്ധ്യം ഇനി എത്രനാൾ കൂടി നമുക്കിനി Cricket മൈതാനിയിൽ കാണാൻ സാധിക്കും.

Fab Five ൽ Tendulkar ആയിരുന്നു ആദ്യം മുഖം കാണിച്ചതും മിക്കവാറും അവസാനം വിട പറയുന്നതും. ഏതാണ്ട് ഒട്ടുമിക്ക Batting Record കളും ഈ അനശ്വര Cricketer സ്വായത്തമാക്കിയിരിക്കുന്നു.

Kumble തന്റെ സ്വപ്രയത്നം കൊണ്ട് ഏതാണ്ട് 8 വർഷത്തോളം India യ്ക്ക് വേണ്ടി കളിക്കുകയും Test cricket ലെ വിക്കറ്റു വേട്ടക്കാരിവൽ ലോകത്തിലെ മൂന്നാമനായി വിടപറയുകയും ചെയ്തു.

Ganguly യും Dravid ഉം ഒരുമിച്ച് വരികയും Ganguly നായകത്വത്തിന് പുതിയ മാനങ്ങൾ നൽകുകയും ഒരു പറ്റം കഴിവുള്ള യുവതലമുറയെ Indian Cricket ന് ശേഷം മികച്ച No. 3 Batsman Dravid അല്ലേ എന്ന ചോദ്യത്തിന് ഉത്തരം തേടിയുള്ള വാദപ്രതിവാദങ്ങൾ ഇപ്പോഴും തുടരുന്നു.

പഞ്ചപാണ്ഡവരിലെ അഞ്ചാമൻ Laxman എപ്പോഴെല്ലാം Team സമ്മർദ്ദത്തിലാവുന്നോ അപ്പോഴെല്ലാം തന്റെ കഴിവും മനക്കരുത്തും വീണ്ടും വീണ്ടും തെളിയിക്കുന്നു.

ഇവരെല്ലാം ചേർന്ന് India ഒരുഘട്ടത്തിൽ No. 1 Test പദവിയിലേക്ക് എത്തിക്കുകയും 28 വർഷങ്ങൾക്ക് ശേഷം World Cup India യിലേക്ക് കൊണ്ടുവരുന്നതിനുള്ള മൊട്ടുകൾ വിതറുകയും ചെയ്തു. ഈ അഞ്ചു പേരുടേയും വ്യക്തിത്വവും സത്സ്വഭാവവും, അർപ്പണമനോഭാവവും ഒരു വലിയ ചർച്ചക്ക് വിഷയമാക്കാവുന്നതാണ്.



Santhosh Menon



ترافيل انكوربوريتد شذمم
Travel Incorporated L.L.C.
IATA
Find yourself...
Excellence with Travel Incorporated
Reservation & Ticketing
Corporate Travel Services
Worldwide Hotel Reservation & Car Rentals
Leisure Travel
Tours, Excursions & Safaris
Tailor made Holiday Packages
Event Management (Conference & Conventions)
Travel Insurance
Tel: +971 4 2668884
Fax: +971 4 2680872
P.O. Box : 121476, Dubai United Arab Emirates
E-mail : tinc@eim.ae, www.travelincorporated.ae

# ഒരു പുനർചിന്തനം......



അനിത ഹരിദാസ്

ജനനത്തിനും മരണത്തിനും ഇടയിൽ വരദാനമായി ലഭിച്ച ഈ ജീവിതത്തിൽ, ഒരു പുത്രിയുടെയും, സഹോദരിയുടെയും മാതാവിന്റെയും ആയിരങ്ങൾക്കറിവിന്റെ വെളിച്ചം പകരുവാൻ ഒരു അദ്ധ്യാപികയുടെയും ദൗത്യങ്ങൾ എന്നിൽ നിയോഗിച്ച ആ മഹാ ശക്തിക്കു മുന്നിൽ ശിരസ്സു നമിക്കട്ടെ.

നൂൽപ്പാലത്തിലൂടെയുള്ള ഈ പ്രയാ ണത്തിൽ, പഠിപ്പിക്കുന്ന ക്ലാസ്സുമുറിയിലോ, കുടുംബാന്തരീക്ഷത്തിലോ, സ്വന്തം സ്വത്വം തിരിച്ചറിയുവാൻ വല്ലപ്പോഴും വീണുകിട്ടുന്ന സ്വകാര്യനിമിഷങ്ങളിലോ മനസ്സിലേക്ക് പെയ്തിറങ്ങാറുള്ള ചില ചിന്തകളാണ് ഈ ലേഖനത്തിനാധാരം.

തുറന്നുപറയട്ടെ, ഇതാരുടെയും മേൽ അടിച്ചേൽപ്പിക്കുന്ന എന്റെ ആശയങ്ങളല്ല. മറിച്ച്, നിങ്ങളിലൊരാളായി, നിങ്ങളോടൊപ്പമിരുന്ന് പങ്കുവയ്ക്കാനാഗ്രഹി ക്കുന്ന ചില മോഹങ്ങൾ മാത്രം. ഇവിടെ എനിക്ക് സംവദിക്കാനുള്ളത്, കരുത്തുറ്റ ഒരു തലമുറയെ വാർത്തെടുക്കുവാൻ ഉത്തരവാദിത്വപ്പെട്ട അദ്ധ്യാപക – രക്ഷാകർത്തൃ സുഹൃത്തുക്കളോടാണ്. നാടിനും ഭാഷയ്ക്കും അതീതമായി, സാർവ്വലൗകീകമായി ചിന്തിക്കേണ്ട ഗൗരവമേറിയ വിഷയമായി ഞാനിതിനെ കാണുന്നു.

ദീർഘകാലത്തെ അദ്ധ്യാപന ജീവിതത്തിനിടയിൽ, അത് കേരളത്തിലായാലും ഈ മറുനാടൻ മണ്ണിലായാലും, രക്ഷിതാക്കളുമായി ഇടപഴകുമ്പോൾ, എന്റെ കാതുകളിൽ ഉടക്കി നിൽക്കാറുള്ള ചില വ്യാകുലതകളുണ്ട്. ഇന്നത്തെ കുട്ടികൾക്ക് സംഭവിച്ചുകൊണ്ടരിക്കുന്ന മാറ്റങ്ങളായിരിക്കും പ്രതിപാദ്യ വിഷയം. 'പഠനത്തിൽ ശ്രദ്ധയുമില്ല, കമ്പ്യൂട്ടറിനു മുമ്പിൽ, കൂട്ടുകാരുമായി അതിരു കവിഞ്ഞ ചങ്ങാത്തം' ഇങ്ങനെ പോകുന്നു വിലാപങ്ങൾ. ഇതെല്ലാം ഒരു പരിധി വരെ യാഥാർത്ഥ്യമാണു താനും. അതുകൊണ്ടു തന്നെ, ഇതിനെ ഒരു കേവല വിചാരണ മാത്രമായി തള്ളിക്കളയുവാൻ എന്നിലെ മാതൃത്വത്തിനു സാധിക്കുന്നുമില്ല. നമ്മുടെ കുട്ടികളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾക്ക് ഒരു പരിധി വരെ നമുക്കും പങ്കില്ലേ എന്ന ചോദ്യം ഉള്ളിലെവിടെയൊക്കെയൊ നൊമ്പരപ്പെടുത്തുന്നു.

ഇവിടെയാണ്, പ്രശസ്ത സാഹിത്യകാരൻ 'ഖലീൽ ജിബ്രാ'ന്റെ വരികളുടെ പൊരുൾ നാമുൾക്കൊള്ളേണ്ടത്. "നിന്റെ മക്കൾ നിന്റെ മക്കളല്ല, ജീവിതത്തിന്റെ സ്വന്തം അഭിലാഷത്തിന്റെ പുത്രന്മാരും പുത്രികളുമാണവർ. അവർ നിന്നിലൂടെ വളരുന്നു, എന്നാൽ നിന്നിൽ നിന്നല്ല. നിനക്ക് നിന്റെ സ്നേഹം അവർക്കായി നൽകാം. പക്ഷെ, നിന്റെ ചിന്തകൾ നൽകരുത്. എന്തെന്നാൽ അവർക്ക് അവരുടേതായ ചിന്തകൾ കാണും."

ഈ വരികളിലേക്ക് ആഴ്ന്നിറങ്ങിയാൽ നമുക്ക് കാണാം, സ്വതന്ത്രചിന്തകളും അതുവഴി ക്രിയാത്മകമായ ഒരു വ്യക്തിത്വവും കുട്ടികളിൽ വളർത്തിയെടുക്കേണ്ടതിന്റെ പ്രാധാന്യം. ഈ വ്യക്തിത്വരൂപീകരണമാണ് ഞാനുൾപ്പെടുന്ന അദ്ധ്യാപക രക്ഷാകർത്തൃ സമൂഹത്തിൽ നിക്ഷിപ്തമായിരിക്കുന്ന ഭാരിച്ച ഉത്തരവാദിത്വം എന്നു തിരിച്ചറിയണം. വർത്തമാനകാലത്തിൽ, നമ്മുടെ കുട്ടികൾക്ക് ചൂണ്ടിക്കാണിച്ചു കൊടുത്ത് മാതൃകയാക്കുവാൻ ആരുമില്ല എന്നതാണ് യാഥാർത്ഥ്യം. മാധ്യമങ്ങളിലും, തുറന്ന വേദികളിലുമെല്ലാം തുടർച്ചയായി കേട്ടുകൊണ്ടിരിക്കുന്ന കുറെയേറെ പ്രയോഗങ്ങളുണ്ട്. യന്ത്രവൽക്കരണം, ആഗോളവൽക്കരണം, സ്ത്രീ ശാക്തീകരണം, ലൈംഗീക പീഡനം തുടങ്ങി എണ്ണിയാലൊടുങ്ങാത്ത വാർത്ത കളും ചൂടുപിടിച്ച ചർച്ചകളും. ചൂടാറിക്കഴിയു മ്പോൾ ഉത്തരം കിട്ടാത്ത പ്രഹേളികകളായി ഇതിനെയെല്ലാം വിസ്മൃതിയിലാഴ്ത്തുകയാണ് പതിവ്. ഓരോ കാല ഘട്ടത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്ന ഇത്തരം പ്രശ്നങ്ങളോട്, ക്രിയാത്മകമായി പ്രതികരിക്കുവാൻ പ്രതിബദ്ധരായ രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകർ അവരുടെ വാക്കുകളിലൂടെയും പ്രവർത്തിയിലൂടെയും ഒരു ജനതയോട് സംവദിക്കുന്നത് നാം ശ്രദ്ധിക്കണം. സ്വതന്ത്രമായി ചിന്തിക്കുന്ന കുറച്ചു പേരുടെയെങ്കിലും ഉള്ളിന്റെയുള്ളിൽ വിഗ്രഹഭഞ്ജനങ്ങൾ നടക്കുന്നത് വേദനയോടെ തിരിച്ചറിയുന്നു. ഇത്തരം ഒരു പശ്ചാത്തലത്തിൽ വേണം നാം നമ്മുടെ കുട്ടികളെ വിലയിരുത്തേണ്ടത്.

അതിദ്രുതം വിജ്ഞാനസ്ഫോടനം സംഭവിച്ചു കൊണ്ടിരിക്കുന്ന ഒരു യുഗത്തിലാണ് നമ്മുടെ കുട്ടികൾ വളരുന്നത്. വിവര സാങ്കേതിക വിദ്യയുടെ അനുഗ്രഹങ്ങളും ശാപങ്ങളും ഏറ്റുവാങ്ങുവാൻ വിധിക്കപ്പെട്ടവർ. സമൂഹ മനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്ന സൈബർ ദുരന്തങ്ങൾക്കിരയാകുന്നത് നമ്മുടെ പിഞ്ചോമനകളാണ്. എന്നുകരുതി പുരോഗതിയുടെ പാതയിൽ പുറം തിരിഞ്ഞു നിൽക്കണം എന്നല്ല വിവക്ഷിക്കുന്നത്. വരാനിരിക്കുന്ന മാറ്റങ്ങൾ ഉൾക്കൊള്ളുവാൻ അവർ സജ്ജരാകണം. ലോകഭാഷകൾ മാതൃഭാഷ പോലെതന്നെ അവരുടെ നാവുകൾക്ക് വഴങ്ങണം. ഭാവിയിൽ അവരെ കാത്തി രിക്കുന്ന വിഹ്വലതകളിൽ അടിപതറാതെ മുന്നോ ട്ടുപോകുവാൻ അവർക്ക് സാധിക്കണം. കാരണം, അന്നവർക്ക് സാന്ത്വനമേകുവാൻ നമ്മുടെ ഭൗതീക സാന്നിദ്ധ്യം ഉണ്ടാകണമെന്നില്ല. ഈ ഒരു 'മുന്നൊരുക്ക'ത്തിനാണ് നാം ഊന്നൽ നൽകേണ്ടത്. കഥകൾ പറഞ്ഞു പറഞ്ഞ് അരുമയോടെ അടുത്തിരുത്തി സാരോപദേശങ്ങൾ

ഈ ഒരു 'മുന്നൊരുക്ക'ത്തിനാണ് നാം ഊന്നൽ നൽകേണ്ടത്. കഥകൾ പറഞ്ഞു പറഞ്ഞ് അരുമ യോടെ അടുത്തിരുത്തി സാരോപദേശങ്ങൾ പകർന്നു നൽകാൻ മുത്തച്ഛനും മുത്തശ്ശിയു മൊന്നും കൂട്ടില്ലാതെയാണ് അണുകുടുംബത്തിലെ കുട്ടികൾ വളരുന്നത്. ആ കുറവ് പരിഹരിക്കുവാൻ ഇന്നവർക്ക് അദ്ധ്യാപകരും വിരലിലെണ്ണാവുന്ന കുടുംബാംഗങ്ങളും മാത്രം. ഇവിടെ അച്ഛൻ, അമ്മ എന്ന ലിംഗവ്യത്യാസത്തിനൊന്നും പ്രസക്തിയില്ല. അവർക്കായി ഭൗതീക സൗകര്യങ്ങൾ ഒരുക്കിക്കൊ ടുക്കുവാൻ ഓടി നടക്കുന്ന ഇന്നിന്റെ യാഥാർ ത്ഥ്യത്തെ വിസ്മരിക്കുന്നില്ല. ഈ യാന്ത്രിക ജീവിത ത്തിൽ, മാനസിക പിരിമുറുക്കങ്ങളും പേറി നമ്മെ ത്തന്നെ മറന്നു പോകുന്ന ഓട്ടത്തിനിടയിൽ ഉൾക്ക ണ്ണു തുറക്കുവാൻ നമുക്കാർക്കും സാധിക്കാറില്ല. തിരിച്ചറിവിന്റേതായ ഏതെങ്കിലും നിമിഷങ്ങളിൽ, നമുക്കു കണ്ടെത്താനാകും നമ്മുടെയെല്ലാം ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന ഒരു കുഞ്ഞു ബാല്യത്തെ – അത്തരം നിമിഷങ്ങളിൽ നാം കണ്ണു തുറക്കേണ്ടത് നമ്മുടെ കുട്ടികളിലേക്കാണ്. മുൻകൂട്ടി നിശ്ചയിച്ച, സമയബന്ധിതമായ ഒരു സാഹചര്യത്തിലൊന്നുമാ യിരിക്കുകയില്ല ഈ വെളിപാടുകൾ സംഭവി ക്കുന്നത്. മക്കളോടൊപ്പമുള്ള യാത്രകളിലോ, ഗൗര വമേറിയ പഠനത്തിന്റെ ഇടവേളകളിലോ അതുമല്ലെങ്കിൽ ഒരു സാധാരണ കുടുംബസദ സ്സിലോ വീണു കിട്ടുന്ന കൊച്ചു കൊച്ചു സംവാദത്തിലൂടെ നമുക്കവരിലേക്കിറങ്ങിച്ചെല്ലാം.

അവരെ സ്നേഹിക്കുകയും ശാസിക്കുകയും ചെയ്യുമ്പോൾ നാം തിരിച്ചറിയേണ്ട ഒരു വസ്തുതയു ണ്ട്. ഇവരുടെയെല്ലാം ഉള്ളിന്റെയുള്ളിൽ, അന്തർമുഖനായി, അവസരം കിട്ടിയാൽ മുളപൊട്ടി, പടർന്നു പന്തലി ക്കുവാൻ വെമ്പൽകൊള്ളുന്ന ഒരു കുഞ്ഞുവിത്ത് ഒളിച്ചിരിപ്പുണ്ട്. മുളപൊട്ടി പുറത്തുവരു വാനുള്ള ഉൾക്കരുത്തും പ്രചോദനവു മാണ് നാം നൽകേണ്ടത്. കുട്ടികൾക്ക് അവരെ മുതിർന്നവർ അംഗീകരിക്കുന്നു, മനസ്സിലാക്കുന്നു എന്ന ശക്തമായ ബോധമുണ്ടാകണം. ആരോഗ്യപര മായ ഒരു സൗഹൃദം ഉണ്ടാകുന്നിടത്താണ് നാം വിജ യിക്കേണ്ടത്. ഇത്തരം ഒരു സാഹചര്യത്തിൽ വളരുന്ന കുട്ടികൾ വഴിതെറ്റുമെന്ന ആശങ്ക വേണ്ട – അക്ഷരങ്ങളോടു ചങ്ങാത്തം കൂടുവാനും വിവര സാങ്കേതിക വിദ്യയുടെ അനന്ത സാദ്ധ്യതകൾ തിരിച്ചറിഞ്ഞ് അവരുടെ സർഗ്ഗശേഷി വിക സിപ്പി ക്കുന്നതിനുമുള്ള പശ്ചാത്തലം ഒരുക്കികൊടുക്കു ന്നതിലൂടെ അദ്ധ്യാപകരും കുട്ടികളും രക്ഷിതാ ക്കളും തമ്മിലുള്ള ഇഴയടുപ്പത്തിന്റെ ഊഷ്മളത വർദ്ധിച്ചു വരുന്നതായി കാണാം. ഇതിനായി ഗുരുജനങ്ങളും രക്ഷിതാക്കളും അവരുടെ കാഴ് ചപ്പാടുകളിലും മാറ്റങ്ങൾ വരുത്തണം. കാലഘ ട്ടത്തിനനുസൃതമായ പരിവർത്തനങ്ങൾ ചിന്തക ളിലും പ്രവർത്തികളിലും വരുത്തണം.

അനുബന്ധമായി, എന്റെയൊരു അനുഭവം ഞാൻ പങ്കുവയ്ക്കട്ടെ. മലയാളത്തിന്റെ പ്രശസ്തി വാനോളം ഉയർത്തിയ പ്രിയപ്പെട്ട സാഹിത്യകാരന്റെ ജന്മം കൊണ്ടനുഗൃഹീതമായ എന്റെ ജന്മനാട്ടിലേ ക്ക്, കൂടല്ലൂരിലേക്ക്, നിളാനദിക്കരയിലൂടെ, മക ളോടുമൊത്ത് യാത്രചെയ്യുമ്പോൾ മനസ്സി ലേക്കോടിയെത്തുന്ന, ഗൃഹാതുരത യുണർത്തുന്ന ഒരുപാടോർമ്മകൾ "ഇവിടെയൊരു പുഴ യുണ്ടായിരുന്നു (ഇപ്പോഴത്തെ അവസ്ഥകൾ 'പുഴ' എന്നു പറയുവാൻ സാധിക്കാത്തതു കൊണ്ടാണ് ഭൂതകാല പ്രയോഗം). അനേകമനേകം കലാഹൃദ യങ്ങളിൽ തംബുരു മീട്ടിയ, അവരുടെ സർഗ്ഗ ഭാവന കൾ പൂത്തുലയുവാൻ പ്രചോദനമേകിയ പ്രിയപ്പെട്ട നിള–" ഇതൊക്കെ പറയുവാൻ ശബ്ദം പുറത്തു വരാറില്ല. കാരണം, എന്റെ ഇത്തരം വിങ്ങലുകൾ അവളുൾക്കൊള്ളണമെന്ന് ശാഠ്യം പിടിക്കുന്നതിലർ ത്ഥമില്ല. നിളയുടെ അസുലഭ സുന്ദര ലാവണ്യം അനുഭവിച്ചറിയുവാനുള്ള ബാല്യം അവൾക്കു ലഭിച്ചിട്ടില്ല. പക്ഷെ, എങ്ങനെയെങ്കിലും അവളോട് സംവദിക്കണമെന്ന എന്റെ നിർബന്ധം ഞാൻ മറ്റേതെങ്കിലും വഴിക്ക് തിരിച്ചു വിടാൻ ശ്രമിക്കും. അവൾക്കു താല്പര്യവും കാലികപ്രാധാന്യവുമുള്ള വിഷയങ്ങളിലേക്ക് ശ്രദ്ധയാകർഷിക്കും. ശാസ്ത്രീ യമായി അപഗ്രഥനവിധേയമാക്കാവുന്ന 'ആഗോ ളതാപനം' 'വനനശീകരണം' തുടങ്ങി അവളുടെ ചിന്തകളുടെ വാതായനങ്ങൾ തുറന്നിടുവാൻ ശ്രമിക്കുമ്പോൾ ധന്യതയുടെ നിമിഷങ്ങൾ ഞാനനു ഭവിക്കാറുണ്ട്. ഇത് സംവേദനത്തിന്റെ ഒരു ഉദാഹ രണം മാത്രം. നിങ്ങളിലോരോരുത്തർക്കും കാണും ഇത്തരം അനുഭവങ്ങൾ. കുളിർമ്മയുള്ള ഒരു തലോ ടലായി, ഒരു മയിൽപ്പീലിത്തണ്ടിന്റെ നിഷ്ക്കള ങ്കതയോടെ, ഇത്തരം ധന്യമുഹൂർത്തങ്ങൾ നമു ക്കോർത്തു വെക്കാം. പിന്നിടാനുള്ള വഴിത്താര കളി ലൂടെ, മക്കളുമായി കൂട്ടുകൂടി, ഇന്നിന്റെ വിഹ്വലത കൾ മാറ്റി നിർത്തി, നമുക്കു മുന്നേറാം. ഹൃദയം നിറഞ്ഞ ഭാവുകങ്ങൾ.

വാക്കുകൾക്ക് വിരാമമിടുന്നതിനു മുൻപ്, ന ന്ദിയോടെ സ്മരിക്കേണ്ട ചിലരെങ്കിലുമുണ്ട്. അവ രോട് നന്ദിവാക്കോതാതെ ഈ ലേഖനം പൂർത്തി യാക്കുവാൻ മനസ്സനുവദിക്കുന്നില്ല. സ്വന്തം താൽ പ്പര്യങ്ങൾ അടിച്ചേൽപ്പിക്കാതെ, സ്വതന്ത്രമായി ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്ന, എക്കാലത്തേയും വഴികാട്ടി, അച്ഛനോട്, എന്റെ കണ്ണുകളുടെ പ്രകാ ശവും കാതുകളുടെ സംഗീതവും ദൈന്യതയുടെ നിമിഷങ്ങളിൽ ജീവിതത്തെ നെഞ്ചോടു ചേർ ക്കുവാൻ പ്രചോദനവുമായ പ്രിയപുത്രിയോട്, അറി വിന്റെ ആദ്യാക്ഷരങ്ങൾ പകർന്നു തന്ന ഗുരു ജനങ്ങളോട്, ക്ലാസ്സുമുറികളിൽ ഗൗരവത്തിന്റെ മേലങ്കിയണിയുമ്പോഴും ഒരമ്മയുടെ കരുതലോടെ ഞാൻ കൈപിടിച്ചുയർത്തിയ, ഇപ്പോഴും അതിനായി ശ്രമിച്ചുകൊണ്ടിരിക്കുന്ന ശിഷ്യ ഗണത്തിനോട്, എല്ലാറ്റിനുമുപരി, വർഷങ്ങൾക്കിപ്പുറം, എഴുതു വാൻ നിർബന്ധിച്ച കുടുംബ സുഹൃത്തുക്കളോട്, നന്ദി – ഒരായിരം നന്ദി......



# “ഇതൊരാസൂത്രിത വഞ്ചനയുടെ നിറകൺചിരികൾ”

ബഷീർ തിക്കോടി
050 5847513

ബ്രിട്ടീഷുകാർ അധികാരഭ്രഷ്ടനാക്കിയ അവസാന മുഗൾ ഭരണാധികാരി ബഹദൂർ ഷാ സഫർ റങ്കൂണിലെ തടവറയിൽ കിടന്ന് മരണത്തിന്റെ ഒരല്പം മുമ്പ് എഴുതിയ കവിതയുടെ വക്കിൽ ഇന്നും ചോര കിനിയുന്നുണ്ട്.

“വിജനമായ നാട്ടിൽ എന്റെ മനസ്സിപ്പോൾ തരിശാണ്. ആരാണീ നശ്വരലോകം പണിതത്. പരാതിയില്ലെനിക്ക് എന്റെ രക്ഷകരോടും വേട്ടക്കാരോടും. വസന്തം എനിക്ക് സമ്മാനിച്ചത് ഇന്ധനം. ദുഃഖിതരായ എന്റെ ജനതയോട് പറയുക. എവിടെയെങ്കിലും പോയി കുടികെട്ടി പാർത്തുകൊള്ളാൻ. ഹൃദയത്തിൽ കളങ്കമുള്ളവരുടെ ലോകത്ത് എവിടെയാണ് അവർക്കൊരിടം. നീണ്ട ഒരു ജീവിതം ഞാനാവശ്യപ്പെട്ടു. പക്ഷെ എനിക്ക് കിട്ടിയത് നാല് ദിനം മാത്രം. അവയിൽ രണ്ട് നാൾ ആഗ്രഹങ്ങളിലും രണ്ട് നാൾ പ്രതീക്ഷയിലും പൊലിഞ്ഞു–” സ്വപ്നങ്ങൾകൊണ്ട് ഒരു പെരുംകുഴിയുണ്ടാക്കി ഹരിതാഭമായ ജീവിതത്തെ സ്വയം മറവ് ചെയ്ത പ്രവാസിയുടെ നേർചിത്രമാവുന്നുണ്ടീ കവിത – നെടുവീർപ്പിനൊടുവിലും വീണ്ടും, വീണ്ടും വിരിയുന്ന വസന്തകാലത്തെക്കുറിച്ചുള്ള വൃഥാ സ്വപ്നത്തിന്റെ തടവറയിലിരുന്ന് സഫറിനെപ്പോലെ ഒരോ പ്രവാസിയും...

വറ്റിവരണ്ടജീവിതം വസ്ത്രങ്ങളും, ചതഞ്ഞരഞ്ഞ ആഗ്രഹങ്ങളും തോളിലേറ്റി നിസ്സഹായയായി ഒരു തുരുത്ത് നേടാൻ നീന്തുകയാണ് ഓരോ പ്രവാസിയും വേഴാമ്പലിനെപ്പോലെ അവനിന്നും അധികാരത്തിന്റെ ചന്ദന സിംഹാസനങ്ങളോട് കേഴുന്നു, വിതുമ്പുന്നു. അരനൂറ്റാണ്ട് കാലമായി ഈ പ്രക്രിയ അനുസ്യൂതമായി തുടരുന്നു. ജീവിത ത്തിൽനിന്ന് തിരസ്കൃതനായവൻ ഭരണകൂടങ്ങൾ നൽകിയ ശ്മശാനഭൂവിൽ കിടന്ന് പിടയുന്നു. നമ്മുടെ വിയർപ്പും രക്തവും ചേർത്ത അദ്ധ്വാനത്തിന്റെ ഫലം മുഴുവൻ ഊറ്റിയെടുക്കുകയും കൃത്യതയോടെ നമ്മെ അടിച്ചൊതുക്കു ന്നതിൽ ആനന്ദം കണ്ടെത്തി ആഹ്ലാദിച്ചുല്ലസിക്കുന്നു ചുറ്റുമുള്ളവർ. അടികൊള്ളുന്നവൻ മനുഷ്യനാണെന്നും, ഒരു ജനാധിപത്യ ക്രമത്തിൽ എല്ലാ പൗരനും ലഭിക്കണ്ടേ പങ്കും നിഷേധിക്കുമ്പോൾ അലർച്ചയോടെ പ്രതിഷേധിക്കേണ്ടതിന് പകരം നാം ഞരക്കത്തിലൂടെയാണ് ഈകാല മത്രയും നമ്മുടെ വിഹ്വലതകളെ പ്രകാശി പ്പിച്ചത്. അരനൂറ്റാണ്ട് കാലത്തെ രാജ്യത്തിന്റെ വളർച്ചയിൽ പിളർച്ച നേടിയവരെക്കുറിച്ച് അറിയേണ്ടവരെ കാത്ത് നാം ബൊക്കെയുമായി എയർപോർട്ടിലെ കവാടത്തിൽ അധികാരത്തിന്റെ ആൾരൂപത്തിനായ് കാത്ത് കെട്ടി കിടക്കുന്നു. സ്റ്റാർ ഹോട്ടലിലെ മാന്ത്രികവെളിച്ചത്തിൽ നെടുനീളൻ പ്രസംഗം. ലേബർ ക്യാമ്പിലെ കണ്ണീരിനെക്കുറിച്ച്, സമ്മാനങ്ങൾ, സ്നേഹാകാശങ്ങൾ, എല്ലാം അറിഞ്ഞ് സ്വീകരിച്ച് യാത്രയാവുന്നു. “ശൂന്യം”– നാം മറ്റൊരു അധികാരരൂപത്തെ കാത്ത് എയർപോർട്ടിലേക്ക് ഓടുന്നു. ഇടർച്ചയറിയാതെ സ്നേഹത്തിന്റെ സ്വാതന്ത്ര്യബോധം തീക്ഷ്ണപ്രകാശം നാം ദാനമായി നൽകിയവർ, നമ്മുടെ ചോരാസൗഹൃദം, നാട്, രാഷ്ട്രീയം, വ്യവസ്ഥിതി, ഒന്നും, ഒന്നും നമുക്ക് തണൽ വിരിപ്പ് തരാൻ സന്മനസ്സ് കാണിക്കാത്തവർ. എൻ. വി. പറയുന്നത് ഒരിടത്ത് “എല്ലുകളുടെ ധർമ്മം എല്ലായിരിക്കുകയാണ് ആയുധമായിരിക്കുകയില്ലെന്ന്” എല്ലിൻകൂടായി നമുക്ക് ജീവിച്ച് മരിച്ചാൽ മതിയോ.. എല്ല് ആയുധമായി പരുവപ്പെടുത്തേണ്ട ആൾകൂട്ടങ്ങൾ, സംഘടനകൾ, മാധ്യമങ്ങൾ എല്ലാം എല്ലാം വർണ്ണശബള ദിനരാത്രികളിൽ രമിച്ച് കാലം കഴിക്കുന്നു.

പുതിയ ലോകം തീർത്ത ഭയാനക ചുഴികൾ, ആഴികൾ. എല്ലാം വാങ്ങി ഉപയോഗിക്കുകയും ഒന്നും ഉത്പാദിപ്പിക്കാതിരിക്കുകയും ചെയ്യുന്ന ഒരു സമൂഹമനസ്സ് – നാം വിളിക്കേണ്ട മുദ്രാവാക്യം നമ്മുടെ രുചി. വസ്ത്രം, എല്ലാം എല്ലാം നമുക്കായ് ഒരുക്കി വെച്ചിട്ടുണ്ട്

അനുഭവങ്ങളുടെ ചങ്ങലകിലുക്കങ്ങൾ തീക്ഷ്ണവും ചടുലവും, അപൗരുഷേയവും, മർദ്ദകവുമായിരിക്കണം. നമ്മുടെ രുചി, വസ്ത്രം, എല്ലാം എല്ലാം നമുക്കായ് ഒരുക്കിവെച്ചിട്ടുണ്ട്. നമ്മെ മയക്കിക്കിടത്തുന്ന നെടുനീളൻ വങ്കത്തങ്ങളുടെ വഞ്ചകങ്ങളായ തിളക്കങ്ങളിൽ അല്ല– സർവ്വോത്തരമായ ഒരു രീതി ശാസ്ത്രത്തിന് മാത്രമേ വെളിച്ചമാവാൻ കഴിയൂ – പ്രവാസികൾ മൊത്തം സമുദായത്തിന്റെ ഉദ്ഗമമായത് കൊണ്ട് ദേശത്തിന്റെയും അതുൾക്കൊള്ളുന്ന തുടിപ്പുകളുടെയും ചരിത്രത്തിലൂടെ സഞ്ചരിക്കുമ്പോൾ നാം നൽകിയ സംഭാവനകൾ. നമുക്ക് തിരിച്ച് കിട്ടിയ സംഭാവനകളുടെയും കണക്കെടുപ്പ് അനിവാര്യമാണ്. നാഗരികതയുടെ രഥചക്രങ്ങൾ പടിഞ്ഞാറ് നിന്ന് ഉരുണ്ട് നമ്മുടെ മുറ്റത്ത് സ്ഥാനമുറപ്പിച്ച് കഴിഞ്ഞു.

തിരിച്ചറിവിന്റെയും പ്രതിരോധത്തിന്റെയും ബോധാബോധമണ്ഡലങ്ങളെ നാം എങ്ങനെയാണ് കയ്യൊഴിഞ്ഞത്. വികാസോന്മുഖമായ ഇന്നുകൾ എങ്ങനെയാണ് പൊള്ളയായിത്തീർന്നത്. പൊതുസമൂഹം സ്വീകരിച്ചത് ഊറ്റിക്കുടിക്കുക, ഊതിക്കളയുക എന്ന രീതിയിലെ അശ്ലീലകൾക്കെതിരെ പേന മാത്രം ഉയർന്നില്ല – തോക്കിന്റെ നിഴലിലിരുന്ന് കൊണ്ട് അപ്പോളഴിനെയർ തന്റെ പ്രസിദ്ധങ്ങളായ പോസ്റ്റ് കാർഡ് കവിതകൾ എഴുതുകയുണ്ടായല്ലോ. എന്തെ മരുഭൂവിലെ എഴുത്തിന് പ്രതിരോധത്തിന്റെ കനൽ വിതറാൻ കഴിഞ്ഞില്ല. ഉണർവ്വ് – മൗലീകവും, അഗാധവും, സർവ്വഭക്ഷകവുമായ ജീവിതത്വരയിൽ സാധൂകരിക്കപ്പെടുന്ന ധർമ്മ കർമ്മ നിലവറയുടെ സാന്നിദ്ധ്യവും. ഓരോ പ്രവാസിയും കാത്തിരിക്കുന്നത്. സ്പർശിനികളെ സങ്കോചിപ്പിച്ച് മൃത്യുതുല്യമായ സുഖനിദ്രയിൽ നിന്ന് സചേതനമാക്കി നിർത്തുവാൻ കെൽപ്പുള്ള ഒരാൾ അറിവിന്റെ കൊടിതോരണങ്ങൾ ആരാണ് ഉയർത്തിപിടിക്കുക.

ഇന്നലെയും, ഇന്നും, നാളെയും അന്യോന്യം കടിച്ചീമ്പി രക്തം കുടിക്കുകയും കുടൽ മാലകൾ ചൂടി നൃത്തം ചവിട്ടുകയും ചെയ്തുകൊണ്ടിരിക്കുന്ന ഹിംസ്രജീവികളിലെ വംശവൈരം മറന്ന് യജമാനന്റെ അരികുപറ്റി നിൽക്കുന്ന കുളിരിൽ അഭയം തേടിയവരിലോ. "അപ്പാവം ജീവിച്ച നാൾ – അവനെ തുണക്കാത്തോർ തൻ പ്രാണനെടുത്തപ്പോൾ താങ്ങുവാൻ മുതിർന്നെത്തി" ചേർന്ന കഥ വൈലോപ്പിള്ളി പാടിയുറക്കാറുണ്ടല്ലോ. ചവിട്ടി ഉഴിഞ്ഞും ചവിട്ടി പിഴിഞ്ഞും സുഖ ചികിൽസ നടന്ന് കഴിഞ്ഞാൽ കർക്കിടകം കഴിഞ്ഞ് ചിങ്ങം വരുമ്പോൾ നമ്മുടെ ജീവിതം തൊഴുത് വരുമെന്ന് – ഉഴിഞ്ഞും, പിഴി ഞ്ഞും നമ്മെ സുഖചികിത്സക്ക് വിധേയമാക്കുന്നവരെക്കുറിച്ചുള്ള എതിർബോധമാണ് ഉയരേണ്ടത്. നമ്മുടെ നിലവിളികളെ കടൽ കടത്തിയവർ നാം തീർത്ത ഉളുപ്പിന്റെ ചുമരുകൾക്കുള്ളിൽ അതൊടുങ്ങുമെന്നും വിശ്വസിക്കുന്നു. നമ്മുടെ ജീവിതം പുളിപ്പിച്ച്, പെരുപ്പിച്ച് അവർ രുചിയുള്ള ജീവിതം ഉണ്ണുന്നു. ഇതൊരാസൂത്രിത വഞ്ചനയുടെ നിറകൺചിരിയല്ലാതെ മറ്റെന്താണ്.

# PAINTINGS


Susan Joy
Age : 7


Irene Joy
Age : 9

# Relevance Of Mushrooming Community Association



*V. M. Sathish,*
*Sr. Journalist Emirates 24 x 7*

A few months back, I had the unfortunate chance of reporting a number of suicide cases in the city including an aborted family suicide pact in which the husband and seven year old girl child died, but the wife survived. Of all the facts that came out about the suicide pact, one shocking information was that the family head, a well-educated accountant, was an introvert with minimum socializing. As it is said, an idle mind is a devils workshop.

Expatriates from over 200 countries reside in the UAE, but Indians, read Keralites, account for the vast majority of community associations here. Nobody knows how many Keralite associations are there in the UAE, but a wild guess is that their number exceeds 1000. There are Malayali organisations in the name of political parties, religious groups, district, panchayats and even family names. Latest trend is to have organisations in the name of "Dhothi" and "Elephant". There are no live elephants in the region, except for the one made of Thermocol at Dubai Art Lovers Association. But there is an association of elephant lovers in the UAE. The Angamaly NRI Association (ANRIA), I believe, is an upcoming grouping of residents form the vibrant Angamaly region, close to Kochi, the commercial capital. Most of the non basmati rice that we eat here too comes from Angamaly/Kaladi area. I remember an auspicious occasion, a seminar on Changing Malayalis, organised by ANRIA and the applause I got from your members for my humble and simple speech.

Most of us live away from the near and dear ones and often end up with mental depression, financial troubles, health problems, legal issues and many other socio economic problems. While there are proper mechanisms to address these issues at an official level, they are often not sufficient to meet the requirements all community members. The Indian Embassy or Indian Consulate may have all the services and systems in place on paper, they are not able to reach out to all the community members. Non Resident Keralite Affairs Department or the Overseas Indian Affairs Departments may be there, but they too have lacunas in reaching the right people. It is in this context that regional organizations like yours, ANRIA, assumes added importance to the community.

As a journalist who has worked in the region for more than 15 years, I have come across many people who are caught in a cob web of issues related to credit card and loan defaults, bankruptcy, criminal and civil cases or fatal diseases like heart problems or issues related kidneys. In such grave situations, organizations and their leaders often come forward with a helping hand. As ANRIA is doing rightly, many other community associations extend charity support to the downtrodden sections of society. They not only help helpless human beings stranded here, but also assist charity drives back home. Many NRI associations from Kerala have recently started massive healthcare projects like setting up free kidney dialysis centers, helping the heart surgery of the poor and in organizing mass marriages for the underprivileged women and helping the educational needs of poor students through innovating scholarship schemes.

For journalists like me, the large number of expatriate associations is a blessing in disguise. We are the first to get latest stories (mostly negative) about these organizations and often the source will be a disgruntled committee member or official. May be more than half the total press conferences organized by our organization, the Indian Media Forum, are organized by the community associations. We also get a lot of positive feedback about the community from these entities.

It is a fact that when two Malayalis come together, there will be three groups and within no time, they will try to form caucus groups and engineer splits in such organizations. There are many instances around –organizations splitting vertically and horizontally. However, more the merrier is the catchword. As we have more and more organizations formed, thanks to the ego and publicity needs of a few affluent aspiring leaders, the benefits trickle down to the average expatriate and our counterparts back home. Kerala, as we all know, is the most politically conscious literate state in India. Every family back home looks forward to the demand drafts or instant cash remitted by a family member for decent living. It is our obligation to look beyond our families and extend a helping hand to the needy. I hope ANRIA officials and members will set another benchmark for community activities and charitable ventures.

We Keralites take our own life or kill each other fight intensely for silly matters. If an organization like ANRIA can stop one suicide or killing or dispute, your mission is accomplished. Keep your members active in arts, sports, debates, charity and seminars. Wishing you a happy anniversary.







MARINE,

INDUSTRIAL,

CONSTRUCTION,

PETROCHEMICAL &

OILFIELD SUPPLIERS

ARROW

ARROW PIPES & FITTINGS FZCO

TEL.: +9714-8832300, FAX: +9714-8832301/02,
P.O. BOX: 17574, Jebel Ali Free Zone, Dubai, U.A.E
E-MAIL: rockwell@emirates.net.ae
WEBSITE: www.arrowpipes.com

UAEXCHANGE®
Service is our Currency

# മുയൽരോമങ്ങൾക്കിടയിൽ സ്വസ്ഥമായി വാഴുന്നവർ



വിനോദ്കുമാർ എ. കെ.

**നമ്മെക്കുറിച്ചു തന്നെയാണ് പറഞ്ഞു വരുന്നത്.** ആദ്യം ഒരു ചോദ്യം: "ഞാൻ ആരാണ്?" ഒന്നും മനസ്സിലാകുന്നില്ല അല്ലേ? മറ്റൊരു പേരാണ് എനിക്ക് നല്കിയതെങ്കിൽ ഞാൻ മറ്റൊരാളാകുമായിരുന്നോ? ഞാൻ ആരാണെന്ന് എനിക്ക് അറിയാത്തത് അത്ര അസാധാരണമായ കാര്യമാണോ? എന്റെ രൂപം എന്നിൽ അടിച്ചേൽപ്പിക്കപ്പെട്ടതാണ്. എനിക്ക് എന്റെ കൂട്ടുകാരെ തിരഞ്ഞെടുക്കാം, എന്നാൽ സ്വയം തിരഞ്ഞെടുക്കാനാവില്ല. ഒരു മനുഷ്യജീവി ആയതു പോലും എന്റെ തിരഞ്ഞെടുപ്പല്ല. എന്താണ് മനുഷ്യൻ? ഇപ്പോൾ ഈ ലോകത്ത് നില കൊള്ളുന്നത് എത്രയും അസാധാരണമായ കാര്യമാണോ? ജീവിച്ചിരിക്കുക എന്നതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ ഒരു കാര്യം തിരിച്ചറിയണം. എക്കാലത്തേക്കുമായി ഒരു ജീവിതമില്ല. ഒരുനാൾ ഇവിടെ നിന്ന് പോയേ മതിയാവൂ. മരണത്തിനു ശേഷം ജീവിതമുണ്ടോ? ഒരു നാൾ മരിക്കും എന്ന വിചാരത്തിൽ മനസ്സുടക്കി നിൽക്കുമ്പോൾ തന്നെ ജീവിക്കുക എന്നത് എത്ര മേൽ ഭയങ്കരമായ മനോഹാരിതയാണെന്ന് ചിന്തിക്കാൻ കഴിയില്ലേ?

അതെ, ജീവിച്ചിരിക്കുക എന്ന എത്രയോ അവിശ്വസനീയമായ വിസ്മയമാണെന്ന് വിചാരിക്കാതെ ഞാനും മരിക്കും എന്ന സത്യത്തെ തിരിച്ചറിയാൻ കഴിയില്ല. അടുത്ത ചോദ്യം: ലോകം എവിടെ നിന്നാണ് രൂപം കൊണ്ടത്? ഈ ലോകം എവിടെ നിന്ന് വരുന്നു എന്നതിനെക്കുറിച്ച് അന്വേഷിക്കാതെ ഈ ലോകത്ത് ജീവിക്കുന്നത് ശരിയായൊരു സംഗതിയല്ലെന്ന് തോന്നുന്നില്ലേ. ഈ ലോകം എവിടെ നിന്നാണ് ഉത്ഭവിച്ചത്? മഹാശൂന്യതയിലെ ചെറിയൊരു ഗ്രഹം മാത്രമാണെന്ന് അറിയുമായിരിക്കും. എന്നാൽ ബഹിരാകാശം എവിടെ നിന്നുണ്ടായി? നിലനിൽക്കുന്ന ഏതൊന്നിനും ഒരു ഉത്ഭവം ഉണ്ടായിരിക്കണം ഇല്ലേ? ശൂന്യാകാശം മറ്റൊന്നിൽ നിന്നാണ് പിറവിയെടുത്തതെങ്കിൽ ആ "മറ്റൊന്ന്" വേറൊന്നിൽ നിന്നായിരിക്കണം പിറവിയെടുത്തത്. ദൈവമാണ് ലോകത്തെ സൃഷ്ടിച്ചതെന്ന് വിശ്വസിച്ചാൽ എളുപ്പമായി ഇല്ലേ? എന്നാൽ ദൈവമെങ്ങനെ ഉണ്ടായി? ഇല്ലായ്മയിൽ നിന്നും സ്വയം സൃഷ്ടിതമായതാണോ? ദൈവത്തിന് എല്ലാ തരത്തിലുമുള്ള കാര്യങ്ങൾ സൃഷ്ടിക്കാൻ കഴിയുമെങ്കിലും സ്വയം സൃഷ്ടിക്കുവാൻ, തന്നെത്തന്നെ സൃഷ്ടിക്കുവാൻ കഴിയുമോ? അങ്ങനെ സൃഷ്ടിക്കണമെങ്കിൽ അതിനുമുമ്പ് ഒരു ആരംഭം ഉണ്ടായിരിക്കണ്ടേ? നിലനിൽക്കുന്ന എല്ലാത്തിനും ഒരു തുടക്കം ഉണ്ടായേ പറ്റൂ. ഇനി നമുക്ക് കാര്യത്തിലേക്ക് തിരിച്ചു വരാം. മനുഷ്യർക്ക് പലവിധത്തിലുള്ള നേരമ്പോക്കുകൾ ഉണ്ട്.

നാണയങ്ങൾ സ്റ്റാമ്പുകൾ ഇവ ശേഖരിക്കുക, കായികമത്സരങ്ങൾ ടി.വിയിൽ കാണുക, വായിക്കുക, തുന്നൽ വൃത്തിയിലേർപ്പെടുക, അങ്ങനെ അങ്ങനെ.... എന്നാൽ എല്ലാവർക്കും താല്പര്യമുണർത്തുന്ന കാര്യങ്ങളും ചോദ്യങ്ങളും ഉണ്ട്. തങ്ങൾ ആരാണെന്നും ലോകത്ത് എവിടെ താമസിക്കണമെന്നുമുള്ള ചോദ്യങ്ങൾ. അടിസ്ഥാനപരമായ ആവശ്യങ്ങൾ സാധിച്ചു കഴിഞ്ഞാൽ പിന്നെയും എന്തൊക്കെയോ എല്ലാവരും ആഗ്രഹിക്കുന്നില്ലേ? ഒരു മനുഷ്യൻ അപ്പം കൊണ്ടു മാത്രം ജീവിക്കുന്നില്ല. ഭക്ഷണം, സ്നേഹം, സുരക്ഷ എല്ലാവർക്കും ആവശ്യമാണ്. എന്നാൽ അവയൊന്നുമല്ലാത്ത ചിലതുണ്ട്. നമ്മൾ ആരാണ്, എന്തിനാണ് നമ്മൾ ഇവിടെ ജീവിക്കുന്നത്,

ലോകത്ത് സംഭവിക്കുന്നത് പിന്നിലെല്ലാം ഏതെങ്കിലും ഇച്ഛാശക്തിയും പ്രവർത്തിക്കുന്നുണ്ടോ? മരണത്തിനു ശേഷവും ജീവിതമുണ്ടോ? തത്വചിന്തകർ അങ്ങനെയാണ് ചിന്തിക്കുന്നത്. തത്വശാസ്ത്രത്തെ സമീപിക്കുന്നതിനുള്ള ഏറ്റവും മികച്ച മാർഗ്ഗം തത്വചിന്താപരമായ ചില ചോദ്യങ്ങൾ ചോദിക്കുക എന്നതാണ്. വിസ്മയങ്ങളോടുള്ള



മനുഷ്യന്റെ അഭിരുചിയിൽ നിന്നാണ് തത്വചിന്ത പിറന്നതെന്ന് 2000 വർഷങ്ങൾക്കു മുമ്പു ജീവിച്ചിരുന്ന ഒരു ഗ്രീക്ക് തത്വചിന്തകൻ വിശ്വസിച്ചിരുന്നു.

തത്വചിന്താപരമായ ചോദ്യങ്ങളുടെ പിറവി ജീവിതത്തെ വിസ്മയിപ്പിക്കുന്നതായി മനുഷ്യൻ കണ്ടെത്തി. അത് ഒരു മാന്ത്രിക പ്രവൃത്തി കാണുന്നതു പോലെയാണ്. അതെങ്ങനെ സംഭവിക്കുന്നുവെന്ന് നാമറിയുന്നില്ല. ഒരു ജോടി വെള്ളപ്പട്ടു തൂവാലയെ ജീവനുള്ള മുയലാക്കാൻ ഒരു മാന്ത്രികന് എങ്ങനെ കഴിയുന്നു? അതേ അവിശ്വസനീയതയോടെ ഒട്ടനവധി ആളുകൾ ജീവിതത്തെ അനുഭവിക്കുന്നു. ഉള്ള് ശൂന്യമായ ഒരു തൊപ്പിയിൽ നിന്ന് മാന്ത്രികൻ മുയൽകുട്ടിയെ പുറത്തെടുക്കുന്ന പോലെ അവിശ്വസനീയം. മുയലിന്റെ കാര്യത്തിൽ മാന്ത്രികൻ എന്തോ സൂത്രവേല ചെയ്തതാണെന്ന് നമുക്കറിയാം. നമുക്ക് അറിയേണ്ടത് അയാൾ അത് എങ്ങനെ സാധിച്ചുവെന്നും. എന്നാൽ ലോകത്തേക്കു വരുമ്പോൾ കാര്യങ്ങൾ വ്യത്യസ്തമാണ്. നാം അതിന്റെ ഭാഗമാണ്. യഥാർത്ഥത്തിൽ തൊപ്പിയിൽ നിന്ന് പുറത്തെടുക്കുന്ന വെള്ളമുയലുകളാണ് നാം. തമ്മിൽ ഒരു വ്യത്യാസമേയുള്ളു. ഒരു മാന്ത്രികവേലയുടെ ഉപകരണമാണെന്നത് മുയലിനറിയില്ല. നമുക്കറിയാം...! മുയലിനെ ഈ പ്രപഞ്ചവുമായി തട്ടിച്ചു നോക്കാം.

ഇവിടെ ജീവിക്കുന്ന നാം മുയലിന്റെ രോമത്തിനിടയിലെ ചെറിയ കീടങ്ങളാണ്. എന്നാൽ തത്വചിന്തകൻ ആ രോമങ്ങളിലൂടെ മുകളിലേക്ക് കയറി മാന്ത്രികന്റെ കണ്ണുകളിലേക്ക് തുറിച്ചു നോക്കുവാൻ ആഗ്രഹിക്കുന്നു. നല്ല തത്വ ചിന്തകരാകുവാൻ ആകെക്കൂടി വേണ്ടത് വിസ്മയ ങ്ങളിലുള്ള ജ്ഞാനമാണ്. കൺതുറക്കലാണ്. കുഞ്ഞുങ്ങൾക്ക് ആ കഴിവുണ്ട്. ഗർഭപാത്രത്തിൽ നിന്ന് അവർ പുതിയൊരു യാഥാർത്ഥ്യത്തിലേക്ക് വീഴുന്നു. കാണുന്നതെന്തിലേക്കും അത് ആകാംക്ഷ യോടെ നോക്കുന്നത് നാം കാണുന്നുണ്ടല്ലോ. വാക്കുകൾ ഉൾക്കൊണ്ടു തുടങ്ങുമ്പോൾ ഒരു പട്ടിയെ കണ്ടാൽ കുഞ്ഞ് ബൗ ബൗ എന്ന് പറഞ്ഞു തുടങ്ങുന്നു. എന്നാൽ നാം പട്ടിയെ പലപാട് കണ്ടിരിക്കുന്നതുകൊണ്ട് "ആ... പട്ടി തന്നെ, മിണ്ടാതിരിക്ക്" എന്ന് കുട്ടിയോട് പറയുന്നു. കുട്ടി പതിയെ വലിയ കൗതുകം തോന്നാത്ത അവസ്ഥയിൽ എത്തുന്നു. അങ്ങനെ ശിശു നേരാംവണ്ണം സംസാരിക്കുന്നതിന്റെ വളരെ മുൻപുതന്നെ, തത്വചിന്താപരമായി അത് ചിന്തിക്കുന്നതിന് വളരെ മുമ്പു തന്നെ ലോകം അതിന് ശീലമാകുന്നു. അങ്ങനെ ലോകത്തെ നിർവ്വികാരമായി കാണുന്ന അവസ്ഥയിലേക്ക്, ആളുകളുടെ ഇടയിലേക്ക് നാം വളരുന്നു. ദുഃഖകരമായ ഒരു കാര്യം ഗുരുത്വശക്തി മാത്രമല്ല നാം വളരുമ്പോൾ നമ്മെ നിയന്ത്രിക്കുന്നത് എന്നാണ്.

ചുരുങ്ങിയ സമയത്തിനുള്ളിൽ ഈ ലോകം തന്നെയും സ്വഭാവവും രീതിയുമായി മാറുന്നു. വളർന്നു കൊണ്ടിരിക്കവേ ലോകത്തെക്കുറിച്ച് വിസ്മയപ്പെടുവാനുള്ള നമ്മുടെ കഴിവും കുറഞ്ഞു വരുന്നു. അങ്ങനെ വരുമ്പോൾ കേന്ദ്രീയമായ ചിലത് നമുക്ക് നഷ്ടപ്പെടുന്നു. തത്വചിന്തകർ പുനഃസംരക്ഷിക്കുവാൻ ശ്രമിക്കുന്നത് അതാണ്. ജീവിതമെന്നത് വലിയൊരു വിസ്മയമാണ്, നിഗൂഢതയാണ് എന്ന്. വിഭിന്നങ്ങളായ കാരണങ്ങളാൽ അധികമാളുകളും സാധാരണ ജീവിതത്തിന്റെ കെട്ടുപാടുകളിൽപ്പെട്ട് ഉഴലവേ ലോകത്തെക്കുറിച്ച് വിസ്മയപ്പെടുക എന്നുള്ള കാര്യങ്ങളെല്ലാം വിസ്മൃതങ്ങളായിത്തീരും. അവരെല്ലാം മുയൽരോമങ്ങൾ കൊണ്ടുള്ള പുതപ്പിലേക്ക് ചുരുണ്ട് ശിഷ്ടകാലം കഴിച്ചുകൂട്ടും. ഇത്തരുണത്തിലാണ് തത്വചിന്തകൾ അസാധാരണമായി ഭവിക്കുന്നത്. ഒരു തത്വചിന്തകൻ ലോകവുമായി വേഗം ഐക്യപ്പെടാറില്ല. അവർക്ക് ലോകം ചില യുക്തിഹീനതകളുടെ പ്രകടനമായി തോന്നും. സംഭ്രമിപ്പിക്കുന്നത്.... ഒരു പ്രഹേളികാസമാനം ജീവിതത്തിലുടനീളം ഒരു തത്വചിന്തകൻ ഒരു കുട്ടിയെപ്പോലെ മൃദുത്വമാർന്ന് പ്രവർത്തിക്കും. നാം, ഈ ലോകത്ത് വിസ്മയകരമായി ഒന്നും ദർശിക്കുന്നില്ല. എല്ലാത്തിനോടും പൊരുത്തപ്പെട്ട് പതിവു ശീലകൾ മുടക്കാതെ, ഉണ്ടും ഉറങ്ങിയും പത്രം വായിച്ചും സാധാരണമായി ജീവിക്കുന്നു. ചുരുക്കി പ്പറഞ്ഞാൽ, പ്രപഞ്ചത്തിന്റെ തൊപ്പിയിൽ നിന്ന് വലിച്ചെടുത്ത മുയലിന്റെ രോമങ്ങൾക്കിടയിലേക്ക് നാമെല്ലാം സ്വസ്ഥ മായിരിക്കുന്നു.

ഇനി ചിന്തിക്കൂ.... ഉദാസീനതയും, താല്പര്യ രാഹിത്യവും ബാധിച്ചവരുടെ ഇടയിലേക്ക് അടിഞ്ഞ് ഈ ജീവിതം ഒരു പാഴ്ജന്മം ആക്കണമോ?

കടപ്പാട് : ജസ്റ്റിൻ ഗാർഡർ



# കൂട്ടായ്മകളുടെ പ്രസക്തി...




ഇ. കെ. ദിനേശൻ

ചില പ്രത്യേക സാഹചര്യങ്ങളും ജീവിത രീതികളും മനുഷ്യനെ മാനസിക പിരിമുറുക്കത്തിലേക്ക് നയിക്കാറുണ്ട്. ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നതാകട്ടെ ഒറ്റപ്പെട്ട് കഴിയുന്നവരിലാണ്, ഗൾഫ് ജീവിതത്തിൽ ഇത് അനായാസം സംഭവിക്കുന്നു. ജോലിക്കിടയിൽ അനുഭവിക്കേണ്ടി വരുന്ന സമ്മർദ്ധങ്ങൾക്കൊപ്പം മറ്റ് മാനസിക പ്രശ്നങ്ങളും ഒത്തുചേരുമ്പോൾ ഉണ്ടാകുന്ന ആന്തരീക സംഘർഷങ്ങളെ ലഘൂകരിക്കാൻ നമുക്ക് മുൻപിലുള്ള ഏറ്റവും നല്ല വഴി പ്രശ്നങ്ങൾ പങ്കുവെക്കുക എന്നതാണ്. ഇതിന് കഴിയാതെ വരുമ്പോൾ അനുഭവപ്പെടുന്ന മാനസിക പിരിമുറുക്കങ്ങൾ വളർന്നു വലുതാകുന്നതാകട്ടെ ആന്തരികമായ ചിന്തയിലായിരിക്കും. ഇത്തരം ചിന്തയാണ് പലപ്പോഴും ജീവിതത്തെക്കുറിച്ചുള്ള ധാരണയെ തെറ്റായി വ്യാഖ്യാനിക്കാൻ വ്യക്തികളെ പ്രേരിപ്പിക്കുന്നത്. അമിതമായ സമ്മർദ്ധങ്ങൾ സഹിക്കാൻ കഴിയാതെ വരുമ്പോൾ ജീവിതത്തെ വെറുക്കുക സ്വാഭാവികമാണ്. ഇത്തരം സമയങ്ങളിൽ ഗുണപരമായി ഇടപെടാൻ കഴിയുന്ന സൗഹൃദങ്ങൾ നമുക്ക് ഉണ്ടാകേണ്ടിയിരുക്കുന്നു. യു. എ. ഇ. യെപ്പോലുള്ള രാജ്യങ്ങളിൽ പ്രാദേശിക കൂട്ടായ്മകൾക്ക് നിർവ്വഹിക്കാനുള്ള പ്രഥമ കടമ അതാണ്. ദിനംപ്രതി കൂടി വരുന്ന ആത്മഹത്യകൾക്ക് കാരണമാകുന്ന മുഖ്യ ഘടകങ്ങൾ സാമ്പത്തികമാണെങ്കിലും അതിലുപരിയായി മറ്റുചില നിഷ്ക്രിയ ചിന്തകളും ഇതിനുകാരണമായി തീരാറുണ്ട്. ദാമ്പത്യ ജീവിതത്തിന് ഇതിൽ മുഖ്യമായ സ്ഥാനമാണ് ഉള്ളത്. നാട്ടിലുള്ള കുടുംബത്തെ കുറിച്ചുള്ള നല്ലതും ചീത്തയുമായ വിചാരങ്ങൾ വ്യക്തികളുടെ ഏകാന്ത ജീവിതത്തിൽ സ്വാഭാവികമാണ്. ഇതിനെ പ്രതിരോധിക്കാനുള്ള എളുപ്പവഴി നല്ല ജനസമ്പർക്കമാണ്. പ്രവാസ ജീവിതത്തിൽ ഓരോരുത്തരും തങ്ങളുടേതായ വിഷമലോകത്തിൽ തനിച്ചാകുമ്പോൾ അവർക്ക് ഒന്നിച്ചിരുന്ന് പരസ്പരം മനസ്സു തുറന്നു പറയാനുള്ള വേദികളായിരിക്കണം നമ്മുടെ കൂട്ടായ്മകൾ. എണ്ണിയാൽ തിട്ടപ്പെടുത്താൻ കഴിയാത്ത കൂട്ടായ്മകൾക്ക് ഗൾഫിലെ ദൃശ്യ-ശ്രവ്യ, അച്ചടി മാധ്യമങ്ങൾ നൽകുന്ന പിന്തുണ ഈ സാമൂഹ്യ ധർമ്മത്തെ തിരിച്ചറിഞ്ഞുകൊണ്ടായിരിക്കണം.

ഇന്നത്തെ പ്രത്യേക പരിതസ്ഥിതിയിൽ മലയാളികൾക്കിടയിൽ കൂടിവരുന്ന ആത്മഹത്യാ പ്രവണതകൾക്കെതിരെ ഏതൊക്കെ രീതിയിൽ പ്രാദേശിക കൂട്ടായ്മകൾക്ക് ഇടപെടാൻ കഴിയും എന്ന് ഗൗരവപരമായി തന്നെ ചർച്ചചെയ്യേണ്ടിയിരിക്കുന്നു. നിലവിലുള്ള വലിയ വിഭാഗം കൂട്ടായാമകൾ കൂടുതൽ പ്രാധാന്യം നൽകുന്നത് നാട്ടിലെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കാണ്. പലപ്പോഴും സ്വന്തം കൂട്ടായ്മയിലെ അംഗങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങളോ അവരുടെ ജീവിത പരിതസ്ഥിതിയോ ആഴത്തിൽ പഠിക്കാനോ മനസ്സിലാക്കാനോ കഴിയാതെ വരാറുണ്ട്. അതുകൊണ്ട് തന്നെ ദൈനംദിന ജീവിതത്തിൽ അനുഭവപ്പെടുന്ന സംഘർഷങ്ങൾ തുറന്നു പറയാനുള്ള ഒരുവേദി മാസത്തിൽ ഒരുപ്രാവശ്യം ഒരുക്കിയെടുക്കേണ്ടിയിരിക്കുന്നു. അത്തരം വേദികളിൽ മനസ്സ് തുറന്നു പറയാനുള്ള അന്തരീക്ഷം ആദ്യം തന്നെ ഒരുക്കിയെടുക്കണം. പണാധിപത്യത്തിന്റെ അടിസ്ഥാനത്തിൽ സംഘടനയുടെ തലപ്പത്ത് കയറിക്കൂടിയവരുടെ പൊങ്ങച്ച വേദിയിൽ ഇത്തരം തുറന്ന് പറച്ചിൽ സാധ്യമല്ല. അതുകൊണ്ട് തന്നെ വ്യക്തികളേയും സംഘടനകളുടെ സ്വഭാവത്തെയും തിരിച്ചറിഞ്ഞ് കൊണ്ടു വേണം നാം മനസ്സ് തുറക്കാൻ. അല്ലെങ്കിൽ കുറ്റപ്പെടുത്തൽ സഹിക്കാൻ കഴിയാതെ വീണ്ടും കടുത്ത പിരിമുറുക്കത്തിലേക്കായിരിക്കും യാത്ര. നാം പുതുതായി ആരംഭിക്കാൻ പോകുന്ന വാണിജ്യ സ്ഥാപനത്തിന്റെ സാമ്പത്തിക സ്രോതസ്സ് ഏറ്റവും അടുത്തവരോടെങ്കിലും പങ്ക് വെച്ചാൽ ചില തെറ്റായ വഴികൾ തുടക്കത്തിലെ തടയാൻ കഴിയൂം. പ്രവാസികളുടെ വീടുകൾ പൊങ്ങച്ച സംസ്ക്കാരത്തിന്റെ ഭാഗമായിട്ട് പതിറ്റാണ്ടുകൾ നാലോ അഞ്ചോ കഴിഞ്ഞിരിക്കുന്നു. അതുവരുത്തുന്ന സാമ്പത്തിക ബാധ്യതയും, തിരിച്ച് കിട്ടാത്ത ആ പണത്തിന്റെ മൂല്യവും ഇനിയെങ്കിലും നമുക്ക് ബോധ്യപ്പെടേണ്ടിയിരിക്കുന്നു. അത്തരം ബോധവൽക്കരണ പ്രവർത്തനങ്ങൾ ആണ് കൂട്ടായ്മകൾക്ക് അടിയന്തിരമായി നിർവ്വഹിക്കാനുള്ളത്. വരവും ചിലവും തമ്മിലിള്ള അന്തരം കടം വാങ്ങിനികത്തുമ്പോൾ ക്രെഡിറ്റ് കാർഡും, പലിശ വാങ്ങലും ആശ്വാസം തന്നെയാണ്. പക്ഷെ, ചില വഴിക്കുന്ന പണം എന്തിനുവേണ്ടിയാണെന്ന് പലപ്പോഴും മറന്നുപോകുന്നു. ഈ മറവി ഓർമ്മയിലേക്ക് ഉണർത്താൻ കൂട്ടായ്മകൾക്ക് കഴിയണം. ഈ ഓർമ്മപെടുത്തൽ ഉറ്റസുഹൃത്തുക്കളായാലും ആത്മഹത്യാ വാർത്തയിലൂടെ ആവരുത്.

പലപ്പോഴും പ്രശ്നങ്ങൾ അതിരൂക്ഷമാകുമ്പോൾ ആണ് പുറംലോകം അറിയുന്നത്. അത്തരം ഘട്ടത്തിൽ ഇടപെട്ട് എന്തെങ്കിലും ചെയ്യാൻ കഴിയാതെ വരിക സ്വാഭാവികമാണ്. അത്തരം ഘട്ടത്തിൽ അവരെ കൗൺസിലിങ്ങിനു വിധേയമാക്കി മാനസിക ധൈര്യവും പിന്തുണയും നൽകാനുള്ള കടമ നമുക്കുണ്ട്. സാമ്പത്തികേതര പ്രശ്നപരിഹാരങ്ങൾ നിർവ്വഹിക്കാൻ ഏറ്റവും സാധ്യതയുള്ള മേഖലയാണ് പ്രാദേശിക കൂട്ടായ്മകളുടേത്. ഒരു പ്രശ്നത്തിൽ ഇടപെടുക എന്നതാണ് പ്രശ്നബാധിതർക്ക് നൽകാൻ കഴിയുന്ന ആദ്യത്തെ ആശ്വാസം. നാട്ടിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന കുടുംബ പ്രശ്നങ്ങളിൽ ഇവിടെ നിന്നുകൊണ്ടുതന്നെ ഇടപെടാൻ കഴിയണം. അതിനായി പൗരപ്രമുഖർക്ക് ഇവിടുത്തെ ജീവിത പരിതസ്ഥിതിയെ ബോധ്യപ്പെടുത്തികൊടുക്കാൻ നമുക്ക് കഴിയണം. പലപ്പോഴും കൊച്ചു കൊച്ചു പ്രശ്നങ്ങൾ പർവ്വതീകരിച്ച് പ്രവാസികളിൽ എത്തുമ്പോൾ അത് ഭീകരമായ അവസ്ഥയായി മാറുന്നു. നൂറുകണക്കിനു ജനങ്ങൾ സ്വന്തപ്പെട്ടവരെകുറിച്ച് പറയുന്ന കാര്യങ്ങൾ എത്തിപ്പെടുന്നത് ഒരൊറ്റ വ്യക്തിയിലാണെന്ന് പറയുന്നവർ ഓർക്കാറില്ല. കൺമുമ്പിൽ കാണാത്തതും, നേരിട്ട് കേൾക്കാത്തതുമായ കാര്യങ്ങൾ നമ്മുടെ ചിന്തയ്ക്കും ബോധത്തിനും പുറത്ത് നിർത്താൻ പ്രവാസികൾ തയ്യാറാകണം. അവർക്ക് അതിനു കഴിയാതെ വരുമ്പോൾ കൂട്ടായ്മകൾ ആണ് ആ ദൗത്യം നിറവേറ്റേണ്ടത്.

അതിവിശാലമായ നമ്മുടെ സ്വപ്നഭൂമിയിൽ ആഗ്രഹങ്ങൾ അനുനിമിഷം വളർന്നു വലുതാകുമ്പോൾ സ്വന്തം ജീവിതത്തിലേക്ക് നോക്കാൻ പലപ്പോഴും മറന്നുപോകുന്നു. എന്തിനാണ് രക്ഷിതാക്കളേയും, ഭാര്യയേയും മക്കളേയും തനിച്ചാക്കി നാം പച്ചപ്പാർന്ന മണ്ണിൽ നിന്നും യാത്ര പുറപ്പെട്ടത്. സ്വയം സമ്പന്നനാകാൻ കഴിയാതെ കുടുംബത്തെ സമ്പന്നതയിലേക്ക് നയിക്കാൻ വിധിക്കപ്പെട്ട നാം അവരുടെ സ്വപ്നങ്ങൾക്ക് ചിതയൊരുക്കി ഭീരുവായി മാറുമ്പോൾ മരണാനന്തര സുഖം മരണത്തിനു കീഴ്പ്പെടുത്തുന്നവനുമാത്രമാണെന്ന് ഓർത്തിരിക്കണം. ദൈവത്തിന്റെ സാന്നിദ്ധ്യം ശോഭിക്കുന്ന ഈ മണ്ണിൽ കളങ്കിതമരണം ഒരിക്കലും നടക്കാൻ പാടില്ല. എത്രതന്നെ പ്രയാസങ്ങൾ ഉണ്ടെങ്കിലും എല്ലാം തുറന്നു പറയാൻ കഴിയുന്ന മനസ്സിനെയാണ് ആദ്യം വളർത്തിയെടുക്കേണ്ടത്. അത്തരം മനസ്സുകൾക്ക് ആശ്വാസം നൽകാൻ യു. എ. ഇ. യിലെ കൂട്ടായ്മകൾ അതിന്റെ വാതിലുകൾ സദാ തുറന്നിട്ടിരിക്കണം.





# മറയുന്ന മലയാൺമ

ഷിജി സണ്ണി



പണ്ട് ....പണ്ടെന്നുപറഞ്ഞാൽ വളരെപ്പണ്ടൊന്നുമല്ല ഏതാണ്ട് പത്തുമുപ്പത്തഞ്ച് വർഷം മുമ്പുള്ള കാര്യങ്ങളാണ്.

അന്നൊക്കെ കൊണ്ടൽ കൃഷിയുടെ വിളവെടുപ്പെക്കൊക്കഴിഞ്ഞ് മത്തനും, വെള്ളരിയും കുമ്പളങ്ങയുമൊക്കെ പറിച്ചു മുറ്റത്തങ്ങനെ കുന്നുകൂട്ടും. ഒപ്പം വരിക്കപ്ലാവിന്റെ പൊന്നിൻ നിറമുള്ള ചക്കയും മാനംമുട്ടെ നിൽക്കണ നാട്ടുമാവിൽ നിന്നും പറിച്ച പുളിയൻ മാങ്ങയും വാഴക്കുലയും ഒക്കെയുണ്ടാവും. പിറ്റേന്ന് നേരം പരപാരാന്ന് വെളുത്തുവരുമ്പോഴേക്കും. കൊച്ചാപ്പിച്ചേട്ടന്റെ കാളവണ്ടി കട കട ശബ്ദത്തോടെ വീട്ടുപടിക്ക് വന്നു നില്ക്കും. അപ്പനും അപ്പൂപ്പനും ഞങ്ങൾ പിള്ളേരെല്ലാവരും കൂടി തലേന്ന് മുറ്റത്തു കൂടിയ വിളകളെല്ലാം കാളവണ്ടിൽ കയറ്റും.

പിന്നെ കാളവണ്ടി പെരുമ്പാവൂർ ചന്തയിലേക്ക് വച്ചുപിടിക്കും. കൂടെ വെള്ള ഒറ്റമുണ്ടുടുത്ത് നീലം മുക്കി വെളുപ്പിച്ച രണ്ടാംമുണ്ടും തോളത്തിട്ട് അപ്പൂപ്പനും നട....... നട. വെക്കം ചന്തയിലെത്താം എന്നാലെ വണ്ടിയിലുള്ള ചരക്കൊക്കെ ചന്ത തീരും മുമ്പ് വിറ്റുതീർക്കാൻ പറ്റൂ.. അന്നൊക്കെ ആഴ്ചചന്തയാണ്. ഗ്രാമപ്രദേശങ്ങളിലെ വാണിഭക്കാർ ഒരാഴ്ചത്തെ കച്ചവടത്തിനുള്ള ചരക്കുകൾ നേരിട്ടു വാങ്ങാൻ വരുന്ന ദിവസമാണ്. കൃഷിക്കാരും അവരുടെ കാർഷീകോല്പന്നങ്ങളുമായി ചന്തയിലെത്തും. അന്തിയാവുന്നതുവരെ കച്ചോടം പൊടിപൊടിക്കും.

രാത്രിയാവുമ്പോഴോക്കും ഞങ്ങൾ പിള്ളേര് പടിപ്പുരയിൽ പോയി അപ്പൂപ്പന്റെ വരവും കാത്തിരിക്കും. മടിനിറയെ കാശും വയറുനിറയെ അന്തിക്കള്ളുമായി അപ്പൂപ്പൻ പാനപ്പാട്ടും പാടി കയ്യിലൊരു കൊന്നപ്പത്തലും പിടിച്ച് ആടിയാടി കേറിവരും. ഇറയത്തിന്റെ തുമ്പത്ത് മുറ്റത്തേക്ക് കാലിട്ട് ചെരിഞ്ഞിരുന്ന് കയ്യിലുള്ള കടലാസുപൊതി പതുക്കെയഴിച്ച് അതിൽ നിന്നും അരിമുറുക്കും എള്ളുണ്ടയുമൊക്കെ ആദ്യം ഞങ്ങൾ പിള്ളേർക്ക്, പിന്നെ അമ്മൂമ്മയ്ക്ക്, അപ്പന് അമ്മക്ക് അങ്ങനെ എല്ലാവർക്കും വീതം വച്ചു കൊടുക്കും. പിന്നെ ചന്തക്ക് പോയ വിശേഷങ്ങളാണ്. എത്ര കണ്ടി ചരക്ക് വിറ്റു തുടങ്ങിയ കാര്യവിവരങ്ങൾ ഞങ്ങൾ കേട്ടിരിക്കും.

ഇതു പറഞ്ഞപ്പഴാ ഞാനോർത്തത്. ഈ അളവുകളും തൂക്കങ്ങളും ആർക്കെങ്കിലും അറിയാമോ ആവോ. അന്നൊക്കെ അളവുകളും തൂക്കങ്ങളും നമ്മുടെ സമ്പ്രദായമനുസരിച്ചായിരുന്നു. മലയാളിക്ക് സ്വന്തമായ അളവു തൂക്കങ്ങൾ ഉണ്ടാക്കിയിരുന്നു.

നാലുകുന്നിക്കുരുവിന്റെ തൂക്കം - ഒരു പണമിട, 12 പണമിടചേർന്നാൽ ഒരു കഴഞ്ച്, 21 കഴഞ്ച് ചേർന്നാൽ ഒരു പലം, 100 പലം കൂടിയത് ഒരു തുലാം, 28 തുലാം ചേർന്നാൽ ഒരു കണ്ടി എന്നിങ്ങനെ പോവുന്നു. ധാന്യങ്ങളും മറ്റും അന്നൊക്കെ അളന്നാണ് കൈമാറ്റം ചെയ്യപ്പെട്ടിരുന്നത്. പറ, ഇടങ്ങഴി, നാഴി തുടങ്ങിയ അളവുപകരണങ്ങൾ ഇന്ന് മലയാളിയുടെ സ്വീകരണമുറിയിൽ നിന്നുപോലും അപ്രത്യക്ഷമായിക്കഴിഞ്ഞു.

എന്റെ കുട്ടിക്കാലത്തെ നസ്രാണി കല്ല്യാണങ്ങൾക്ക് ഇന്നത്തേപ്പോലെ തമിഴ്നാട്ടീന്ന് വരണ കോഴിയൊന്നുമല്ല കൂട്ടാൻ വച്ചിരുന്നത്. നാട്ടിലുള്ള എല്ലാവീടുകളിൽ നിന്നും കോഴിയെക്കൊണ്ടുവന്ന് വെള്ളികോലിൽ തൂക്കി വെള്ളക്കടലാസിൽ ഇത്ര പലം, ഇത്ര റാത്തൽ എന്നിങ്ങനെ കുറിക്കും.

പറഞ്ഞുവന്നത്.....ഇന്നിപ്പോൾ വന്ന് വന്ന് നമ്മുടെ പഴമകളൊക്കെ നമുക്ക് നഷ്ടമായിരിക്കുന്നു. അതോ നഷ്ടപ്പെടുത്തിയതോ? സ്വയം പര്യാപ്തമായിരുന്ന ഗ്രാമങ്ങൾ ഇന്നെവിടെ? ഒരു സമൂഹത്തിന്റെ മുഴുവൻ ആവശ്യങ്ങളും ചുറ്റുവട്ടത്തു നിന്നും നിവൃത്തിച്ചിരുന്ന കാലമിനിയില്ലാത്തവിധം വിസ്മൃതിയിൽ ആണ്ടുപോയി.



കൊട്ട, മുറം, പനമ്പ്, ചിരട്ടക്കൈല്, പാളത്തൊപ്പി, തൊപ്പിക്കുട, റാന്തൽ വിളക്ക്, ഒറ്റാൽ തുടങ്ങി പ്രകൃതിയിൽ നിന്നും കിട്ടുന്ന പ്രകൃതിയെ മലിനപ്പെടുത്താത്ത, നാടിനെ ചവറ്റുകൂനയാക്കാത്ത, ഒരു കാർഷിക സംസ്കൃതിയുടെ അടയാളമായിരുന്നു. വീട്ടുപകരണങ്ങളൊക്കെ ഇന്ന് പുസ്തക താളുകളിൽ പോലും അന്യമാവുകയാണ്.

കാലം മാറുകയാണ്...ഒപ്പം രീതികളും സംസ്കാരവും മാറുകയാണ്. തലമുറകളുടെ വിടവെന്ന് പറഞ്ഞ് ആശ്വസിക്കാൻ ശ്രമിക്കുമ്പോഴും സംശയം ബാക്കിയാവുന്നു. ഈ മാറ്റങ്ങൾ നല്ലതിനു തന്നെയോ?









# Insighters

## Insighters

*Insurance experts of emerging markets*

*ACICO BUSINESS PARK, PO BOX 93469, #306, 3RD FLOOR, PORT SAEED, DUBAI, UAE*
*TEL: +971 4 2369948 FAX: +971 4 2369940 WEBSITE: www.insighters.com*

**PERSONAL INSURANCES**

Motor
Individual/ Family Medical
Home Umbrella
Travel Insurance
Golfers Cover
Pleasure Craft (Yacht)
Pleasure Craft (Yacht)
UAE Visa Medical
Life Insurance
Investments
Pension / Retirement Solutions
Education/ Marriage Solutions
Critical Illness

**EMPLOYEE BENEFITS**

Group Medical
Group Life
Group Personal Accident

**MISCELLANEOUS**

Workmen's Compensation
Employers Liability
Motor Insurance
Motor Fleet
Fire & Allied Perils
Electronic Equipments
Fidelity Guarantee
Marine Cargo
Land Transit

**SPECIAL PACKAGES**

Office cover
Hotels & Restaurants
Hauliers Cargo Liability Insurance
Medical Malpractices

**CORPORATE SOLUTIONS**

Property All Risk
Fidelity Guarantee
Credit Insurance
Motor Fleet
Marine Cargo Open Cover
Land Transit
Marine Hull
Aviation
Contractor's All Risk
Contractors Plant & Equipment

Insighters
Insurance experts of emerging markets

**COMMERCIAL INSURANCE**
Group Medical & Life | Property | Marine | Credit Insurance | SME / FZ Packages | Motor Fleet

**PERSONAL INSURANCE**
Education | Retirement | Protection | Critical Illness | Motor | Medical

T: +9714 2369948 F: +9714 2369940 E: response@insighters.com |306, ACICO Business Park, Sheikh Rashid Rd, Port Saeed, Deira, PO BOX 93469, Dubai, UAE
For Online Payments through Debit or Credit Card log on to www.insighters.com



# നേർക്കാഴ്ചകൾ



രജിത് മാധവൻ

"അനേകലക്ഷങ്ങൾ പട്ടിണിയിലും അജ്ഞതയിലും ആണ്ടുകിടക്കുന്നിടത്തോളം കാലം അവരുടെ ചിലവിൽ അഭ്യസ്തവിദ്യനായിട്ടും അവർക്ക് വേണ്ട ഒരു കാര്യവും ചെയ്യാത്ത ഓരോ വ്യക്തിയേയും ജനദ്രോഹിയെന്നു ഞാൻ മുദ്രകുത്തും." സ്വാമി വിവേകാനന്ദയുടെ പ്രശസ്തമായ വാക്കുകളാണിത്. എന്തുകൊണ്ടാണ് ഈ ലോകം അസമത്വവും ആത്മസംഘർഷങ്ങൾ നിറഞ്ഞ തും മാത്രമായി രൂപാന്തരപ്പെട്ടത്, 2012 – ൽ ലോകമവസാനിക്കുമെന്ന് പറഞ്ഞതായി കരുതുന്ന മായൻ സംസ്കാരം കാരണമാണൊ? അതോ സ്വാർത്ഥമതിയായ ഈ ലോകത്തിന്റെ സർവ്വനാശം സുവർണ്ണ ലിപികളിൽ ആലേഖനം ചെയ്തിരിക്കുന്ന പുരാണങ്ങൾ കാരണമാണൊ? അതോ നമ്മൾ ആരാധിക്കുന്ന ദൈവങ്ങൾ കാരണമൊ? ഈ ചോദ്യങ്ങളുടെ ഉത്തരം നമ്മുടെ അവബോധമനസ്സിൽ ഘനീഭവിച്ചു കിടക്കുന്നുവെന്നതാണ് സത്യം.

ദൈവങ്ങളുടേയും രക്തസാക്ഷികളുടേയും സിന്ദാബാദുകളുടേയും നോക്കുകൂലിയുടേയും വർഷത്തിലൊരിക്കൽ മാത്രം ആരാധിക്കപ്പെടുന്ന പ്രവാസികളുടെ നാടായ കേരളത്തിന്റെ നേർക്കാഴ്ചകളാണ് എന്റെ മനസ്സിൽ ഓടിയെത്തുന്നത്. സമകാലിക രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പേരിൽ തമ്മിൽ കലഹിച്ച് വെട്ടുകത്തിക്ക് ഇരയാകുന്നവരെ രക്തസാക്ഷികളായിആദരിക്കുന്ന നാടാണ് നമ്മുടേത്. രാഷ്ട്രീയ വാദികളും രാഷ്ട്രവാദികളും തമ്മിലുള്ള അജഗജാന്തരവ്യത്യാസം മനസ്സിലാക്കാതെ പകപോക്കലിന്റേയും കുതിരക്ക ച്ചവട ത്തിന്റേയും രാഷ്ട്രീയത്തെ ആദരിക്കുന്ന നമ്മുടെ പ്രബുദ്ധ തയെക്കുറിച്ചോർത്ത് നാം ലജ്ജിക്കേണ്ടി യിരിക്കുന്നു. നിരാലംബരായ വിധവകളുടേയും 'രക്തസാക്ഷി' ആയ അച്ഛൻ നഷ്ടപ്പെട്ട കുരുന്നു കളുടേയും ജീവിതം നമ്മൾ പ്രബുദ്ധരായ കേരളീയർക്ക് വെറും നാലു കാശിന്റെ ദിനപത്രത്തിന്റെ വിലയ്ക്കു തുല്യം.

ഏകദേശം രണ്ടു ദശാബ്ദക്കാലം മുമ്പ് വരെ, കെട്ടു പിണഞ്ഞു കിടക്കുന്ന നെൽപ്പാടങ്ങൾ നമുക്കുണ്ടായിരുന്നു. സ്വർണ്ണവർണ്ണമണിഞ്ഞ നെൽ ക്കതിരുകളെ സ്വന്തം കുഞ്ഞുങ്ങളെപ്പോലെ താലോ ലിച്ചു പരിപാലിച്ച കർഷകൻ നമുക്കിടയിലു ണ്ടായിരുന്നു. നമ്മുടെ കുഞ്ഞുങ്ങൾ ഇന്നുറക്കമുണ രുന്നത് സ്വർണ്ണ വർണ്ണമണിഞ്ഞ നെൽക്കതിരുകൾ കണ്ടിട്ടല്ല. മറിച്ച് പഴംപെരുമയുടെ പൊയ്മുഖങ്ങൾ കണ്ടുകൊണ്ടാണ്.

പാടത്തെ മുട്ടോളം വരുന്ന ചെളിവെള്ളം നമ്മുടെ കിണറുകളെ ജല സമൃദ്ധമാക്കിയിരുന്നു. ഇന്നിതാ പാടങ്ങൾ വിണ്ടുകീറുകയും നമ്മുടെ ജലസംഭരണികൾ നാൾക്കുനാൾ വറ്റി വരണ്ടു കൊണ്ടേയിരിക്കുന്നു. ചിലർ അതിനെ മണ്ണിട്ടുമൂടി റിയൽ എസ്റ്റേറ്റ് എന്ന പേരിൽ കൊള്ളലാഭം കൊയ്യുന്നു. അതേ ആളുകൾ മുല്ലപ്പെരിയാർ ഡാമിന്റെ പേരിൽ സമരകാഹളം മുഴുക്കുന്നു. മുല്ലപ്പെരിയാർ ഡാമിന്റെ പേരിൽ ദേശസ്നേഹം നടിക്കുന്നവരും അവർക്കുവേണ്ടി ചെണ്ടമേളം നടത്തുന്നവരും ഒരു കാര്യം മാത്രം ഓർത്താൽ നന്നായിരിക്കും. ഇത് ഇന്നലെ പൊടുന്നനെ ഉരുത്തിരിഞ്ഞ ഒരു പ്രതിഭാസമൊന്നുമല്ല. കഴിഞ്ഞ മൂന്നു ദശാബ്ദക്കാലമായി മുല്ലപ്പെരിയാർ ഡാം ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു! ഇന്നിപ്പോൾ മലയാളിയുടെ ഈ കൂത്താട്ടം കണ്ടിട്ട് തമിഴന് ചിരി വരുന്നുണ്ടാകും. കഴിഞ്ഞ മുപ്പതു വർഷത്തോളം നിയമസഭയിലിരുന്ന് ജനങ്ങളെ നോക്കി കൊഞ്ഞനം കാണിക്കുകയും കവല പ്രസംഗങ്ങളിൽ വാതോരാതെ വിഴുപ്പുകൾ വിസർജ്ജിക്കുകയും മാത്രം ചെയ്യുന്ന കേരള ത്തിന്റെ സ്വന്തം നേതാക്കൻമാരോട് എനിക്കു പറയുവാനുള്ളത് നമ്മൾ വസിക്കുന്ന ഈ ഭൂമിക്ക് നേതാക്കൻമാരെന്നൊ, വലിയവനെന്നൊ ചെറിയ വനെന്നൊ ഉള്ള വ്യത്യാസമില്ല. നമ്മെ നടുക്കിയ പ്രകൃതി ക്ഷോഭങ്ങളും കൂണുകൾപോലെ മുളച്ചു പൊന്തുന്ന പകർച്ചവ്യാധികളും അതിരൂക്ഷമായ കുടിവെള്ള ക്ഷാമവുമൊക്കെ തെളിയിച്ച കാര്യമാണത്.

പ്രതിസന്ധികളിൽ ജീവിതത്തിനു മുന്നിൽ പകച്ചു നിന്നു പോകുന്ന യുവത്വങ്ങളാണ് ഇന്ന് നമുക്കുചുറ്റും. അടിയന്തിരഘട്ടങ്ങളിൽ സമചിത്തതയോടു കൂടി പ്രവർത്തിക്കുന്നതിനു പകരം അവരിൽ ചിലർ ഒന്നുകിൽ സ്വയം ജീവനൊടുക്കുകയൊ ചെയ്യുന്നു അല്ലെങ്കിൽ ഇരുമ്പഴി കൾക്കുള്ളിൽ എത്തി പ്പെടുകയൊ ടി.വി സീരിയലുകളുടെ അടിമകളായിമാറിയ വീട്ടമ്മമാർ, ആജീവനത്തിന്റെ അടിയൊഴുക്കിൽ ജീവിക്കുവാൻ മറന്നുപോയ മാതാപിതാക്കൾ, ബാല്യകാലത്തിന്റെ സൗകര്യത യറിയാത്ത കുഞ്ഞുങ്ങൾ മുന്നോ രണ്ടോ വർഷം കൂടുമ്പോൾ മാത്രം സ്വന്തം കുഞ്ഞുങ്ങളെ കാണാൻ

ഓടിയെത്തുന്ന ഹതഭാഗ്യരായ പ്രവാസി പിതാക്കൻമാർ......അങ്ങിനെ കാരണങ്ങൾ നിരവധി.

എന്റെ മകന്റെ ചോറൂട്ടിനായി ഞാനും എന്റെ കുടുംബവും ഗുരുവായൂരമ്പലത്തിലെത്തിയ ദിവസം, ചടങ്ങുകൾ കഴിഞ്ഞ് തിരികെ മടങ്ങുവാൻ നേരം ഞങ്ങൾ താമസിച്ചിരുന്ന ലോഡ്ജിനുമുന്നിൽ നിന്ന് ഒരു പയ്യൻ തൊട്ടരികിൽ നിന്ന സ്ത്രീയുടെ ആകാരഭംഗി മൊബൈൽ ക്യാമറയിൽ പകർത്തുന്നതു കണ്ടു. ഞാൻ ശ്രദ്ധിക്കുന്നുവെന്ന് തോന്നിയതു കൊണ്ടാവാം മറ്റാരോടൊ ഫോണിൽ സംസാരിക്കുന്നതു നടിച്ച് അവൻ പരുങ്ങിനിന്നു. സംശയം തോന്നിയ ഞാൻ അവന്റെ കയ്യിലിരുന്ന മൊബൈൽ ഫോൺ ബലമായി പിടിച്ചു വാങ്ങിനോക്കിയപ്പോൾ കണ്ടത് അതിനുള്ളിൽ ആ സ്ത്രീയുടെ മാത്രമല്ല മറ്റു പല സ്ത്രീകളുടേയും വീഡിയോ ചിത്രങ്ങളാണ്. പോലീസിനെ വിളിക്കുമെന്ന് ഭയപ്പെടുത്തിയപ്പോൾ അവൻ കരയാൻ തുടങ്ങി. ചോദ്യം ചെയ്യൽ തുടർന്നപ്പോൾ എന്റെ മുന്നിൽ അവൻ കൈ കൂപ്പി നിന്നു.

ഇങ്ങനെയൊരു കൃത്യം ചെയ്യുവാൻ പതിനാറുവയസ്സുകാരനായ ആ പ്ലസ് ടൂ വിദ്യാർത്ഥിയെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്താകാം? ഈ സംഭവത്തിനു മുമ്പും അതിനുശേഷവും ഇങ്ങനെ നിരവധി സംഭവങ്ങൾ നമ്മുടെ നാട്ടിൽ നടന്നിട്ടുണ്ട്. ഹൈസ്കൂൾ വിദ്യാർത്ഥിയായ പയ്യൻ അയൽപ ക്കത്തുള്ള നാലുവയസ്സുകാരിയെ ലൈംഗിക പീഡന ത്തിനിരയാക്കി കൊലചെയ്തതും, പെൻഷൻ പ്രായം തികഞ്ഞ അദ്ധ്യാപകൻ തങ്ങളുടെ വിദ്യാർ ത്ഥികളെ ലൈംഗിക ചൂഷണത്തിനിരയാക്കിയതും, ലൈംഗിക ബന്ധം മൊബൈൽ ഫോണിൽ പകർത്തി കാമുകൻ പരസ്യമാക്കിയതിന് പെൺകുട്ടികൾ ആത്മഹത്യ ചെയ്തതും, സിനിമാ – സീരിയൽ അഭിനയത്തിന്റെ മറവിൽ ലൈംഗീക ചൂഷണത്തിനിരയായ എത്രയോ പെൺകുട്ടികൾ, പോക്കറ്റ് മണിക്കുവേണ്ടി 'ക്വട്ടേഷൻ' സംഘങ്ങളിൽ ചേർന്ന് നമ്മുടെയൊക്കെ തലക്കും കൈകാലുകൾക്കും വില നിശ്ചയിക്കുന്ന എൻജിനീയറിങ് – മെഡിക്കൽ വിദ്യാർത്ഥികൾ....... എന്താണ് നമ്മുടെ സമൂഹത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്നത്?


നമ്മുടെ സാമൂഹ്യ വ്യവസ്ഥിതി നമ്മോടു നീതി പുലർത്താത്തതുകൊണ്ടാണോ? അങ്ങിനെയെങ്കിൽ പഴയ തലമുറക്കാരിൽ പലരും പറമ്പിലെ നിലാവിന്റെയും തെരുവുവിളക്കിന്റെയും വെളിച്ചത്തിരുന്ന് പഠിച്ച് ശാസ്ത്രലോകം കാൽച്ചുവട്ടിലാക്കിയിട്ടില്ലെ? ചന്ദ്രഗ്രഹത്തിന്റെ വാതിൽക്കലോളം ഭാരതത്തെ കൊണ്ടെത്തിച്ച ശാസ്ത്രജ്ഞരിൽ പലരും കഠിനമായ ജീവിതസാഹചര്യങ്ങളെ തരണം ചെയ്ത് മുന്നേറിയവരാണ്. അപ്പോൾ പിന്നെ ആരാണ് ഈ സാമൂഹിക വിപത്തുകളുടെ ഉത്തരവാദികൾ? കയ്യിൽ ലക്ഷങ്ങൾ വച്ച് 'ഫോർ ദ സേക്ക്' എന്ന് വിദ്യാഭ്യാസത്തെ വിശേഷിപ്പിക്കുകയും വിലയ്ക്കു വാങ്ങുകയും ചെയ്യുന്ന മാതാപിതാക്കളോ? നൊന്തു പ്രസവിക്കുന്നത് ആക്ഷേപവും വെറുപ്പു മായി കരുതുന്ന മോഡൽ യുവതികളും അവരെ കീറിമുറിക്കുവാൻ ഓപ്പറേഷൻ തീയറ്ററുകളിലേക്ക് തള്ളിവിടുന്ന സാമ്പത്തിക വിദഗ്ധരായ ഗൈനക്കോളജിസ്റ്റുകളോ? മദ്യനയം കേരളത്തിന്റെ ജന്മാവകാശമായി കൊണ്ടുനടക്കുന്ന ലക്കുകെട്ട സർക്കാരുകളോ? അതോ രാഷ്ട്രീയ ദല്ലാളൻമാരുടെ മഹാസഭകൾക്കു മുന്നിലിരുന്ന് അവൻ വിസർജ്ജിക്കുന്ന തെന്തും തലയിലേക്കു തിരുകി കൈയ്യടിച്ച് പ്രോത്സാഹിപ്പിക്കുന്ന നൂറുശതമാനം സാക്ഷരരായ മലയാളികളോ? ടി.വി സീരിയലുകളുടെ കാലികമായി ലോകത്തേക്കു മാത്രം ഉറ്റുനോക്കിയിരിക്കുന്ന വീട്ടമ്മമാരാണോ കുറ്റക്കാർ? അത് അവരുടെ മൗലികാവകാശമാണെന്നു കരുതി ഒതുങ്ങികൂടുന്ന പൗരുഷ പ്രതീകങ്ങളോണോ കുറ്റക്കാർ?

അതോ വായനാശീലം നഷ്ടപ്പെട്ട ഇന്നത്തെ തലമുറയോ? ദൈവത്തിന്റെ സ്വന്തം നാട്ടിൽ അസ്തിത്വം തേടി അലയുന്ന യുവജനങ്ങളോ, നമ്മുടെ കലാലയങ്ങളിൽ വ്യാപൃതമായി ക്കൊണ്ടിരിക്കുന്ന മയക്കുമരുന്നു ശൃംഖലകളോ, അതോ ശവമടക്കിനു മാത്രം സഹായഹസ്തവുമായി ഒത്തു ചേരുന്ന സാമുദായിക സംഘടനകളൊ?

നൂറുശതമാനം സാക്ഷരതയും രാഷ്ട്രീയ പ്രബുദ്ധതയും കൊട്ടിഘോഷിക്കുന്ന നമ്മൾ യുദ്ധക്കെടുതിയിൽ നിന്നും തുടരെ വന്നു പോകുന്ന പ്രകൃതി ക്ഷോഭങ്ങളിൽ നിന്നും ഉയിർത്തെഴുന്നേറ്റ് മഹാശക്തിയായി മാറിയ ജപ്പാനെന്ന ചെറു രാഷ്ട്രത്തെക്കുറിച്ച് ചിന്തിക്കുക. അമേരിക്കൻ സൈന്യം വിതച്ച മാരകവിഷത്തെ തോളോടുതോൾ ചേർന്ന് പോരാടി ചെറുത്തു തോൽപ്പിച്ച വിയറ്റ്നാം എന്ന ചെറു രാഷ്ട്രത്തിന്റെ ഉയർത്തെഴു ന്നേൽപ്പിനെക്കുറിച്ചു ചിന്തിച്ചു നോക്കുക. മൂന്നരക്കോടി ജനങ്ങൾ വസിക്കുന്ന ഹരിതവർണ്ണ ഫലഭൂയിഷ്ടമായ നമ്മുടെ നാടിനു പറയുവാനുള്ളത് അസമത്വത്തിന്റെയും, ഇല്ലായ്മകളുടെയും, തൊഴിൽ സമരങ്ങളു ടേയും കഥകളാണ്.

ഗ്രീക്ക് തത്വചിന്തകൻ പ്ലേറ്റോ പറഞ്ഞതു പോലെ 'ദാരിദ്ര്യവും അമിത സമ്പത്തും ഇല്ലാത്ത ഒരു ജനസമൂഹത്തിൽ മാത്രമെ സാത്വികമായ തത്വങ്ങൾ നിലനിൽക്കുകയുള്ളു.

# ആദരാഞ്ജലികൾ



## ഡോ. മുരളീ കൃഷ്ണ

സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറി മുൻ ഡയറക്ടറും കുറ്റാന്വേഷകനും ആയിരുന്ന ഡോ. മുരളീകൃഷ്ണ ഓർമ്മയായി...

നല്ലൊരു ചലചിത്രകാരനും സാഹിത്യകാരനും കൂടിയായിരുന്നു ഡോ. മുരളീകൃഷ്ണ. നമ്മുടെ അസോസിയേഷൻ സംഘടിപ്പിച്ച "മാറുന്ന മലയാളി" എന്ന ചർച്ചയിൽ മുഖ്യ പ്രഭാഷകൻ ആയി അദ്ദേഹം പങ്കെടുത്തതു എല്ലാവരും ഓർമ്മിക്കുന്നുണ്ടാവുമല്ലോ. തന്റെ സംഭാഷണ ചാതുര്യം കൊണ്ടും തുറന്ന പെരുമാറ്റംകൊണ്ടും അദ്ദേഹം അന്ന് നമുക്ക് പ്രിയങ്കരനായി. അദ്ദേഹത്തിന്റെ വിയോഗം നമുക്ക് നികത്താനാവാത്ത ഒരു നഷ്ടമാണ്.

ചരിത്രം, നാടകം, യാത്രാവിവരണം, ശാസ്ത്രം, കഥ, നോവൽ തുടങ്ങിയ മേഖലകളിൽ നിരവധി ഗ്രന്ഥങ്ങളും 25 ശാസ്ത്രഗവേഷണ പ്രബന്ധങ്ങളും പ്രസിദ്ധീകരിച്ചു. 1983-ൽ ഏറ്റവും നല്ല നോവലിനുള്ള (വലയം) ടാഗോർ അവാർഡും 1992-ൽ ഏറ്റവും നല്ല ടെലീസീരിയൽ (വേട്ട) സംവിധാനത്തിനുള്ള ആദ്യത്തെ പത്മരാജൻ പുരസ്ക്കാരവും നേടി. 'മരണത്തിനപ്പുറം ജീവിതമുണ്ടോ?' എന്നത് ഡോ. മുരളീകൃഷ്ണയുടെ വളരെ പ്രശസ്തമായ പുസ്തകമാണ്. മരണത്തിനപ്പുറം ജീവിതമുണ്ടെന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ ഉറപ്പിക്കാൻ ഡോ. മുരളീകൃഷ്ണ ശ്രമിച്ചു. അദ്ദേഹം അങ്ങനെ വിശ്വസിച്ചു. അതിനാലാകണം താൻ മരിച്ചാൽ മരണാനന്തര ചടങ്ങുകൾ നടത്തരുതെന്ന് അദ്ദേഹം നേരത്തെ തന്നെ പറഞ്ഞുവച്ചത്. മരണത്തിനപ്പുറവും ജീവിതമുണ്ടെന്ന് വിശ്വസിച്ച ഡോ. മുരളീ കൃഷ്ണ തിരികെ വരുമോ? .....

മരണം ഒരു അവസാനമാണോ?

അതോ ആരംഭമോ?




പുഷ്പ വിനോദ്

AYUR CARE
AYURVEDIC WELLNESS CENTER

# Rediscover the Power of AYURVEDA

HOT OFFERS





## Traditional Ayurvedic Treatments

- Relaxation therapies
- Rejuvenation therapies
- Slimming therapies
- De-stress therapies
- Post natal healthcare
- Eye care Treatments
- Herbal beauty enhancing therapies
- Treatments for spondylosis & Arthritis

All treatments are consulted and supervised by specialist doctors




*For Appointment & Consultations, Contact :*

Suit no 112, Ist Floor New UAE Exchange Bldg, Next to Dubai Residential Oasis Bldg., Damascus Street, Al Qusais

**Tel. : 04 2809417, 056 1448993, Fax : 04 2809418, P.O.Box : 234280, Dubai, U.A.E.**


E-mail : info@ayurcare.ae, Web : www.ayurcare.ae

# ഒരു മഹാപ്രയാണത്തിന്.....

**തയ്യാറെടുക്കുന്ന വണ്ണം അൻറിയ അതിന്റെ ദൗത്യവും**
**കാഴ്ചപ്പാടുകളും കൃത്യതയോടും വ്യക്തതയോടും അവതരിപ്പിച്ചു കഴിഞ്ഞു.**



തുടക്കം തന്നെ മലയാളിയുടെ മാറുന്ന കാഴ്ചപ്പാടുകളെക്കുറിച്ചു ചർച്ചചെയ്തും വിശകലനം ചെയ്തും മാറുന്ന മലയാളിയെന്ന സിംപോസിയം




ഭാവി സുരക്ഷിതത്വത്തിന്റേയും സമ്പാദ്യശീലത്തിന്റെയും ഉത്തരവാദിത്വ ബോധത്തിന്റെയും ശീലുകൾ പകർന്നു നല്കികൊണ്ട് ഒരു സമ്പാദ്യശീലചർച്ച




മത സൗഹാർദ്ദത്തിന്റെയും സാമൂഹ്യപ്രതിബദ്ധതയുടെയും പ്രതിഫലനമായി റംസാൻ പുണ്യമാസത്തിൽ നോമ്പിന്റെ വ്രതശുദ്ധി ഉൾക്കൊണ്ട് അർഹരായ ആയിരങ്ങൾക്ക് ഇഫ്താർ വിരുന്ന്



നൂതന സാങ്കേതികതയുടെ പുത്തൻമുഖമായി അൻറിയ വെബ്സൈറ്റ് പുത്തൻ രൂപത്തിലും ഭാവത്തിലും തൊഴിലന്വേഷകർക്കും ജോലിമാറ്റം കാംക്ഷിക്കുന്നവർക്കും താങ്ങും തണലുമേകിക്കൊണ്ട് സജീവമായ ജോബ്സെൽ.




പ്രാരംഭഘട്ടത്തിലേ തുടങ്ങിവച്ച വിവിധ കാരുണ്യ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് വ്യക്തമായ ഒരു ആശയത്തിൻ കീഴിൽകൊണ്ടുവന്ന് കാരുണ്യ പ്രവർത്തനങ്ങളെ ഊർജിതമാക്കുന്നു - ANRIA CARE




കുരുന്നു മനസ്സുകളെ തലോടികൊണ്ടും കുരുന്നു ഭാവനകളെ തൊട്ടുണർത്തി കൊണ്ടും കുട്ടികൾക്കായൊരു കളിയരങ്ങ് തളിര്. വളർച്ചയുടെ പടവുകളിൽ മറ്റൊരു നാഴികക്കല്ലായി അബുദാബി ചാപ്റ്റർ.




മറുനാട്ടിലെത്തിയപ്പോൾ നഷ്ടപ്പെട്ടുപ്പോയ സാംസ്കാരികത്തനിമ പുനരാവിഷ്കരിച്ചുകൊണ്ട് ഓണോത്സവം.




നാടിന്റെ നൈർമല്യമൂറുന്ന കലാരൂപങ്ങളെ അണിനിരത്തി വാദ്യമേളങ്ങൾ ഹൃദയ തുടിപ്പുകൾക്ക് താളബോധം നൽകി പൂരങ്ങളുടെയും ഉത്സവങ്ങളുടെയും നിറകാഴ്ചകളൊരുക്കിക്കൊണ്ട് സാംസാകാരിക ഘോഷയാത്ര.



തറയിൽ വരച്ചകളങ്ങളിൽ പിച്ചിയും ചെത്തിയും ജെമന്തിയും വാടമല്ലിയും തുടങ്ങിയവ വർണ്ണപൂക്കളാൽ ഒരുക്കിയ ഒട്ടനവധി വർണ്ണ പൂക്കളങ്ങൾ



നഷ്ടമായികൊണ്ടിരിക്കുന്ന വ്യക്തി ബന്ധങ്ങളെയും കൂട്ടായ്മകളേയും വീണ്ടെടുക്കാനുതകുന്ന വിനോദയാത്രകൾ, കായിക മത്സരങ്ങൾ ക്രിസ്തുമസ് ന്യൂയർ ആഘോഷങ്ങൾ.



കലാസാഹിത്യ വാസനകളെ പരിപോഷിപ്പിച്ചുകൊണ്ട് കഥ, കവിത, ലേഖനം തുടങ്ങി ഒത്തിരി വിശേഷങ്ങളുടെ ANRIA MAGAZIN

HIGH STAR CONTRACTING (L.L.C)
TEL.: 04-2668890, FAX: 04-2629246
e-mail : highstar@emirates.net.ae
CONTRACTING

Joyalukkas
World's favourite jeweller

The Country Vacations International
Country Vacations International, LLC.

STABLE Marine

WSG

orient
arab orient insurance company psc

പറക്കാട്ട്®
ജുവൽസ്

Akbar Travels of India Pvt. ltd

MAYOORI
TEXTILE TRADING
Tel.: Dubai : 04 3355769
Sharjah : 06 562 8588
DUBAI & SHARJAH

avatar GOLD
THRISSUR • EDAPPAL • TRICHI • DUBAI
www.myavatargold.com

Insighters

Travel
ترافل انكوربوريتد ش.ذ.م.م
Travel Incorporated L.L.C.
IATA

AYURCARE
AYURVEDIC WELLNESS CENTRE

UAEXCHANGE®
Service is our Currency

ARROW
ARROW PIPES & FITTINGS FZCO
TEL.: +9714-8832300, FAX: +9714-8832301/02,
P.O. BOX: 17574, Jebel Ali Free Zone, Dubai, U.A.E
E-MAIL: rockwell@emirates.net.ae
WEBSITE: www.arrowpipes.com

BLEND MASTERS
GOOD MORNING®
PREMIUM TEA

AHALIA EXCHANGE
Send Receive Relax

OSCAR
CULTURAL INSTITUTE
(Approved by KHDA, Govt. of Dubai)

ROMANA WATER
رومانا المياه

TEOFILA LOGISTICS LLC

MahaRani Restaurant

# അൽവിത!!!

## *Editorial Board*

***Chief Editor***
Roy Xavier
Karukutty



***Advisor***
Biju Abel Jacob
Neeleeswaram



***Board Members***

Robin Augustin
Neeleeswaram



O. P. Thomas
Kottamam



Jestine Thomas
Kodussery



T. D. Reji
Nedumbassery



തുടർപ്രയാണ പഥങ്ങൾക്കിടയിലെ ഒരു വിശ്രമ കേന്ദ്രം പോലെയാകാം ഈ കുറിപ്പ്. പ്രവർത്തന വർഷാന്ത്യം നമ്മെ തേടി വരുന്ന അക്ഷര സമാഹാരങ്ങൾ.

ഈ ശ്രേണിയുടെ മറ്റൊരു കണ്ണി യിൽ ഒരിക്കൽ കൂടി ഭാഗമാകാൻ കഴി യുന്നത് സന്തോഷകരം തന്നെയാണ്. സമയ ക്കുറവുകൾക്കിടയിലെ ഒരു സാഹസി കതയായിരുന്നു ഈ ശ്രമം.

ആൻറിയ ഈ വാർഷിക പതിപ്പ് യാഥാർത്ഥ്യമാകാൻ ഉറക്കം വേണ്ടെന്നു വെച്ച്, ഇഷ്ടങ്ങളെ മാറ്റിവെച്ച് ഒപ്പമിരുന്ന വർക്ക് നന്ദി.

കുറിപ്പുകൾ നൽകിയവരാണ് ഈ അക്ഷരക്കൂട്ടത്തെ ധന്യമാക്കിയത്. ഹൃദയ ത്തിന്റെ അകത്തളത്തിൽ ഏവർക്കുമായി ഇപ്പോൾ നിറയുന്നത് നന്ദി മാത്രം.

എഡിറ്റോറിയൽ കമ്മിറ്റി
ആൻറിയ വാർഷിക പതിപ്പ് 2012


| Design | DTP | Printed at | Courtesy |
|---|---|---|---|
| Aneesh Binu | Chirackal Angamaly | Raidy, www.raidy.com Dubai | Office Bearers of ANRIA, Sponsors, Those who contributed their creative works, Robin Joseph - Kanjirappally |

Published by Angamaly NRI Association, U.A.E.

*With Best Compliments From*

CONTRACTING

# HIGH STAR
## CONTRACTING (L.L.C)



**Tel. : 04 - 2668890, Fax : 04 - 2629246**

**E-mail : highstar@emirates.net.ae**










# Pipes Flanges Fittings Valves Gaskets Stud Bolts

## West Space International Tr. LLC

(An ISO 9001:2008 Certified Company)

GCAS

MGMT. SYS
RvA C 492

ISO 9001 : 2008 REGISTERED FIRM

Eleganza A4 ad 210x297.ai 1 10/20/11 6:39 PM

